
2011 മാർച്ച് ലക്കം 125

# ലിറ്റിൽ മാസിക

**It does not matter how slowly you go so long as you do not stop**







## സാധാരണക്കാരനും സാധാരണത്തവും

പ്രത്യേക പതിപ്പ്






എഡിറ്റോറിയൽ

# Go Slow



## അൽപദൂരം വളരെപ്പതുക്കെ...

It does not matter how slowly you go so long as you do not stop.

- Confucious


ഇന്ന് ഏറ്റവും പ്രസക്തമായ തത്വശാസ്ത്രം, അല്ലെങ്കിൽ ആദർശം എഴുതിവെച്ചിരിക്കുന്നത് നിരത്തുകളിലാണ്. Go Slow' പതുക്കെപ്പോവുക എന്നതാണത്. ഒരുപാട് പുസ്തകങ്ങൾക്ക്, പ്രഭാഷണങ്ങൾക്ക്, തത്വ ഉപദേശങ്ങൾക്ക് പകരം നിൽക്കുമത്. തൊട്ടുമുന്നിൽ അതിവേഗം കുതിച്ചുപാഞ്ഞുപോയി ഒടുവിൽ ചോരയിൽ കുതിർന്ന് നിരത്തിൽ കിടക്കുന്ന യാത്രക്കാരൻ നമുക്ക് പറഞ്ഞുതരുന്ന ജീവമന്ത്രം തന്നെയാണിത്. നമുക്ക് മുന്നേ ചീറിപ്പാഞ്ഞുപോയ പാശ്ചാത്യ നാഗരികത വഴിമുട്ടി വിറളുന്ന കാഴ്ച നമുക്ക് മുന്നിലുണ്ട്. കണ്ണും മൂക്കുമില്ലാത്ത വേഗത വിശദാംശങ്ങളെയും, സൂക്ഷ്മദൃശ്യങ്ങളെയും, വഴിയോരദൃശ്യങ്ങളെയും അവഗണിക്കുന്നു; അപകടത്തിന്റെ സൂചനകളെയും.

നമ്മുടെ പ്രമുഖനായ ഒരു രാഷ്ട്രീയനേതാവിനെക്കുറിച്ച് പറഞ്ഞിരുന്നത് എല്ലാ തീരുമാനങ്ങളും വളരെ വേഗം എടുക്കുന്നയാൾ എന്നാണ്. അദ്ദേഹത്തിന്റെ വാഹനത്തിനും ഉണ്ടായിരുന്നു ഈ അമിതവേഗത. ഈ വേഗതയിൽ കുടികൊണ്ടിരുന്ന ഹിംസ നാമറിഞ്ഞത് മരിച്ചിട്ടും മഴയത്ത് നിർത്തിയിരിക്കുന്ന കുട്ടികളുടെ മൗനനിലവിളികൾ കേട്ടപ്പോഴാണ്. അതിവേഗം, ബഹുദൂരം എന്ന മുദ്രാവാക്യവുമായി വേഗക്കാരായ നേതാക്കൾ അരങ്ങിലുള്ളപ്പോൾ സ്വസ്ഥമായിരിക്കുന്നതെങ്ങനെ?

ആമയും മുയലും തമ്മിലുള്ള ഓട്ടമത്സരത്തിൽ ആമയുടെ ജയം ദൂരം ഒന്നാമതായി താണ്ടി എന്നുമാത്രമല്ല. പാതയുടെ വക്കും, മൂലയും, ഓരോ മണൽതരിയും അറിഞ്ഞു യാത്രചെയ്തു എന്ന നിലയിലുള്ളതാണ് ആമയുടെ ശരിയായ ജയം. അതുകൊണ്ടാണ് ആമകൾക്കാണ് മുയലുകളെക്കാളും പാതകളെക്കുറിച്ച് പറയാൻ കഴിയുക എന്ന് ഖലീൽ ജിബ്രാൻ പറഞ്ഞത്.
വേഗതയുടേയും തിടുക്കത്തിന്റേയും ലോകത്ത് ആമയുടെ പക്ഷത്താണ് ലിറ്റിൽ മാസിക പ്രവർത്തകർ.

### എഡിറ്റോറിയൽ പോളിസി

സാധാരണവും ചിരപരിചിതവുമായ ജീവിത പരിസരങ്ങൾ,അനുഭവങ്ങൾ,ജീവജാലങ്ങൾ,ചെറിയ മനുഷ്യർ.... എത്ര പറഞ്ഞാലും എഴുതിയാലും തീരാത്ത സാധാരണതത്തിന്റെ കലർപ്പില്ലാത്ത അനുഭവങ്ങൾ അന്വേഷിക്കുന്നു



### ഏറ്റവും, നിസ്സാരമായ സൃഷ്ടിയെകൂടി.....

ഏറ്റവും നിസ്സാര സൃഷ്ടിയെകൂടി തന്നെപോലെ തന്നെ സ്നേഹിക്കാൻ കഴിയുന്ന ആളിനേ സാർവ്വ ലൗകികവും സർവ്വ വ്യാപിയുമായ സത്യാത്മാവിനെ മുഖാമുഖം ദർശിക്കാനാവു. അത് അഭിലഷിക്കുന്ന ഒരാൾക്ക് ജീവിതത്തിന്റെ യാതൊരു മണ്ഡലത്തിൽ നിന്നും വിട്ടുനിൽക്കാനാവില്ല.

-ഗാന്ധിജി

2011

മാർച്ച്

ലക്കം

**125**

**ലിറ്റിൽ മാസിക**

ചുങ്കത്തറ പി.ഒ., മലപ്പുറം - 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

ചീഫ് എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**

സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

കവർ ഡിസൈൻ
**ലിമ ക്രിയേറ്റീവ്**

ടൈപ്പ് സെറ്റിംഗ്
**ജസീല**

ലേഔട്ട്
**അരുൺ പുൽപ്പറ്റ & ശ്രീജേഷ്**

പ്രിന്റിംഗ്
**4പ്രിന്റ്സ്, മഞ്ചേരി**
**ഫോൺ: 04833261001**

•

**Copy left**

ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. കോപ്പിറൈറ്റ് എന്ന ആശയത്തിന് നേർ വിപരീതമാണ് കോപ്പി ലെഫ്റ്റ്. ആശയങ്ങളുടെ തടസ്സമില്ലാത്ത ഒഴുക്കാണ് കോപ്പിലെഫ്റ്റ് എന്നപ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത്.

# 18 വർഷങ്ങൾ, 125 ലക്കങ്ങൾ





പത്തൊൻപത് വർഷമായി ലിറ്റിൽ മാസികയെന്ന ചെറു പ്രസിദ്ധീകരണം തുടങ്ങിയിട്ട്. ഇൻലന്റ് മാസിക രൂപത്തിലും, എട്ടു പേജിലും ഒറ്റയാൾ പ്രവർത്തനമായി തുടങ്ങിയ ഈ പ്രസിദ്ധീകരണത്തിലേക്ക് സമാനചിന്താഗതിക്കാരായവർ വായനക്കാരായി കടന്നുവന്ന് പ്രവർത്തകരായി മാറിയതോടെ മാസികയുടെ രൂപവും ഉള്ളടക്കവും പ്രവർത്തനശൈലിയുമെല്ലാം മാറി. തനതായ സമ്പ്രദായങ്ങൾ വികസിപ്പിച്ച് കൂട്ടായ്മയുടെ പ്രസിദ്ധീകരണശൈലി സ്വീകരിക്കപ്പെടുകയും ഇന്നത്തെ മാസികാരീതിയിലേക്ക് എത്തുകയും ചെയ്തു.

125 ലക്കങ്ങൾ തികയുമ്പോൾ ഇടയ്ക്ക് വേഗത കുറഞ്ഞും കിതച്ചും നിന്നും വീണ്ടും സഞ്ചരിച്ചും ഊർജ്ജം ചോർന്നുപോകാതെ പിന്നിട്ട യാത്രകൾ നൽകിയ അനുഭവങ്ങൾ തന്നെയാണ് പ്രചോദനമാകുന്നത്.

പ്രൊഫഷണൽ രീതി ലിറ്റിൽ മാസിക ഇതുവരെ സ്വീകരിച്ചിട്ടില്ല. ഓഫീസില്ല. എഡിറ്റോറിയൽ മീറ്റിംഗില്ല. മലപ്പുറം ജില്ലയിലെ ചുങ്കത്തറ പ്രസിദ്ധീകരണത്തിന്റെ ഔദ്യോഗിക മേൽവിലാസം മാത്രം. പലയിടങ്ങളിലായി ഉപജീവനത്തിനായി വ്യത്യസ്ത ജോലികൾ ചെയ്യുന്നവരാണ് മാസികയുടെ പ്രവർത്തകർ. സ്വജീവിതം കൊണ്ട് അവരവർക്ക് പറ്റാവുന്നവിധം വിവിധ മേഖലകളിൽ തനിച്ചും കൂട്ടായും പ്രതിഫലം പറ്റാതെ സന്നദ്ധ പ്രവർത്തനങ്ങൾ നടത്തുന്നവർ. കൂട്ടത്തിൽ ഒരു പ്രവർത്തനം. ലിറ്റിൽ മാസിക.


കൂടിയിരിപ്പ് വേളകളിലെ സംഭാഷണങ്ങളിൽ നിന്നാണ് മാസികയുടെ ഉള്ളടക്കവും ശൈലിയുമെല്ലാം ഉരുത്തിരിയുക. ചിലപ്പോഴത് ടെലഫോൺ സംഭാഷണത്തിലുമാകാം.

എല്ലാവരും എഴുതുന്നു. എഴുതിയത് കൈമാറുന്നു. പ്രസ്സുകൾ ഇടയ്ക്ക് മാറിക്കൊണ്ടിരിക്കുന്നു. എവിടെയാണോ ടൈപ്പ് ചെയ്യുന്നത് അവിടേക്ക് മാറ്റർ എത്തിക്കുന്നു. ചിലപ്പോൾ കവറിലായി ബസ്സിൽ കൊടുത്തയക്കും. പഴയ പത്രവാർത്തകളയക്കുന്ന ശൈലി. ചുങ്കത്തറയിലെ വിലാസത്തിൽ ഇടയ്ക്ക് തപാലിൽ ചില സുഹൃത്തുക്കൾ അയച്ചുതരുന്ന രചനകളും കിട്ടും. സൗകര്യപ്പെടുന്നവർ പ്രസ്സിലെത്തും. എഡിറ്റിംഗും പ്രൂഫ് നോക്കലും ലേ-ഔട്ടും എല്ലാം ഈ വേളകളിലാണ്. ഇടയ്ക്ക് സുഹൃത്തുക്കൾ വരിസംഖ്യയായി തരുന്ന തുകയും കടവും കൂട്ടിച്ചേർത്ത് പ്രസ്സിൽ കൊടുത്ത് മാസിക വാങ്ങുന്നു. ആരുടെയെങ്കിലും വീട്ടിൽ, എടവണ്ണയിലെ വൈദ്യശാലയിൽ, മൂൺസ് ആർട്സിൽ, ബിജുജോണിന്റെ മഞ്ചേരിയിലെ വക്കീലോഫീസിൽ വെച്ച് വിലാസവും റാപ്പറുമൊട്ടിച്ച് ജില്ല തിരിച്ച് പോസ്റ്റൽ പിൻകോഡ് ക്രമത്തിൽ കെട്ടുകളാക്കുന്നു. വീട്ടിൽ വെച്ചാകുമ്പോൾ വീട്ടുകാരെല്ലാവരും കുട്ടികളുമടക്കം ഈ പണികളിൽ പങ്കാളികളാകും. രാത്രി വൈകുന്നതുവരെയുണ്ടാകും ഈ വർക്ക്. പിന്നെ തിരൂർ ആർ.എം.എസിലേക്ക് പോസ്റ്റുചെയ്യാനുള്ള യാത്രയാണ്. മിക്കവാറും ചാത്തല്ലൂർ നൗഷാദ് ഈ ദൗത്യം ഏറ്റെടുക്കും. 125 ലക്കങ്ങൾ ഇങ്ങനെയൊക്കെയാണ് വായനക്കാരിലെത്തിയത്.

മാസിക മുന്നോട്ടുവെക്കുന്ന ഉള്ളടക്കവും പ്രവർത്തനശൈലിയും പരസ്പരമിണങ്ങുന്ന മട്ടിലാണ് ഓരോ ലക്കവും പ്രസിദ്ധീകരിക്കുന്നത്. സാങ്കേതികമായി മാസിക തപാലിൽ അയക്കാനുള്ള കൃത്യമായ തിയ്യതി 'ഡെഡ്‌ലൈനാ'യി നിൽക്കുന്നുണ്ടെങ്കിലും കടുംപിടിത്തമില്ലാത്ത അയഞ്ഞ ശൈലിയാണ് മാസികാപ്രവർത്തകർ കൈക്കൊള്ളുന്നത്. സ്വയമൊരു പീഡനമായി ഊർജ്ജം എരിച്ചുതീർത്ത് കുരിശിന്റെ വഴിയിലുള്ളൊരു മാസികാപ്രവർത്തനത്തിൽ ഞങ്ങൾ വിശ്വസിക്കുന്നില്ല. എടുത്താൽ പൊങ്ങാത്ത ഭാരമാക്കി മാസിക എല്ലാ അർത്ഥത്തിലും വലുതാക്കി ബാധ്യതകൾ വരുത്തി മുടങ്ങിപ്പോകുന്നതിൽ അല്ല, മറിച്ച് ചെറിയമട്ടിൽ ആനന്ദമറിഞ്ഞ് ചെയ്യുന്ന ലളിതവും നൈരന്തര്യവും സുതാര്യവും സ്ഥിരവുമായ ഒരു പ്രവർത്തനശൈലിയാണ് ലിറ്റിൽ മാസിക മുന്നോട്ടുവെക്കുന്നത്.

# കഴിഞ്ഞ ലക്കങ്ങളിൽ പറഞ്ഞ ചിലത്....

**ലിറ്റിൽ മാസിക മുന്നോട്ട്വെച്ച ചില ആശയങ്ങളുടെ പ്രാധിനിത്യ സ്വാഭാവത്തിലുള്ള രചനകളിലേക്കുള്ള സൂചനകൾ വീണ്ടും വായനക്ക്**



## അലി മണിക് ഫാൻ

അറിവിന്റെ ലോകത്തെ സാഹസികൻ. സ്കൂളിൽ പോകാതെ 14 ഭാഷകൾ സ്വായത്തമാക്കി നിരവധി വിദേശ സർവ്വകലാശാലകളിലെ വിസിറ്റിംഗ് പ്രൊഫസറായി സേവനമനുഷ്ഠിക്കുന്നു.

(ലക്കം-91, ജൂലൈ 2006)

## ലാറി ബേക്കർ

ഓരോ പ്രദേശത്തെയും ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ച് പ്രകൃതിക്കും പരിസ്ഥിതിക്കും കോട്ടം തട്ടാതെ ചിലവ്കുറച്ച് വീടും കെട്ടിടങ്ങളും നിർമ്മിക്കാമെന്ന്, തന്റെ ആയുഷ്കാലം മുഴുവൻ ലോകത്തെ പഠിപ്പിക്കുകയും; പ്രായോഗിക തലത്തിൽ നടപ്പിലാക്കുകയും ചെയ്ത മഹാനായ ശില്പി.

(ലക്കം-92, മെയ് 2007)

## സ്ലോഫുഡ്

കൃത്രിമ കളറുകളും മറ്റു വസ്തുക്കളും ചേർത്ത ഫാസ്റ്റ്ഫുഡിന് എതിരായി പ്രകൃതിദത്തമായ ചേരുവകളോടെ, ശരീരത്തിനും പ്രകൃതിക്കും പരുക്കില്ലാത്ത ഭക്ഷണ സംസ്കാരം സ്ലോഫുഡ്- ലോകമെങ്ങും ഒരു ബദൽ ജീവിതശൈലിയായി വ്യാപിക്കുന്നു.

(ലക്കം-97, ജനുവരി 2008)

## കാർഫ്രീ ഡേ

മോട്ടോർ രഹിതവും മാലിന്യമുക്തവുമായ ഒരു ഗതാഗതരീതി ലോകമെങ്ങും വ്യാപിക്കുക എന്ന ലക്ഷ്യത്തോടെ സെപ്റ്റംബർ 22 ന് ഒരു അനൗപചാരിക മൂവ്മെന്റായി കാർഫ്രീ ഡേ ആചരിക്കുകയാണ്.

(ലക്കം-110, സെപ്റ്റംബർ 2009)

## ഒന്നും വാങ്ങാതെ ഒരു ദിവസം

പരസ്യവേലകളുടെ മാസ്മരിക തന്ത്രങ്ങളിലൂടെ ആവശ്യമുള്ളതും ഇല്ലാത്തതുമായ സാധനങ്ങൾ വാങ്ങിപ്പിക്കുക എന്ന ഉപഭോഗ സംസ്കാരത്തിനെതിരെ ഒരു ബദൽ ആശയമാണ് ബൈ നതിംഗ് ഡേ. കാനഡയിൽ ആരംഭിച്ച് ലോകമെങ്ങും ഉയർന്നുവന്ന, 24 മണിക്കൂർ നേരം എല്ലാ വാങ്ങൽ ഇടപാടുകളിൽ നിന്നും വിട്ടുനിൽക്കുക വഴി ഒരു പുത്തൻ ഉപഭോഗ സംസ്കാരത്തിന്റെ വഴിയാണ് ബൈ നതിംഗ് ഡേ തുറന്നുവയ്ക്കുന്നത്.

## കാൽനടക്കാർ

റോഡുകൾ മുഴുവൻ വാഹനങ്ങൾ കയ്യടക്കിയ ഈ കാലത്ത് കാൽനടക്കാരുടെ അവകാശങ്ങൾ കൂടി സംരക്ഷിക്കേണ്ടതില്ലേ? സുഗമമായി നടക്കാൻ റോഡരികിൽ സുരക്ഷിതമായി ഫുട്പാത്തുകൾ ഓരോ കാൽനടക്കാരന്റെയും അവകാശം കൂടിയാണ്.

## മൊബൈൽഫോൺ സിനിമ

മൊബൈൽഫോണിന്റെ ദുരുപയോഗത്തെ ക്കുറിച്ച് ആകുലരാകു മ്പോഴാണ് സുർജിത്ത് എന്ന പ്ലസ്ടു വിദ്യാർത്ഥി മൊബൈൽ ഫോൺ ക്യാമറ ഉപയോഗിച്ച് സീറോ ബഡ്ജറ്റിൽ നെൽകൃഷി നേരിടുന്ന ദുരിതങ്ങളുടെ നേർകാഴ്ചകൾ പകർത്തി ഒരു ഹ്രസ്വ ചിത്രമെടുത്ത് മാതൃക കാണിച്ചിരിക്കുന്നത്.

(ലക്കം-111, നവംബർ 2009)

## സുന്ദരിമീൻ

അനിയന്ത്രിതമായ കയറ്റുമതിയുടെ ഭാഗമായി, അച്ചൻകോവിലാറിലും ചാലിയാറിലും സുലഭമായി കണ്ടുവന്നിരുന്ന മിസ് കേരള എന്ന പേരിലറിയപ്പെടുന്ന സുന്ദരിമീനും വംശനാശത്തിലേക്ക്.

(ലക്കം-114, ഫെബ്രുവരി 2010)

## റിയാന്റെ കിണർ

റിയാൻ എന്ന ഏഴുവയസ്സുകാരൻ വീട്ടുപണി ചെയ്തും മറ്റും സമാഹരിച്ച് ഉണ്ടാക്കിയ 70 ഡോളറിൽ നിന്ന് പതിനഞ്ചോളം രാജ്യങ്ങളിൽ 432 ഓളം കിണറുകൾ കുഴിച്ച് മഹാ പ്രസ്ഥാനമായി മാറിയ ആവേശകരമായ കഥ

(ലക്കം-101, സെപ്റ്റംബർ 2008)

## ചെറിയ യാത്രകൾ

ദീർഘദൂര യാത്രകൾ പോലെ തന്നെ പ്രസക്തമാണ് ചെറിയ യാത്രകളും. ചുറ്റുപാടും കണ്ടും അറിഞ്ഞും മനസ്സിലാക്കിയും നടത്തുന്ന ചെറിയ യാത്രകൾ പലതും നമ്മെ പഠിപ്പിക്കുന്നുണ്ട്.

---

ചെറിയജീവികൾ • സാധാരണക്കാർ • ചെറുമാതൃകകൾ • ചെറിയ സംഘടനകൾ • ലളിത മാർഗ്ഗങ്ങൾ • മഹത്തായ ചെറുതുകൾ • ബഹളങ്ങൾക്കിടയിലെ മൗനങ്ങൾ • ചെറുതുടക്കങ്ങൾ • ചെറുസംരഭങ്ങൾ • വിപണിക്കുപുറത്തെ ലോകങ്ങൾ • നാട്ടുവഴികൾ • സാവകാശ വഴികൾ • സരളപാഠങ്ങൾ • ജൈവവഴികൾ • ആഴക്കാഴ്ചകൾ • ധ്യാനരചനകൾ • സ്വാസ്ഥ്യഇടങ്ങൾ • നിറക്കൂട്ടുകൾക്കിടയിലെ അവർണ്ണർ • ബദൽനിയമങ്ങൾ • ചെറുമാധ്യമങ്ങൾ • ഇത്തിരിവെട്ടങ്ങൾ • യാത്രയുടെ ധ്യാനവഴികൾ • ആലസ്യം • കരുതിവെക്കൽ

## ടെക്നോ ഭ്രാന്ത്

ഉപയോഗത്തിനും ആവശ്യത്തിനുമനുസരിച്ച് ടെക്നോളജിയെ ഉപയോഗിക്കുന്നതിനുപകരം മാറി മാറി വരുന്ന ടെക്നോളജിയിൽ അഭിരമിക്കുന്ന ടെക്നോ ഭ്രാന്ത് എന്ന പുത്തൻ രോഗത്തെക്കുറിച്ചുള്ള വേവലാതികൾ പങ്കു വെയ്ക്കുന്നു.
(ലക്കം-103, നവംബർ 2008)

## വെള്ളിമൂങ്ങ

ആഭിചാര കർമ്മങ്ങളുടെ മറവിൽ കേരളത്തിൽ നിന്നും വൻതോതിൽ വെള്ളിമൂങ്ങകളെ കവർച്ച ചെയ്ത് കടൽ കടത്തുന്നതിനെക്കുറിച്ചുള്ള ആകുലതകൾ.
(ലക്കം-104, ജനുവരി 2009)

## ആമകൾക്ക് പറയാനുള്ളത്.

അമിതമായ ആത്മവിശ്വാസത്തോടെ അതിവേഗ തയിൽ മുമ്പിൽ പോയ മുയലിനെക്കാളും മറികടന്ന് ഇഴഞ്ഞുവരുന്ന ആമകൾ പാതകളറിഞ്ഞ് ഫിനിഷിംഗ് പോയിന്റ് കടക്കും. ഫാസ്റ്റ്ഫുഡിന് പകരം സ്ലോഫുഡ് പ്രസ്ഥാനം ഉയർന്നുവന്നതുപോലെ ഫാസ്റ്റ് ട്രാക്കിനു പകരം സ്ലോട്രാക്ക് പ്രസ്ഥാനം ഉയർന്നുവരിക തന്നെ ചെയ്യും.
(ലക്കം-106, മാർച്ച് 2009)

## പുകഴേന്തി എന്ന ജനകീയ ഡോക്ടർ

മരുന്നുകമ്പനികളുടെ ഏജന്റുമാരായി ഡോക്ടർമാർ മാറുന്ന ഇക്കാലത്ത്, സാധാരണക്കാരെ ചികിത്സയുടെ പ്രാഥമികകാര്യങ്ങൾ ബോധ്യപ്പെടുത്തി ആധുനിക ചികിത്സാരംഗത്തെ പൊള്ളത്തരങ്ങൾക്കും വാക്സിനുകൾക്കുമെതിരെയുള്ള പോരാട്ടമായി ജീവിതത്തെ മാറ്റുകയാണ് ഡോ. പുകഴേന്തി.
(ലക്കം-108, ജൂൺ-ജൂലായ് 2009)

## ജീവിക്കുന്ന ബുദ്ധൻമാർ


എല്ലാവരിലും ഉറങ്ങിക്കിടക്കുന്ന ബുദ്ധനുണ്ട്. അത് ഉയർത്തിയാൽ ഗൃഹസ്ഥനായി സാധാരണക്കാരനായി ജീവിക്കുമ്പോഴും ഓരോരുത്തരും ബുദ്ധിസ്റ്റാവുന്നതാണ്.
(ലക്കം-108, ജൂൺ-ജൂലായ് 2009)

## ടീ പാർട്ടിയും കോഫി പാർട്ടിയും


അമേരിക്കയിൽ സാധാരണ പൗരൻമാർ ടീ ഷോപ്പുകളിലും കഫേകളിലും സമ്മേളിച്ച് അഭിപ്രായങ്ങൾ സമാഹരിച്ച് പൊതുജനാഭിപ്രായം രൂപീകരിക്കുന്നു. ടീപാർട്ടി, കോഫി പാർട്ടി എന്നിങ്ങനെയാണ് ഈ ജനകീയ പ്രസ്ഥാനങ്ങൾ അറിയപ്പെടുന്നത്.
(ലക്കം- , 2010 ജനുവരി)




## എഴുത്തിന്റെ മാനിഫെസ്റ്റോ



എഴുത്തിന്റെ പ്രൊഫഷണൽ സമീപനങ്ങൾക്കപ്പുറം ആശയവിനിമയം എന്ന കേവല ദൗത്യം നിർവഹിക്കുന്ന രചനകൾ ആണ് ലിറ്റിൽമാസികക്ക് സ്വീകാര്യം.



സൈക്കിൾ യാത്രയെക്കുറിച്ച് മാത്രം നിരവധി ലക്കങ്ങളിൽ വ്യത്യസ്തമായ രചനകൾ സ്വീകരിച്ചിട്ടുണ്ട്. ജീവിതത്തിൽ പ്രയോഗിക്കാവുന്ന ഇത്തരം ലളിതമെങ്കിലും ഫലപ്രദമായ ശൈലികളെ മാസിക പരിചയപ്പെടുത്തുന്നു.




ചിത്രങ്ങൾ : സതീഷ് ചളിപ്പാടം

കത്തെഴുത്തും തപാൽഓഫീസും പോസ്റ്റുമാനും ഒക്കെ നിലനിർത്തേണ്ട ഉപാധികൾ തന്നെയാണ് എന്ന പക്ഷം മാസിക മുറുകെപിടിക്കുന്നു.



# പലരും ചോദിക്കുന്നത്;



## ലിറ്റിൽ മാസികക്ക് പറയാനുള്ളത



**ലിറ്റിൽ മാസിക എന്ന പേരു തന്നെ അത്ര നന്നായി തോന്നുന്നില്ലല്ലോ?**

ചെറിയ പ്രസിദ്ധീകരണം, പ്രൊഫഷണൽ നിർമ്മാണരീതികളില്ലാത്ത, സുഹൃത്തുക്കൾക്കുള്ള കത്തുകളുടെ സമാഹാരം പോലെ, അറിയാവുന്ന സാധാരണ കാര്യങ്ങൾ തന്നെ വീണ്ടും ഓർമ്മപ്പെടുത്തുന്ന കുറിപ്പുകളുടെ കൊച്ചുപ്രസിദ്ധീകരണം എന്നു മാത്രം സൂചിപ്പിക്കാൻ ഈ പേര് മതിയല്ലോ? 'സത്യവാർത്ത' എന്ന് പേരിട്ടിട്ട് സത്യത്തിന്റെ കണിക പോലും ഇല്ലാതിരിക്കലും ദർശനം എന്നോ മറ്റോ പേരിട്ടിട്ട് അതിൽ ദർശനത്തിന്റെ ചെറുവെളിച്ചം പോലും ഇല്ലാതിരിക്കുന്നതിലും ഭേദമല്ലേ യാതൊരു പ്രതീക്ഷയും നൽകാത്ത ആദർശ പരിവേഷവും ഇല്ലാത്ത ആർഭാടരഹിതമായ ലിറ്റിൽ മാസിക എന്ന പേര്?



**ലിറ്റിൽ മാസികയോ ലിറ്റിൽ മാഗസിനോ?**

മാസികയെ ലിറ്റിൽ മാഗസിൻ എന്നും വിളിക്കുന്നവരുണ്ട്. എന്നാൽ ലിറ്റിൽ മാഗസിൻ എന്ന വാക്ക് ലോകമെങ്ങുമുള്ള ശക്തവും പ്രതിചിന്തകളുടേതുമായ ഒരു പ്രസിദ്ധീകരണ സംസ്കാരത്തെയോ പ്രസ്ഥാനത്തെയോ സൂചിപ്പിക്കുന്നു. മൂലധനപരമായ താൽപര്യങ്ങളില്ലാതെ, ശക്തമായ നിലപാടുകളോടെ, നവീനങ്ങളായ ഭാവുകത്വങ്ങളെ അന്വേഷിക്കുന്ന, അതേസമയം മുഖ്യധാരാ പ്രസിദ്ധീകരണങ്ങളിൽ നിന്ന് വേറിട്ട് നിലകൊള്ളുന്ന പ്രസിദ്ധീകരണങ്ങൾ ലിറ്റിൽ മാഗസിൻ എന്നു വിശേഷിപ്പിക്കപ്പെടുന്നു. ലിറ്റിൽ മാസികയും സമ്പന്നമായ ലിറ്റിൽ മാഗസിൻ പാരമ്പര്യത്തിൽ നിന്നും പ്രചോദനം ഉൾക്കൊള്ളുന്നു.



**ഇൻലന്റ് രൂപത്തിൽ, ഒറ്റത്താളിൽ, ചിലപ്പോൾ സെന്റീമീറ്റർ മാത്രം വലുപ്പത്തിൽ വരെ കുഞ്ഞുപ്രസിദ്ധീകരണങ്ങൾ ഇന്നും ധാരാളം ഇറങ്ങുന്നുണ്ടല്ലോ?**

ധാരാളം ചെറിയ പ്രസിദ്ധീകരണങ്ങൾ ഇന്നും ഇറങ്ങുന്നുണ്ട്. പക്ഷേ വലുപ്പത്തിലെ ചെറുപ്പമോ, സർക്കുലേഷനിലെ കുറവോ, ഒന്നുമല്ല ഒരു പ്രസിദ്ധീകരണത്തെ ലിറ്റിൽ മാഗസിൻ ആക്കുന്നത്; അതിന്റെ നിലപാടുകളാണ്. കേവലം രൂപത്തിൽ മാത്രം ചെറുപ്പം സൂക്ഷിക്കുകയും നിലപാടുകളിൽ, രചനകളിൽ പ്രതിലോമപരമായിരിക്കുകയും, കേവല അക്ഷരവ്യയങ്ങളാവുകയും ചെയ്യുന്നവയെ ലിറ്റിൽ മാഗസിൻ എന്നു വിളിക്കാനാവില്ല. ലിറ്റിൽ മാഗസിൻ എന്നു വിളിക്കപ്പെടുന്നതു തന്നെ ഒരു അംഗീകാരമാണ്. ഈ കാലത്ത് ഒരു ലിറ്റിൽ മാഗസിൻ ആയി നിലനിൽക്കുക എന്നതുതന്നെ ഏറെ ദുഷ്കരമാണ്.



**ചക്ക കഴിക്കുന്നതും മഷിപ്പേന ഉപയോഗിക്കുന്നതും പോലെയുള്ള കാര്യ ങ്ങൾ മാത്രം വീണ്ടും വീണ്ടും പറയുന്നു. കുട്ടികൾക്കുള്ള പരീക്ഷാ സഹായി പോലെ കുറെ വിവരങ്ങൾ കുത്തിനിറയ്ക്കുന്നു. ഉള്ളടക്കത്തിൽ ഗൗരവം പോരാ എന്നു തോന്നുന്നു.**

ഭക്ഷ്യസുരക്ഷയെക്കുറിച്ചുള്ള എം.എസ്. സ്വാമിനാഥന്റ നെടുനീളൻ പഠനം പ്രസിദ്ധീകരിക്കുന്നതിലും ഫലമുണ്ടാവുന്നത് സ്വന്തം വീട്ടുവളപ്പിൽ പരിപാലിക്കാവുന്ന പ്ലാവിനെക്കുറിച്ചും മുരിങ്ങയെക്കുറിച്ചും എഴുതുമ്പോഴാണ് എന്ന് ഉറച്ചുവിശ്വസിക്കുന്നു. പത്തുസെന്റിലും വേണമെങ്കിൽ ഭക്ഷ്യസുരക്ഷയ്ക്കുവേണ്ടി പലതും ചെയ്യാമല്ലോ. പഠനങ്ങൾക്കും, പ്രബന്ധങ്ങൾക്കും പകരം, പഴയ തോണിക്കാരന്റെ കഥയിൽ പറയുന്നതുപോലെ 'നീന്തോളജി' കൊണ്ട് ജീവിതങ്ങളെ രക്ഷിക്കാം.



**ആഗോളവൽക്കരണം, ആഗോളതാപനം, രാഷ്ട്രീയ സാംസ്കാരിക രംഗത്തെ മുല്യച്യുതി, സാമ്പത്തികമാന്ദ്യം, വിലക്കയറ്റം....ഇങ്ങനെ ഒരുപാട് പ്രശ്നങ്ങളുടെ നടുവിൽ ചെറിയ കാര്യങ്ങൾ മാത്രം പറഞ്ഞിരിക്കുന്നത് ഒരു തരം ആമ നയമല്ലേ?**

നമ്മുടെ മുറ്റത്തെ അമേരിക്കയെ എതിർക്കേണ്ടതാണെന്ന് എം. എൻ വിജയൻ മാഷ് പറഞ്ഞിട്ടുണ്ട്.പുറത്ത് നടക്കുന്ന പോരാട്ടങ്ങൾ പോലെ തന്നെ പ്രധാനമാണ് ഒരാളുടെ അകത്ത് നടക്കുന്ന പോരാട്ടവും മുറ്റത്തെ ഇത്തിരി വട്ടത്തിൽ ചെയ്യാവുന്ന കാര്യങ്ങളെ വിസ്മരിച്ച് വലിയ കാര്യങ്ങൾക്ക് പിന്നാലെ പോയി നേരംകളയാന് താൽപ്പര്യമില്ല. അങ്ങനെ ചെയ്യാൻ ധാരാളം പ്രസിദ്ധീകരണങ്ങളുണ്ടല്ലോ.



**ലിറ്റിൽമാസികയുടെ മൂലധനവും ധനാഗമ മാർഗ്ഗങ്ങളും എങ്ങനെയൊക്കെയാണ്? പരസ്യ ങ്ങൾ തീരെ കാണാറില്ലല്ലോ?**

യാതൊരുവിധ മൂലധനമോ സ്വന്തമായ ഫണ്ടോ മാസികക്കില്ല. വരിസംഖ്യയെ മാത്രം ആശ്രയിച്ചാണ് നിലനിൽക്കുന്നത്. നിലപാടുകൾക്ക് ചേരാത്ത പരസ്യങ്ങൾ സ്വീകരിക്കാറില്ല. സന്നദ്ധസംഘടനകൾ, ബദൽ ഉൽപ്പന്നങ്ങൾ, പുസ്തകശാലകൾ, ജൈവ സംരംഭങ്ങൾ തുടങ്ങിയവയെ സംബന്ധിച്ച പരസ്യങ്ങളും അറിയിപ്പുകളും ചെറിയ പരസ്യനിരക്കിൽ സ്വീകരിക്കുന്നതാണ്. സുഹൃത്തുക്കൾ അവരവർക്ക് കഴിയുന്ന വിധത്തിൽ സംഭാവനകൾ തന്നും പ്രസിദ്ധീകരണത്തെ സഹായിക്കാം.



## കോപ്പിലെഫ്റ്റ് മാസിക

എല്ലാതരം കുത്തകയാക്കിവെക്കലിൽ നിന്നുമുള്ള സ്വാതന്ത്ര്യ പ്രഖ്യാപനമാണ് കോപ്പിലെഫ്റ്റ്. ആശയങ്ങൾ തട്ടും തടവുമില്ലാതെ ഒഴുകണ മെന്നതാണ് ഈ പ്രസ്ഥാനം ആഗ്രഹിക്കുന്നത്. അറിവുകൾ സ്വകാര്യമാക്കി വെക്കാനുള്ളതല്ല എന്നും പങ്കുവെക്ക പ്പെടാനുള്ളതാണ് എന്നും കോപ്പിലെഫ്റ്റ് പ്രസ്ഥാനം പ്രഖ്യാപിക്കുന്നു. കോപ്പിറൈറ്റിന്റെ നേർവിപരീതമായി, അതിനു ബദലായി ആഗോളതലത്തിൽ രൂപംകൊണ്ടതാണ് കോപ്പിലെഫ്റ്റ് പ്രസ്ഥാനം. റിച്ചാർഡ് സ്റ്റാൾമാന്റെ സ്വതന്ത്ര സോഫ്റ്റ്‌വെയർ സംരംഭം ഈ പ്രസ്ഥാനത്തിന് ആഗോളതലത്തിൽ ഊർജ്ജം പകർന്നു. വിപണിക്കും സ്വകാര്യ മൂലധനത്തിനും എതിരായി നൈതികമായ ചിന്തകൾ ലോകമെങ്ങും ഈ പ്രസ്ഥാനത്തിന് പിൻബലമായുണ്ട്. ഈ ചിന്തകളുടെ ഉണർവ്വിലാണ് ലിറ്റിൽ മാസിക ഒരു കോപ്പിലെഫ്റ്റ് മാസികയായി പ്രവർത്തിച്ചു തുടങ്ങുന്നത്. ഒരു കോപ്പിലെഫ്റ്റ് മാസിക എങ്ങനെയായിരിക്കണമെന്നതിന് ഞങ്ങളുടെ മുമ്പിൽ ഒരു മാതൃകയൊന്നും ഉണ്ടായിരുന്നില്ല.
ലിറ്റിൽ മാസിക പ്രതിനിധാനം ചെയ്യുന്ന ആശയങ്ങൾ മറ്റുപ്രസിദ്ധീകരണങ്ങളിൽവരുന്നത് എടുത്തുകൊടു ക്കാറുണ്ട്. പ്രസിദ്ധീകരണങ്ങളുടെ ഒരു പ്രളയമാണി പ്പോൾ. എല്ലാ പ്രസിദ്ധീകരണങ്ങളും എല്ലാവരും കാണാറില്ലല്ലോ. ആ നിലയ്ക്ക് പ്രസക്തമായ രചനകൾ എടുത്തുകൊടുക്കുന്നതിലൂടെ ആശയ ങ്ങൾ വായനക്കാരിലേക്ക് എത്തിക്കുകയാണ് മാസിക ചെയ്യുന്നത്.
ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾ ആർക്കും ഉപയോഗിക്കാം എന്ന് പരസ്യമായി പ്രഖ്യാപിക്കുന്നുണ്ട്. കോപ്പിലെഫ്റ്റ് മാസിക എന്ന നിലയിൽ ഈ വെളിപ്പെടുത്തൽ വളരെ പ്രധാനമാണ്. അതുകൊണ്ടുതന്നെ ധാരാളം പ്രസിദ്ധീകരണങ്ങൾ ലിറ്റിൽമാസികയിലെരചനകൾ ഉപയോഗ പ്പെടുത്തുന്നുണ്ട്. ലിറ്റിൽ മാസികയിൽ നിന്ന് മറ്റു പ്രസിദ്ധീകരണങ്ങൾ എടുത്തുകൊടുത്ത് ആശയങ്ങൾ സഞ്ചരിച്ചുകൊണ്ടേയിരിക്കുന്നത് കോപ്പിലെഫ്റ്റ് ആശയത്തിന്റെ കൂടി പ്രചാരമാകുന്നു.

മൊഴിയാഴങ്ങൾ

ഷൗക്കത്ത്




## അറിവിലൂടെ അറിവില്ലായ്മയെ അറിയാം. അറിവില്ലായ്മയിലൂടെ അറിവിനേയും.

പഞ്ചേന്ദ്രിയങ്ങളും ബുദ്ധിയും ഉപയോഗിച്ചാണ് നാം അറി വാർജ്ജിക്കുന്നത്. ചിന്തിക്കാൻ തുടങ്ങിയ കാലം മുതൽ നാം പ്രപഞ്ചരഹസ്യം അന്വേഷിക്കുന്നു. അന്വേഷണത്തി നിടയിൽ ജീവിതത്തെ സുഗമമാക്കാൻ സഹായിക്കുന്നതും അല്ലാത്തതുമായ പലതും നാം കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പ്രപഞ്ചസത്യം മാത്രം അറിയാൻ കഴിഞ്ഞിട്ടില്ല. അറിയാ നായില്ലെന്നു മാത്രമല്ല, അറിഞ്ഞറിഞ്ഞു വരുന്തോറും അറി യാനാവാത്തതാണ് അതെന്നുള്ള അറിവാണ് കൂടിവരുന്ന ത്. മനുഷ്യമേധയ്ക്ക് ഉൾക്കൊള്ളാനോ അറിയാനോ ആവാ ത്തവിധം സങ്കീർണ്ണവും നിഗൂഢവുമാണ് പ്രപഞ്ചമെ ന്നറിഞ്ഞ് മനസ്സും ബുദ്ധിയും പിൻവാങ്ങുന്ന കാഴ്ചയാണ് കണ്ടുപോരുന്നത്. എല്ലാ അറിവുകളും നമ്മുടെ അറിവി ല്ലായ്മയെ അറിയാൻ സഹായിച്ചുവെന്നേ പറയാനാവൂ. അറിവില്ലായ്മയെയാണ് ഏറ്റവും വലിയ അറിവായി പൗരാണികകാലം മുതൽ വാഴ്ത്തിപ്പോന്നിട്ടുള്ളത്.



കേശവ്




## കേശവിന്റെ ലോകങ്ങൾ...

'ഹിന്ദു' സ്റ്റാഫ് കാർട്ടൂണിസ്റ്റ് കേശവിന്റെ ഫ്രെയി മുകളിൽ സ്ഥിരമായി കാണാറുള്ള സാധാരണക്കാരനെ ശ്രദ്ധിച്ചിട്ടുണ്ടോ? നിഷ്കളങ്കവും ചിലപ്പോൾ പൊള്ളു ന്നതുമായ ചോദ്യങ്ങളുമായി ഗ്രാമീണതയുടെ പ്രതീ കമായ കയറ്റുകട്ടിലിൽ ഇരിക്കുന്ന സാധാരണക്കാരിൽ സാധാരണക്കാരനായ കഥാപാത്രങ്ങൾ.....



# ഭൂമിയോളം ചെറുതായ മനുഷ്യർ

**പി. സുരേന്ദ്രൻ**

**ചെറിയ മനുഷ്യർ എന്നു പൊതുവെ നാം വിശേഷിപ്പിക്കുന്ന സാധാരണ മനുഷ്യർ ജ്ഞാനം കൊണ്ട് നമ്മെ അത്ഭുതപ്പെടുത്തും. ഇത്തരക്കാരിൽ വലിയ വായനക്കാരുണ്ട്. ശുശ്രൂഷകരുണ്ട്. ഗവേഷകരെയും സംഗീതജ്ഞരെയും എല്ലാം നമുക്കു കണ്ടെത്താം.**

---


**ഒന്ന്**

സാധാരണ മനുഷ്യരെ നാം തത്വചിന്തകരോ അന്വേഷകരോ ആയി പരിഗണിക്കാറില്ല. ദർശനങ്ങളുടെ ഭൂപടത്തിൽ നിന്നു നാം സാധാരണ മനുഷ്യരെ ഒഴിവാക്കി നിർത്താറാണ് പതിവ്. ചെറിയ മനുഷ്യർ എന്നു പൊതുവെ നാം വിശേഷിപ്പിക്കുന്ന സാധാരണ മനുഷ്യർ ജ്ഞാനം കൊണ്ട് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഇത്തരക്കാരിൽ വലിയ വായനക്കാരെ ഞാൻ കണ്ടിട്ടുണ്ട്. ശുശ്രൂഷകരെ കണ്ടിട്ടുണ്ട്. ഗവേഷകരെയും സംഗീതജ്ഞരെയും എല്ലാം കണ്ടിട്ടുണ്ട്. വലിയ പാരിസ്ഥിക ബോദ്ധ്യമുള്ളവരായി ഞാൻ കണ്ടിട്ടുള്ളതും സാധാരണക്കാരെയാണ്. അവർ പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് പ്രസംഗിക്കുകയോ എഴുതുകയോ ചെയ്യുന്നവരല്ല. സ്വന്തം കാഴ്ചപ്പാടുകളും നിലപാടുകളും മണ്ണിലും പച്ചയിലും പ്രയോഗിച്ചു കാണിക്കും അവർ.

സഹ്യപർവ്വതത്തിലൂടെയുള്ള യാത്രയ്ക്കിടയിൽ കനത്ത തണുപ്പും കാറ്റുമുള്ള ഒരു മഴനിഴൽ പ്രദേശത്തുവെച്ച് ഞാനൊരു കർഷകനെ പരിചയപ്പെട്ടിരുന്നു. നഗരത്തിൽ നിന്നുള്ളവർ ഭൂമി വാങ്ങിച്ചുകൂട്ടുന്ന പ്രദേശമായിരുന്നു അത്. എന്നാലത് മണ്ണിനോടുള്ള സ്നേഹം കൊണ്ടൊന്നുമായിരുന്നില്ല. അവർക്ക് ലാഭത്തിൽ മറിച്ചു വിൽക്കാൻ മാത്രമുള്ളതായിരുന്നു മണ്ണ്. വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രം അവർ മല കയറിച്ചെല്ലും. അതിനാൽ മണ്ണിനെ, അവിടുത്തെ സസ്യങ്ങളെ പരിചരിക്കാനൊന്നും അവർക്കു സമയമുണ്ടാവില്ല. സത്യത്തിൽ ആ പ്രദേശം ശീതകാല പച്ചക്കറികളും പഴങ്ങളും ധാരാളം വിളയുന്ന സ്ഥലമായിരുന്നു. എന്നാൽ മലകയറിവരുന്ന മണ്ണുകച്ചവടക്കാർ അവിടെ കൃഷി ചെയ്തത് യൂക്കാലിയാണ്. ആ പ്രദേശത്തെ സംബന്ധിച്ചിടത്തോളം ഒരിക്കലും ഇക്കോ-ഫ്രണ്ട്‌ലി ആയ മരമല്ലത്. അവിടുത്തെ സ്വാഭാവിക സസ്യങ്ങളെ ആക്രമിക്കുകയും കൊല്ലുകയും ചെയ്യുന്ന വൃക്ഷമാണ് യൂക്കാലി.

ആരുടേയും ശ്രുശ്രൂഷ ആവശ്യമില്ലാത്തതുകൊണ്ടാണ് മണ്ണുവിൽപ്പനക്കാർ യൂക്കാലി നട്ട് മലയിറങ്ങുന്നത്. പിന്നെ, അൽപം വർഷങ്ങൾ കഴിഞ്ഞ് മല കയറിച്ചെല്ലുമ്പോഴേക്കും വെട്ടിവിൽക്കാൻ പാകത്തിന് വളർന്നുകഴിഞ്ഞിട്ടുണ്ടാവും. പക്ഷേ യൂക്കാലിയുടെ വേരുകൾ പടർന്ന് അവിടുത്തെ സ്വാഭാവിക കൃഷിജീവിതം താറുമാറായി കഴിഞ്ഞിരിക്കും.

ഞാൻ പരിചയപ്പെട്ട കർഷകൻ യൂക്കാലി പ്ലാന്റേഷനുകൾക്കിടയിൽ ചെറിയൊരു കൃഷിത്തോട്ടത്തിന്റെ ഉടമസ്ഥനായിരുന്നു. അയാൾ തന്റെ കൃഷിയിടത്തിന്റെ അതിരുകളിൽ പോലും യൂക്കാലി നട്ടില്ല. പകരം ഓറഞ്ചും, പ്ലമും, പീച്ചും, സ്ട്രോബറിയും ഒക്കെ നട്ടു. സ്ട്രോബറി കൊണ്ടുണ്ടാക്കിയ ഒന്നാംതരം വീഞ്ഞു തന്ന് അദ്ദേഹം എന്നെ സൽക്കരിച്ചിട്ടുണ്ട്. യൗവ്വനകാലത്തുതന്നെ അദ്ദേഹത്തിന്റെ ഭാര്യ മരിച്ചു. പുത്രിമാർ മാത്രമേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളൂ. ഭാര്യ മരിക്കുമ്പോൾ അവരൊക്കെ പൊടിക്കുഞ്ഞുങ്ങളായിരുന്നു. അദ്ദേഹം വേറെ വിവാഹം കഴിച്ചില്ല. യൗവ്വനത്തിന്റെ ലൈംഗികാഭിലാഷങ്ങളെ സ്വയം വരിച്ച വാർദ്ധക്യം കൊണ്ട് പ്രതിരോധിച്ചു. മക്കൾക്ക് അമ്മ കൂടിയായി. മനസ്സിന് വയസ്സാവാതിരിക്കുന്നത് വലിയകാര്യമായല്ലേ നമ്മൾ പറയാറ്. എന്നാൽ മനസ്സിനെ പെട്ടെന്ന് വാർദ്ധക്യത്തിലേക്കു തള്ളിവിട്ടുകൊണ്ടാണ് യൗവ്വനത്തിന്റെ ഭോഗാതുരമായ ധിക്കാരത്തെ തോൽപിച്ച് തന്റെ കുഞ്ഞുങ്ങൾക്ക് അദ്ദേഹം അമ്മ കൂടിയായത്. ആനയും, പന്നിയും, കാലാവസ്ഥാ വ്യതിയാനവുമൊക്കെ അദ്ദേഹത്തിന്റെ കൃഷിയിടത്തെ കണക്കിനു പ്രഹരിച്ചിരുന്നു. കനത്ത കാറ്റിൽ പ്ലം മരങ്ങളിലെ കായ്കൾ പഴുക്കും മുമ്പേ കൊഴിഞ്ഞുവീണ പ്രഹരത്തിൽ അദ്ദേഹത്തിന്റെ കണ്ണുനിറഞ്ഞത് എനിക്കറിയാം. എന്നിട്ടും അദ്ദേഹം യൂക്കാലികളെ അന്വേഷിച്ചുപോയില്ല. ആത്മഹത്യയുടെ വക്കോളമെത്തിച്ച പ്രഹരങ്ങളെ അദ്ദേഹം മറികടന്നു. എല്ലാ പ്രതികൂല സാഹചര്യങ്ങളേയും മറികടന്ന് ഒരു തക്കാളിയുടെ കവിൾ ചുവക്കുമ്പോൾ അദ്ദേഹം ജീവിതത്തെ സ്നേഹിച്ചുതുടങ്ങും.



വര: ഡോ.ടി.റഹിമാൻ

രണ്ട്

മിസ്റ്റർ ഗാന്ധിയെ സൂക്ഷിക്കുക എന്ന പേരിൽ ഒരു പ്രബന്ധം അംബേദ്കർ രചിച്ചിട്ടുണ്ട്. ദളിതനായ അംബേദ്കർ ബ്രാഹ്മണനായ ഗാന്ധിജിയോട് വിയോജിച്ചുകൊണ്ടായിരുന്നു. ഗാന്ധിജിയുടെ മതത്തിൽ നിന്നു ഓടിപ്പോയാണ് അംബേദ്കർ ബുദ്ധമതത്തിൽ ചേർന്നത് എന്നും ആലങ്കാരികമായി പറയാം. അംബേദ്കർ ദളിതുകൾ ഗാന്ധിജിയെ അംഗീകരിക്കുകയേ ഇല്ല. എന്നാൽ ഗാന്ധിജിയേയും അംബേദ്കറെയും ഒരേ ചുമരിൽ തൂക്കിയിടാവുന്നതിന്റെ സാദ്ധ്യതകൾ സഫലമാക്കിയ ഒരു ദളിതനെ ഞാൻ പരിചയപ്പെട്ടത് കിഴക്കൻ ഏറനാട്ടിലെ കേരള എസ്റ്റേറ്റിൽ വെച്ചാണ്. എളായി ചൂലൻ എന്നാണ് പേര്. പ്രാഥമിക വിദ്യാഭ്യാസമേ ഉള്ളൂ. ഏറെക്കാലമായി എസ്റ്റേറ്റ് തൊഴിലാളിയാണ്. സി.പി.എം. പ്രവർത്തകനാണ്. ഞാൻ ആദ്യമായി അദ്ദേഹത്തെ കാണാൻ ചെല്ലുമ്പോൾ അദ്ദേഹം ടാപ്പിംഗ് ജോലിയിലായിരുന്നു. പണിതീരുംവരെ ഞാൻ രാജൻ കരുവാരക്കുണ്ടിനും, റഹ്മാൻ കിടങ്ങയത്തോടുമൊപ്പം അദ്ദേഹത്തെ കാത്തിരുന്നു. പരിചയപ്പെട്ട ഉടനെ അദ്ദേഹം എന്നോട് സംസാരിച്ചത് രാഹുൽ സാംകൃത്യായനെ കുറിച്ചാണ്. പെട്ടെന്ന് ഞാനൊന്നു ഞെട്ടുകയും ചെയ്തു. ആഴത്തിൽ വായിക്കുമായിരുന്നു അദ്ദേഹം. ഞാൻ ആദ്യം കാണുമ്പോൾ അദ്ദേഹം തോട്ടത്തിലെ പാടിയിലായിരുന്നു. അത് ജീർണ്ണിച്ച് ജീവിക്കാൻ കൊള്ളാതായപ്പോഴാണ് അദ്ദേഹം സ്വന്തമായി വീടുവെച്ചത്.

പാടിയിലെ ജീവിതത്തിനിടയ്ക്ക് ജീവിതത്തിലുണ്ടായ വലിയ നഷ്ടങ്ങളിലൊന്ന് ഭാഷാപോഷിണിയുടെ പഴയ ലക്കങ്ങളാണെന്ന് അദ്ദേഹം വേദനയോടെ പറഞ്ഞു. പാവപ്പെട്ടവന് പുസ്തകങ്ങൾ കൈവന്നാലും സൂക്ഷിക്കാൻ ഇടം കിട്ടില്ല. പുസ്തകങ്ങൾ ചിലപ്പോൾ ആരെങ്കിലും വെറുതെ കൊടുത്തെന്നിരിക്കും. പക്ഷേ പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള ഇടം ആരാണ് നൽകുക?

എളായി ചൂലനെ ഒരു ദളിത് ചിന്തകനായി ആരും കണ്ടിട്ടില്ല. സാധാരണക്കാരിൽ നിന്ന് ചിന്തകനെ തിരിച്ചറിയുന്നത് നമ്മുടെ രീതിയല്ലല്ലോ. അംബേദ്കറെയും ഗാന്ധിജിയെയും അദ്ദേഹം ആഴത്തിൽ അറിഞ്ഞിട്ടുണ്ട്. ഗാന്ധിജിയുടെ ദളിത്പക്ഷത്തെ അംബേദ്കർക്ക് മനസ്സിലായില്ല എന്നാണ് ചൂലൻ പറയുക. അംബേദ്കറിൽ നിന്നുകൊണ്ട് അദ്ദേഹം ഗാന്ധിജിയെ വായിക്കുന്നത് ഞാൻ കൗതുകത്തോടെ കേട്ടിരുന്നു. എന്തു മുഴക്കമാണ് അദ്ദേഹത്തിന്റെ വാക്കുകൾക്ക്!

മലയാളം തമ്പുരാൻ എന്ന അപൂർവ്വ ദൈവസങ്കൽപത്തെക്കുറിച്ച് എനിക്കു പറഞ്ഞുതന്നതും ചൂലനാണ്. ഏറനാട്ടിലെ ഒരുവിഭാഗം കണക്കരുടെ കുലദൈവമാണത്. അങ്ങനെയൊരു ദൈവത്തെ കേരളത്തിൽ മറ്റൊരിടത്തും പ്രതിഷ്ഠിച്ചിരിക്കയില്ല. തീർച്ചയായും അതായിരിക്കണം മഹാബലിയെന്നും ചൂലൻ നിരീക്ഷിക്കുന്നുണ്ട്. ഇന്നത്തെ മഹാബലി സങ്കൽപത്തിൽ എവിടെയൊക്കെയോ ചതി ചുവക്കുന്നുണ്ട് എന്നും അദ്ദേഹം പറയാതെ പറയുന്നു.

മൂന്ന്

മണ്ണ് വായിലിട്ട് ചവച്ച് അതിന്റെ അമ്ല/ക്ഷാരഗുണങ്ങളെ കുറിച്ചൊക്കെ പറഞ്ഞ് മണ്ണനുഭവങ്ങൾ പങ്കുവെച്ച മുണ്ടക്കത്തൊടിക ഉമ്മറെന്നൊരു കർഷകനെ ഞാൻ കർണ്ണാടകത്തിൽ വെച്ച് പരിചയപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ചുവന്ന പതാക അതിതീവ്രമായി ചുവന്ന വർഗീസ് കാലത്തിന്റെ പൊള്ളലേറ്റ ശേഷം ഹരിതലോകത്ത് പുതിയൊരു രാഷ്ട്രീയവും പുതിയൊരു സാന്ത്വനവും അദ്ദേഹം അനുഭവിച്ചിരിക്കണം. കർണ്ണാടകത്തിലെവിടെയും അദ്ദേഹം കൃഷിഭൂമി സ്വന്തമാക്കിയില്ല. മണ്ണിനെ സ്വന്തമാക്കുമ്പോൾ കൃഷി ചെയ്യാൻ തോന്നാതാവും മണ്ണിന് വിലകൂടുന്നതിനെ കുറിച്ചും അത് കൈമാറ്റം ചെയ്യുന്നതിനെ കുറിച്ചും കിനാവുകണ്ടങ്ങനെ ജീവിക്കും. പാട്ടത്തിനെടുത്താലോ, പാട്ടക്കാലാവധിക്കു മുമ്പ് എന്തെങ്കിലുമൊക്കെ കൃഷിയിറക്കണമെന്നു തോന്നും. ആ മനുഷ്യന്റെ കൃഷിവിജ്ഞാനം അത്ഭുതപ്പെടുത്തുന്നതായിരുന്നു. കാൽക്കീഴിൽ നിന്ന് ഒരു നുള്ള് മണ്ണെടുത്ത് വായിലിട്ടാണ് അദ്ദേഹം മണ്ണിന്റെ സ്വഭാവം നിശ്ചയിക്കുക. ഓരോ മണ്ണിനും ഓരോ രുചിയാണ്. മണ്ണ് രുചിച്ചറിഞ്ഞ ശേഷമാണ് ആ മണ്ണിലെ കൃഷി എന്തുവേണമെന്ന് അദ്ദേഹം നിശ്ചയിക്കുക. നഗ്നപാദനായാണ് അദ്ദേഹം നടന്നിരുന്നത്.

നാല്

ഏതൊക്കെയോ ഉൾവിളികൾ കേട്ട് രോഗികളെ അന്വേഷിച്ചു പോവുന്ന ഒരു ചികിത്സകനെ തുംഗഭദ്രാ നദിയുടെ തീരത്തെ പുരാതനമായൊരു ദേവാലയത്തിന്റെ പടവിൽ വെച്ച് ഞാൻ പരിചയപ്പെട്ടിട്ടുണ്ട്. ചികിത്സയിലൂടെ ഒന്നും സമ്പാദിക്കേണ്ട ഈ വൈദ്യർക്ക്. ചെറിയൊരു ഭാണ്ഡമേ അദ്ദേഹത്തിന്റെ കൈവശമുള്ളൂ. കയ്യിലെ ഭാരം കുറയുന്തോറും സഞ്ചരിക്കാവുന്ന വിസ്തൃതികൾ വെളിപ്പെടും. എല്ലാ യാത്രകളും പക്ഷേ രോഗികളെ അന്വേഷിച്ചുകൊണ്ടുള്ളതാണ്. മരുന്നുകളൊന്നും ഏറ്റിനടക്കുന്നില്ല അദ്ദേഹം. ഔഷധം ജ്ഞാനമാണ്. രോഗികളെ കണ്ടെത്തുന്ന സ്ഥലത്തുനിന്നു തന്നെ ഔഷധങ്ങളും കണ്ടെത്തും. മണ്ണിലും, വെള്ളത്തിലും, വെയിലിലും, പച്ചയിലുമൊക്കെ ഔഷധങ്ങളാണെന്നു ഈ വൈദ്യൻ പറയും. ചികിത്സയെ കുറിച്ച് അദ്ദേഹം പറഞ്ഞ പല പല കാര്യങ്ങളും എനിക്കു മനസ്സിലായില്ല.

ഇങ്ങനെ അലയുന്നവരുടെ ഒരു സവിശേഷതയായി ഞാൻ കണ്ടിട്ടുള്ളത് ഒരു കാലത്തിലും അവർക്ക് സ്വയം അടയാളപ്പെടുത്താൻ താൽപര്യമില്ല എന്നതാണ്. ഒരിടത്തും അവർ നിൽക്കുകയുമില്ല. വല്ലാതെ ആഗ്രഹിക്കുന്ന നമ്മെപ്പോലുള്ളവരാണ് ഒരിടത്തു തന്നെ നിൽക്കുന്നതിനെ കുറിച്ചും നിൽക്കുന്ന ദേശം നമ്മെ തിരിച്ചറിയുന്നതിനെ കുറിച്ചും വ്യാകുലപ്പെടുക.

**എളായി ചൂലനെ ഒരു ദളിത് ചിന്തകനായി ആരും കണ്ടിട്ടില്ല. സാധാരണക്കാരിൽ നിന്ന് ചിന്തകനെ തിരിച്ചറിയുന്നത് നമ്മുടെ രീതിയല്ലല്ലോ.**



# കാഴ്ചയുടെ ആഴങ്ങൾ

**കാഴ്ചയില്ലാത്തവർ കാണുന്ന കാഴ്ചകളെ കുറിച്ച് ... കാഴ്ചയുള്ളവരെ കാഴ്ചയുടെ ആഴങ്ങളിലേക്ക് നയിക്കുന്ന ആത്മഭാഷണം. കാഴ്ചയില്ലായ്മയുടെ പരിമിധികളെ മറികടക്കാൻ ശ്രമിക്കുന്ന ഷംസുദ്ദീൻ എന്ന അദ്ധ്യാപകൻ സംസാരിക്കുന്നു..**

ജൻമനാലുള്ള നെർവസ് സംബന്ധമായ തകരാറിലൂടെ അന്ധതയുടെ ലോകത്ത് വന്നുപെട്ടയാളാണ് ഞാൻ. കുടുംബത്തിൽ ജ്യേഷ്ഠൻ അന്ധനാണ്. കുടുംബപാരമ്പര്യത്തിൽ മറ്റാർക്കും അന്ധതയുള്ളതായി കേട്ടിട്ടില്ല. ജ്യേഷ്ഠൻ പൂർണ്ണമായും അന്ധനായിരുന്നു. എന്നാൽ എനിക്കാകട്ടെ 15 വയസ്സുവരെ വെളിച്ചവും നിഴലും തിരിച്ചറിയാൻ പറ്റുന്ന കാഴ്ചയുടെ നേരിയ അനുഭവങ്ങളുണ്ടായിരുന്നു. രാവും പകലും വേർതിരിച്ചറിയാമായിരുന്നു. എന്നാൽ പൊടുന്നനെ എന്റെ കണ്ണിലെ ആ വെളിച്ചവും പൂർണ്ണമായും കെട്ടു. കൃത്യമായി പറഞ്ഞാൽ 1986 മെയ് 12 നായിരുന്നു അത്! വിളക്കിന്റെ നാളം ഊതി അണച്ചപോലെ.....

## കുട്ടിക്കാലം

ഏകാന്തത നേരിടേണ്ടി വന്നിട്ടില്ല. വീടിന്റെ ചുറ്റുവട്ടത്ത് സമപ്രായക്കാരായ കുട്ടികളുണ്ടായിരുന്നു. ഞാനവരുടെ കൂടെ കൂടും. എങ്കിലും കൂട്ടുകാർ കളിക്കുമ്പോൾ ഒരു കാണിയായി നിൽക്കേണ്ടിവന്നതിന്റെ വിഷമം തോന്നിയിരുന്നു. അവധിക്കാലത്തോട് വല്ലാത്ത ഇഷ്ടം തോന്നിയിരുന്നു. ധാരാളം കൂട്ടുകാരെ കിട്ടുമല്ലോ.

മാതാപിതാക്കൾക്ക് എന്നെക്കുറിച്ച് ഉത്കണ്ഠകളുണ്ടായിരുന്നു. ജ്യേഷ്ഠനുപിറകെ ഞാനും അന്ധനായതിൽ വിഷമം കാണും. അവർ എനിക്ക് കൂടുതൽ പരിഗണന തന്നു. അന്ധരായ കുട്ടികളോടുള്ള രക്ഷിതാക്കളുടെ സമീപനം വളരെ പ്രധാനമാണ്. നാലുതരം സമീപനങ്ങൾ നമുക്ക് കാണാം. 1) അവഗണന (Neglecting), 2) അമിതശ്രദ്ധ (Over protection), 3) തിരസ്ക്കാരം (Rejection), സ്വീകാര്യം (Acceptance) ഇതിൽ നാലാമത്തെ തരം സമീപനമാണ് ശരിയായത്. ഈ സമീപനത്തിൽ വളരുന്ന കുട്ടികൾ മെച്ചപ്പെടും. അന്ധതയെ ഉൾക്കൊണ്ടുള്ള സമീപനത്തിലൂടെ മറ്റു കുട്ടികൾക്കൊപ്പം പരിഗണന നൽകിക്കൊണ്ട് അവരെ വളർത്തിക്കൊണ്ടുവരിക. എന്റെ കാര്യത്തിൽ അമിതശ്രദ്ധയാണ് മാതാപിതാക്കൾ പുലർത്തിയത്. അതിന്റെ പോരായ്മകൾ ഇന്നും നേരിടുന്നു. സിംപതിയല്ല സഹകരണമാണ് കാഴ്ചയില്ലാത്തവർക്ക് വേണ്ടത്.


## പഠനകാലം

വിദ്യാഭ്യാസം നേടാൻ കഴിഞ്ഞതാണ് എന്റെ ഏറ്റവും വലിയ ഭാഗ്യം. 1982-ൽ ഞാൻ കോഴിക്കോടിനടുത്ത് കൊളത്തറ സ്പെഷ്യൽ സ്കൂളിൽ ചേർന്നു. ഹൈസ്കൂൾ വിദ്യാഭ്യാസം ചെറുവണ്ണൂർ ഗവ: ഹൈസ്കൂളിൽ. 1992-ൽ S.S.L.C പാസ്സായി. കോളേജ് വിദ്യാഭ്യാസം ഫാറൂഖ് കോളേജിലായിരുന്നു. 1998-ൽ B.Ed എടുത്തു. ബി.എ. മലയാളം 1994-ൽ പാസ്സായതിനുശേഷം പാലക്കാട് 'ഡിപ്ലോമ ഇൻ ടീച്ചിംഗ് ഫോർ ദ ബ്ലൈൻഡ്' എന്ന കോഴ്സിനു ചേർന്നിരുന്നു. പഠിക്കാൻ കഴിയാതെ ഞാനതിൽ പരാജയപ്പെടുന്നു. പിന്നീട് ബി.എഡിന് ചേരുകയാണുണ്ടായത്.

## അദ്ധ്യാപനം

കോഴിക്കോട് ജില്ലയിലെ നരിക്കുനിയിൽ ഒരു അന്ധവിദ്യാലയത്തിൽ ഒന്നരവർഷം അദ്ധ്യാപകനായി ജോലി ചെയ്തു. 2001 ൽ സർക്കാർ സർവ്വീസിൽ കിട്ടി. മലപ്പുറം ജില്ലയിലെ എടവണ്ണ ഗവ: ഹയർ സെക്കണ്ടറി സ്കൂളിൽ മലയാളം അദ്ധ്യാപകൻ. വീട്ടിൽ നിന്ന് 12 കിലോമീറ്റർ അകലെയാണ് സ്കൂൾ. ബസ്സിൽ തനിയെ സഞ്ചരിക്കും. കുട്ടികളും സഹപ്രവർത്തകരും നന്നായി സഹകരിക്കുന്നതുകൊണ്ട് പ്രയാസങ്ങളില്ല.

സ്കൂളിൽ ചേരാൻ വന്നപ്പോൾ പലർക്കും മുൻവിധികളുണ്ടായിരുന്നു. പി.ടി.എ. കമ്മറ്റിയംഗങ്ങൾക്ക് ആശങ്കകളുണ്ടായി. കുട്ടികളെ നിയന്ത്രിക്കാൻ കഴിയുമോ, ബ്ലാക്ക് ബോർഡ് ഉപയോഗിക്കാൻ പറ്റുമോ എന്നൊക്കെയുള്ള ആശങ്കകൾ. പകരം ഒരാളെവെച്ച് പഠിപ്പിച്ചുകൂടേ എന്നു ചോദിച്ചവരുമുണ്ട്. മുൻവിധികളെയും തെറ്റിദ്ധാരണകളെയും ക്രമേണ എനിക്കു മാറ്റാൻ കഴിഞ്ഞു. ഇപ്പോൾ പുതിയ രീതിയിൽ ബ്ലാക്ക് ബോർഡിന്റെ ഉപയോഗം താരതമ്യേന കുറവാണ്. എങ്കിലും പ്രൊജക്ട് വർക്കുകൾ, കൊളാഷ് തുടങ്ങിയ പുതിയ ഉല്പന്നങ്ങൾ വിലയിരു



ത്താൻ പ്രയാസം നേരിടാറുണ്ട്. സഹപ്രവർത്തകരും കുട്ടികളും ഇക്കാര്യത്തിൽ സഹായിക്കുന്നു.

## പ്രചോദനങ്ങൾ

എന്റെ ആദ്യത്തെ പ്രചോദനകേന്ദ്രം മാതാപിതാക്കളാണ്. പിന്നെ കൊളത്തറ സ്കൂളിൽ പഠിപ്പിച്ച ശ്രീ.അബൂബക്കർ മാസ്റ്റർ. പഠിക്കാനും അറിവ് വർദ്ധിപ്പിക്കാനും മാധ്യമങ്ങൾ ശ്രദ്ധിക്കാനും എല്ലാം പ്രേരിപ്പിച്ചത് അദ്ദേഹമായിരുന്നു. മലയാളം പഠിക്കാൻ താല്പര്യമുണർത്തിയതും അദ്ദേഹം തന്നെ. കാഴ്ചയില്ലാത്തവർക്ക് വിരൽത്തുമ്പിലൂടെ അക്ഷരവിദ്യ ആവിഷ്ക്കരിച്ച ലൂയി ബ്രെയിൽ, ബഹുമുഖ വൈകല്യങ്ങൾ അനുഭവിച്ച ഹെലൻ കെല്ലർ എന്നിവരുടെ ജീവിതവും എനിക്കേറെ പ്രചോദനം പകർന്നുതന്നിട്ടുണ്ട്.

## ലോകത്തെ അറിയാൻ

കാഴ്ചയെന്ന ഇന്ദ്രിയജ്ഞാനം മാത്രമേ എന്നെപ്പോലുള്ളവർക്ക് അപ്രാപ്യമായിട്ടുള്ളൂ. തീർച്ചയായും കാഴ്ചയില്ലായ്മ വലിയൊരു പരിമിതി തന്നെ. ഞാൻ ഈ യാഥാർത്ഥ്യം ഉൾക്കൊണ്ട് പരിമിതികളെ മറികടക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്.

ശബ്ദം, സ്പർശം, ഗന്ധം എന്നിവയിലൂടെ ഞാൻ ലോകത്തിന് എന്റെ മനസ്സിൽ രൂപം കൊടുക്കുകയാണ് ചെയ്യുന്നത്.

ശബ്ദത്തെ കുറിച്ച് ഞാൻ അതീവ ജാഗ്രതയുള്ളവനാണ്. തിരക്കുപിടിച്ച റോഡ് ക്രോസ് ചെയ്യുമ്പോൾ ശബ്ദം സൂക്ഷ്മതയോടെ ശ്രദ്ധിക്കുന്നു. കാഴ്ചയുള്ളവന് വേണമെങ്കിൽ ശബ്ദത്തെ അവഗണിക്കാം. എനിക്കതാവില്ലല്ലോ. ശബ്ദം കൊണ്ടും ഗന്ധം കൊണ്ടും നഗര-ഗ്രാമ വ്യത്യാസങ്ങൾ ഗ്രഹിക്കാം.

ലോകത്തിന് സംഭവിക്കുന്ന മാറ്റങ്ങൾ ശബ്ദങ്ങളുടെ ലോകത്തുനിന്ന് ഞാൻ അറിയുന്നു. പത്തുവർഷം മുമ്പ് ഞാൻ കേട്ട കുട്ടികളുടെ ശബ്ദലോകത്തിൽ നിന്ന് ആത്മാർത്ഥതയുടെയും നിഷ്ക്കളങ്കതയുടെയും ഭാവം ചോർന്നുപോയതായി ഇപ്പോൾ ഇടക്കെങ്കിലും തോന്നിയിട്ടുണ്ട്. അതുപോലെ ധൃതിയും തിരക്കും കൂടിയിരിക്കുന്നു.

## വർണ്ണങ്ങളുടെ ലോകം

കുട്ടിക്കാലത്ത് വെളിച്ചത്തിന്റെ ഒരു ഫീലിംഗ് ഉണ്ടായിരുന്നതുകൊണ്ട് ഞാൻ പലനിറങ്ങളും തിരിച്ചറിഞ്ഞിരുന്നു. അടിസ്ഥാന വർണ്ണങ്ങളുടെ ഒരുബോധം എന്റെ ഉള്ളിലുണ്ട്. ചുവപ്പ്, പച്ച, മഞ്ഞ, നീല, വെള്ള, കറുപ്പ്.... എന്നിങ്ങനെ... എനിക്കേറ്റവുമിഷ്ടപ്പെട്ട നിറം നീലയാണ്. പിന്നെ വെള്ള. വർണ്ണക്കൂട്ടുകൾ അറിയാൻ പ്രയാസം. പിങ്ക്, സിയാൻ, മജന്ത... ഇവയെന്താണെന്നറിയില്ല. ലോകത്തിന്റെ വർണ്ണവൈവിധ്യം ആസ്വദിക്കാൻ പ്രയാസമുണ്ട്. എങ്കിലും വസ്ത്രങ്ങൾ തിരഞ്ഞെടുക്കുമ്പോൾ ഞാൻ നിറങ്ങളും ശ്രദ്ധിക്കാറുണ്ട്. മാന്യവും ലളിതവുമായ ചേർച്ചയുള്ള വേഷം. അതാണെന്റെ കാഴ്ചപ്പാട്. ഭാര്യയാണ് തെരഞ്ഞെടുപ്പ് നടത്താറ്.

'വീണപൂവ്' കവിത പഠിപ്പിക്കുമ്പോൾ... കാണാത്ത പൂവിനെക്കുറിച്ച് പറയുമ്പോൾ പരിമിതി തോന്നാറുണ്ട്. എങ്കിലും മനസ്സിൽ എനിക്ക് ആ പൂവിന്റെ ഒരു ചിത്രമുണ്ട്. പൂവുകളെ ഞാനറിയുന്നത് സ്പർശനത്തിലൂടെയും ഗന്ധത്തിലൂടെയുമാണ്. മറ്റുള്ളവരുടെ വർണ്ണനകളിലൂടെയും. ആ നിലയ്ക്ക് ചെമ്പരത്തിയും മല്ലികയും എനിക്ക് സുപരിചിതം. താമര, ആമ്പൽ... ഇവയൊന്നും എനിക്കറിയില്ല. താമര ദേശീയ ചിഹ്നമാണെന്ന് കേട്ടറിവുണ്ട്. ഒരു രാഷ്ട്രീയപ്പാർട്ടിയുടെ ചിഹ്നമാണെന്നും. താമരയുടെ അനുഭവമെനിക്കിതുവരെ ഉണ്ടായിട്ടില്ല. കണിക്കൊന്നയും അതുപോലെ തന്നെ. പലപൂവുകളും പാട്ടുകളിലൂടെ ഞാൻ കേട്ടു മനസ്സിലാക്കിയിട്ടുണ്ട്. "സൂര്യകാന്തീ.." "കുടമുല്ലപ്പൂവിനും", "പാരിജാതം തിരുമിഴി..."

പക്ഷികളെ ഞാൻ മൃദുവായ ശബ്ദത്തിലൂടെ തിരിച്ചറിയുന്നു. വളർത്തുപക്ഷികളായ തത്തയും ലൗബേർഡ്സും... നല്ല പരിചയമാണ്. ചിത്രശലഭങ്ങളെ അറിയില്ല. പാട്ടിലൂടെയും കവിതയിലൂടെയും അവ സുന്ദരമായ ജീവികളാണെന്ന് മനസ്സിലാക്കിയിട്ടുണ്ട്. പാമ്പിനെ ഞാൻ കണ്ടിട്ടില്ല. അതിന്റെ മാതൃകയുണ്ടാക്കിയത് കണ്ടിട്ടുണ്ട്.

## സ്വപ്നങ്ങൾ

സ്വപ്നങ്ങൾ ഞാൻ കാണാറുണ്ട്. അബോധമനസ്സിന്റെ പ്രവർത്തനങ്ങളാണല്ലോ സ്വപ്നങ്ങൾ. സ്വപ്നവും കാഴ്ചയും തമ്മിൽ ബന്ധമൊന്നുമില്ല. സ്വപ്നങ്ങൾ ഒരുതരം തോന്നലുകളാണല്ലോ. തോന്നലുകൾക്ക് കാഴ്ച ആവശ്യമില്ല. കാഴ്ചയുള്ളവർക്ക് സ്വപ്നങ്ങൾ കാഴ്ചകളുടെ അനുഭവങ്ങൾ ആകുമ്പോൾ എന്നെപ്പോലുള്ളവർക്ക് അത് ശബ്ദങ്ങളുടെ അനുഭവചിത്രങ്ങളാകുന്നു എന്നുമാത്രം. മരണാനന്തരം പരലോകത്ത് ക്യൂവിൽ നിൽക്കുന്നതായി ഒരു സ്വപ്നം ഞാൻ ആവർത്തിച്ചുകാണാറുണ്ട്.

## ഭാഷാശൈലി

കാഴ്ചയില്ലാത്തവരോട് സംസാരിക്കുമ്പോൾ നോക്കൂ..(Look), കാണൂ.. (See) എന്നൊക്കെ പറയുന്നത് മോശമാണെന്ന് കരുതുന്നവരുണ്ട്. അതുപോലെ ഞാൻ ടി.വി. കണ്ടു എന്നുപറയുമ്പോൾ ആളുകൾ ചോദിക്കും: "നിങ്ങൾ എങ്ങനെയാണ് ടി.വി കാണുക, കേൾക്കുകയല്ലേ" എന്ന്. ഇങ്ങനെ പ്രത്യേക പ്രയോഗങ്ങളുടെ ആവശ്യമൊന്നുമില്ല. ഞങ്ങൾ കാര്യങ്ങൾ അറിയുന്നു എന്നു മനസ്സിലാക്കിയാൽ മതി. അതേസമയം കാഴ്ചയില്ലാത്തവരെ ആസ്പദമാക്കിയുള്ള ചില പ്രയോഗങ്ങളുണ്ട്. 'പൊട്ടക്കണ്ണന്റെ മാവിലേറ് ', 'ധൃതരാഷ്ട്രാലിംഗനം', 'അന്ധന്റെ ആനക്കാഴ്ച...' ഇത്തരം പ്രയോഗങ്ങൾ പലതും കാഴ്ചയുള്ളവർ കാഴ്ചയില്ലാത്തവരെ പരിഗണിക്കാതെ സൃഷ്ടിക്കുന്നവയാണ്.

## വായന


വായന ഇഷ്ടമാണ്. ബ്രെയിൽ ലിപിയിൽ ലഭ്യമാവാറുള്ള പുസ്തകങ്ങൾ എല്ലാം വായിക്കാറുണ്ട്. ബഷീർകൃതികൾ എല്ലാം വായിച്ചത് ബ്രെയിൽ പുസ്തകങ്ങളാണ്. മലയാള കവിതകൾ പലതും വായിച്ചു. അഷറിന്റെ 'എവരിതിംഗ് ഈസ് നോട്ട് ഇനഫ്' ബ്രെയിലിൽ വായിച്ചതാണ്. സാധാരണപുസ്തകങ്ങൾ വായിച്ചുതരാൻ ആരുടെയെങ്കിലും സഹായങ്ങൾ വേണമല്ലോ. അതെപ്പോഴും കിട്ടാറില്ല. വായനയുടെ ഈ പരിമിതി മറികടക്കാൻ റേഡിയോ ആണ് സഹായിക്കുന്നത്. പല ക്ലാസിക് കൃതികളും റേഡിയോയിലൂടെ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. റേഡിയോ പ്രിയപ്പെട്ട കൂട്ടുകാരനാണ്. ടി.വിയും കാണാറുണ്ട്. ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഓഡിയോ സി.ഡി.യാക്കി കിട്ടുന്നത് ഉപയോഗിക്കാറുണ്ട്. പക്ഷേ വായനയുടെ സുഖം കേൾവിയിലൂടെ കിട്ടുന്നില്ല.

## ഒറ്റയ്ക്കുള്ള നടത്തം

പരാശ്രയമില്ലാതെ സഞ്ചാരം സാധ്യമല്ലായിരുന്നു. വീട്ടുകാരുടെ അമിതപരിഗണനയും ശ്രദ്ധയും കാരണം ഒറ്റയ്ക്കു നടക്കാനുള്ള സാഹചര്യമുണ്ടായില്ല.

ഫാറൂഖ് കോളേജിൽ ബി.എ.യ്ക്ക് പഠിച്ചുകൊണ്ടിരിക്കുമ്പോൾ ഹോസ്റ്റൽ അടച്ച സമയമാണ്. വീട്ടുകാരെ അറിയിച്ചാൽ അവർ വന്നുകൊണ്ടുപോവലാണ് പതിവ്. അന്ന് വീട്ടുകാരെയറിയിക്കാതെ ഞാൻ ഒറ്റയ്ക്കങ്ങ് പോന്നു. വീട്ടിലെത്തുമ്പോഴാണ് അവർ വിവരമറിയുന്നത്! ഇതായിരുന്നു എന്റെ ആദ്യത്തെ ഒറ്റയ്ക്കുള്ള സഞ്ചാരം. പിന്നീട് വീട്ടുകാരും അതുൾക്കൊണ്ടുതുടങ്ങി. കെയിൻ ആണ് തുണ. വൈറ്റ് കെയിൻ മുൻകരുതലും ആത്മവിശ്വാസവുമുണ്ടാക്കുന്നതുമാണ്. സ്വാതന്ത്ര്യത്തി

*ശേഷം 17ൽ*



സാധാരണക്കാരനും
സാധാരണത്തവും

"ഇപ്പം ഞാന്നോക്കിയിട്ട് നല്ല രാഷ്ട്രീയപ്രവർത്തനം മണ്ണും മലേം ആറും സംരക്ഷിക്കണതാണ്. ഈ കിള്ളിയാറു തന്നെ ചാവാറായി. ഇപ്പൊ നമ്മ്ടെ മഴയിടം പ്രവർത്തകരൊക്കെ കൊറേ ചെയ്യണൊണ്ട്. ഞാനും അവർക്കൊപ്പമാണ് ആറൊക്കെ പോയാ എല്ലാം പോയില്ലേ? പിന്നൊന്നുമില്ല.

# കിള്ളിയാറ്റിൻകരയിലെ സൈക്കിളുകൾ

## സൈക്കിൾ റിപ്പയറുടെ ജീവിതം

**വി.സി. അഭിലാഷ്**

**ഒന്ന്**

പണ്ടുപണ്ടത്തെ ആ പെരുമഴക്കാലത്ത് കൊല്ലങ്കാവിനു തൊട്ടടുത്ത പഴകുറ്റി മുക്കിലായിരുന്നു ശ്രീധരൻ മേസ്തിരിയുടെ സൈക്കിൾ ഷാപ്പ്. കിള്ളിയാറ്റിൽ വെള്ളം പൊങ്ങിയപ്പോൾ കൊല്ലങ്കാവിലെ എ.കെ.ജി. സ്മാരക ഗ്രന്ഥശാലയും വെള്ളത്തിലായി. പുസ്തകങ്ങൾ ഒഴുകിയിറങ്ങി അറബിക്കടലിലേക്കു പോയി. ആ വെള്ളപ്പൊക്കത്തിന്റെ ചുളിവു വീഴാത്ത ഓർമ്മകൾക്കൊരു രണ്ടാം പതിപ്പായിരുന്നു ഇക്കഴിഞ്ഞ ഡിസംബറിൽ കേരളം മുഴുവൻ നിറഞ്ഞു പെയ്ത മഴയും കാറ്റും. വീണ്ടും കിള്ളിയാറ്റിൽ വെള്ളം പൊങ്ങി. പക്ഷേ ഇത്തവണ ലൈബ്രറിക്ക് തൊട്ടരികിലാണ് മേസ്തിരിയുടെ സൈക്കിൾഷാപ്പും വീടും. രാവിലെ തന്നെ എണീറ്റുചെന്നു നോക്കുമ്പോൾ അഞ്ചാൾപ്പൊക്കമുള്ള കൊല്ലങ്കാവ് പാലം വരെ മുങ്ങാറായിരിക്കുന്നു. പണ്ടത്തെ വെള്ളപ്പൊക്കത്തിൽ അന്നുണ്ടായിരുന്ന വീതി തീരെക്കുറഞ്ഞ ഇരുമ്പുപാലത്തെയും ഇളക്കിയെടുത്തുകൊണ്ടുപോയിട്ടുണ്ട് ഈ കിള്ളിയാർ. ആ കാഴ്ച ഓർമ്മയുള്ളതുകൊണ്ടാവാം മേസ്തിരി ആകെ അങ്കലാപ്പിലായിരുന്നു. പാലം തകരുമോ, ലൈബ്രറിയിൽ വെള്ളം കേറുമോ, പുസ്തകം നശിക്കുമോ- എന്നിങ്ങനെ ആശങ്കപ്പെട്ട് ലൈബ്രറിമുറ്റത്തെത്തുമ്പോൾ ആരുമാരും തിരിഞ്ഞുനോക്കാത്ത എ.കെ.ജി സ്മാരക വായനശാലയ്ക്കകത്തെ ചോർച്ചയാണ് കണ്ണിൽ പെട്ടത്. പുറകിലെ ചെറുപറമ്പിലും വെള്ളം കയറി നിറഞ്ഞിരിക്കുന്നു. അതിരാവിലെ എണീക്കുന്ന ശീലക്കാരായ നാട്ടുകാർ സർക്കാരിന്റെ കോടികൾ ചിലവായ കോൺക്രീറ്റ് പാലം മുങ്ങുമോ എന്നറിയാൻ അങ്ങോട്ടുപോയിരിക്കുന്നു. ഇപ്പോഴത്തെ നാട്ടുകാർക്ക് ഈ പുസ്തകക്കൂട്ടത്തിന്റെ കാര്യത്തിൽ യാതൊരു ആശങ്കയും ഇല്ലല്ലോ എന്നോർത്ത് ശ്രീധരൻ മേസ്തിരിയും പാലം കാണാൻ പോയി.

**രണ്ട്**

തിരുവനന്തപുരത്ത് പുളിമൂട് ജംഗ്ഷനിൽ ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിയൊന്നിൽ ശ്രീധരൻ മേസ്തിരിയുടെ സൈക്കിൾപ്പണി തുടങ്ങുമ്പോൾ നഗരത്തിൽ കുറഞ്ഞത് ഇരുപത്തിയഞ്ച് സൈക്കിൾറിപ്പയർ കടകളെങ്കിലും ഉണ്ടായിരുന്നു. ഇപ്പോൾ ഒന്നോ രണ്ടോ ഷോപ്പുകൾ മാത്രം എവിടെയോ ഒളിച്ചു ജീവിക്കുന്നു. ബാക്കിയൊക്കെയും വെൽഡിംഗ് വർക്ക്ഷോപ്പുകളോ മൊബൈൽഷോപ്പുകളോ ആയി പരിണമിച്ചിരിക്കുന്നു.

"എന്നെപ്പോലെ കുറേ വയസ്സൻമാര് മാത്രം ഒണ്ട്, എവിടക്കയോ. ആരും ഈ പണി പുതിയതായി പഠിക്കണില്ല. എന്നാ സൈക്കിളിന്റെ എണ്ണം കൊറഞ്ഞോന്ന് ചോദിച്ചാ, ഇല്ലന്നേ ഞാമ്പറയൂ. പുതിയ മോഡല്കള് എത്രണ്ണമാണ് ഒണ്ടാക്കിയിറക്കണത്. സകല പിള്ളേർക്കും ഒണ്ട്. സൈക്കിള് റിപ്പയറ് ഷോപ്പുകളെ എണ്ണം കൊറഞ്ഞ്. സൈക്കിള് വിക്കണ കടകള് കൂടി. പക്ഷേ എന്റെ കടേല് പിള്ളേര് സൈക്കിള് നന്നാക്കാൻ വര്മ്പം ഞാൻ അവരെക്കൊണ്ടുതന്നെ നന്നാക്കിപ്പിക്കും. ഞാൻ സഹായിക്കും. ഞങ്ങളക്ക മണ്ണടിഞ്ഞാ ഈപ്പണി അവരെങ്ങനെ ചെയ്യും?"

സൈക്കിൾടയറ് പഞ്ചറൊട്ടിക്കുന്നതിന് അമ്പത്പൈസ കാലമുണ്ടായിരുന്നപ്പോഴാണ് മേസ്തിരി പണി തുടങ്ങുന്നത്. ഇപ്പോ ഇത് പത്തും പതിനഞ്ചും രൂപയിലെത്തിയിരിക്കുന്നു. കടയിൽ ഏറിയാൽ നൂറ്റമ്പത്. അതിനപ്പുറത്തേക്കൊന്നും ഇപ്പോൾ കച്ചവടമില്ല. സൈക്കിൾ വിൽക്കുന്ന കടകൾ തന്നെ റിപ്പയർ മെറ്റീരിയൽസും-കാറ്റലോഗും ടൂൾസും-ഉപഭോക്താവിന് തുടക്കത്തിലേ നൽകുമ്പോൾ ശ്രീധരൻ മേസ്തിരിക്ക് പണിയില്ലാതാവുന്നതും സ്വാഭാവികം. എന്നാൽ പണിചെയ്ത സൈക്കിളുകളേക്കാൾ ഉടമകളുടെ ചരിത്രത്തെയോ പശ്ചാത്തലത്തെയോപറ്റിയോ ആവും മേസ്തിരിക്ക് പറയാനിഷ്ടം.

പുത്തൻ ഹീറോസൈക്കിളിൽ 'ചെത്തി'വന്നിറങ്ങിയ ചുള്ളൻമാരൊക്കെ ഇപ്പോ അപ്പൂപ്പൻമാരായി. അവരുടെ സുന്ദരൻമാരായ ചെറുകുട്ടികൾ അത്യാധുനിക മോഡലുകളിൽ വന്ന് ഈ കടയുടെ മുമ്പിൽ ബ്രേക്കിട്ടു നിർത്തുമ്പോൾ മേസ്തിരിക്ക് അഭിമാനമാണ്. അറുപത്തിരണ്ടാം വയസ്സിന്റെ ബാലിശമായ പരിമിതികൾ ഈ കുട്ടികളോട് കളിപറയാൻ ഈ മനുഷ്യന് തടസ്സമാവുന്നില്ല. ഇക്കഴിഞ്ഞ തിരുവോണനാളിൽ ലൈബ്രറിയിലെ ഓണാഘോഷത്തിൽ പിള്ളേർക്കൊപ്പം പാട്ടും കൂത്തുമായി കഴിച്ചുകൂട്ടി. നഗരത്തിലെ പുളിമൂട്ടിൽ നിന്നും ഗ്രാമത്തിലേക്ക് വന്നപ്പോൾ കച്ചവടം കുറയുമോ എന്നൊരാശങ്കയുണ്ടായിരുന്നു. പിന്നെ അതുകുറഞ്ഞു. പണ്ട് അടിയന്തരാവസ്ഥക്കാലത്ത് പുളിമൂട്ടിലെ കടയിൽ പണിക്കാരനായിരുന്ന സമയത്ത്, കരുണാകരൻ മന്ത്രിയുടെ ചെയ്ത്തുകളെ ഇന്നോർക്കുമ്പോൾ മേസ്തിരിയുടെ കണ്ണുകൾ തെളിയും. കുറേ കണ്ടിട്ടുണ്ട് കൺമുമ്പിൽ ആ കാലം. കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് ചാലകമ്പോളത്തിൽ കലാപം നടന്നു. ഭരണക്കാരുടെ തന്നെ പങ്കാളിത്തം. മുട്ടത്തറയിലാണ് അന്ന് മേസ്തിരിയുടെ താമസം. ഹിന്ദു-മുസ്ലിം കലാപം. പക്ഷംപിടിക്കലുകളുടെ വൈകാരിക ദുരന്തക്കാഴ്ചകൾ. യൗവനത്തിന്റെ തിളപ്പുകൾ. ഏതുകണക്കിൽ നോക്കിയാലും ഗ്രാമമാണ് എപ്പോഴും നല്ലതെന്ന പക്ഷമാണ് മേസ്തിരിക്ക്.

### മൂന്ന്

"എന്റെ മൂത്തമകൻ നന്നായി പടംവരയ്ക്കുമായിരുന്നു. ഒരുപാട് കഴിവുകളൊക്കെയുള്ളൊരു കൊച്ചായിരുന്നു. എന്റെ പണിയ്ക്കൊക്കെ സഹായിക്കും. ഇരുപത്തിയൊന്നാമത്തെ വയസ്സിൽ ഒരു ആക്സിഡന്റിൽ അവൻ പോയി. അതീപ്പിന്നെ ഞാനൊരു മട്ടാണ്. അഞ്ചാണ്ട് മുമ്പ് കെട്ടിയവളും പോയി. ലളിത എന്റെ പണിയ്ക്കൊരു വലിയ താങ്ങായിരുന്നു. മൂത്ത മോന്റെ മരണമാണ് അവളെ പെട്ടെന്ന് കെടത്തിയത്. പാവം! ഒരുപാട് അനുഭവിച്ചേച്ചാ പോയത്. ഇപ്പം എളയ രണ്ടു മക്കളും അവരുടെ പെണ്ണുങ്ങളും ചെറുകുട്ട്യോളും ഞാനും ഈ സൈക്കിൾഷോപ്പിന്റെ പിറകിലിങ്ങനെ..."

കടയിലെത്തുന്നവരുടെ കുടുംബത്തെ മുഴുവൻ ശ്രീധരൻ മേസ്തിരിക്ക് പരിചയമാണ്. മിക്കവരുടെയും വീടുകളിൽ പോയിട്ടുണ്ട്. അക്കാര്യത്തിൽ ജാതിമത ചിന്തകളൊന്നുമില്ല. അല്ലെങ്കിൽ തന്നെ എന്തിനാണീക്കൂട്ടങ്ങൾ? മനുഷ്യനെ തെറ്റിക്കാൻ!

### നാല്

ശ്രീധരൻ മേസ്തിരിയുടെ രാഷ്ട്രീയമെന്താണ്?/ സൈക്കിൾറിപ്പയറുകാരന്റെ രാഷ്ട്രീയം സൈക്കിളുകളുടെ വീലുകളുടെ ഗതിയനുസരിച്ചാണെന്നൊരു പഴമൊഴിയുണ്ട്. മേസ്തിരിക്കങ്ങനല്ല. വ്യക്തമായ കാഴ്ചപ്പാടുകളുണ്ട്. പലതരം ആളുകളുമായി ഇടപഴകി ഉണ്ടാക്കിയെടുത്ത ഒരു പശ്ചാത്തലം. അടിയന്തരാവസ്ഥയെ ആളുകൾ കുറ്റം പറയുമ്പോൾ ഒരു പരിധിവരെ മേസ്തിരി അതിനെ ന്യായീകരിക്കും. കടകളിലൊക്കെ വിലവിവരപ്പട്ടിക സൂക്ഷിക്കുന്ന ഏർപ്പാടൊക്കെ അടിയന്തരാവസ്ഥക്കാലത്തിന്റെ സൃഷ്ടിയാണ്. ന്യായീകരണത്തിന് ഇത്തരം വസ്തുതകളാണ് പിൻബലം. എന്നുവെച്ച് എല്ലാ തോന്ന്യാസങ്ങളും അംഗീകരിക്കില്ല.

"ഇപ്പം ഞാന്നോക്കിയിട്ട് നല്ല രാഷ്ട്രീയപ്രവർത്തനം മണ്ണും മലേം ആറും സംരക്ഷിക്കണതാണ്. ഈ കിള്ളിയാറു തന്നെ ചാവാറായി. ഇപ്പൊ നമ്മ്ടെ മഴയിടം പ്രവർത്തകരൊക്കെ കൊറേ ചെയ്യണൊണ്ട്. ഞാനും അവർക്കൊപ്പമാണ് ആറൊക്കെ പോയാ എല്ലാം പോയില്ലേ? പിന്നൊന്നുമില്ല. ഇപ്പം നമ്മള് മഴേ കുറ്റം പറയണ്. നാളെ മഴയില്ലാത്തൊരു കാലം വരും ചുട്ടുപഴുക്കും. അതോർക്ക്മ്പ വല്യ പേടിയാണ്!"



## ആർ.കെ.യുടെ കോമൺമാൻ; ഇന്ത്യയുടെയും


ഒരു ശരാശരി ഭാരതീയന്റെ ആകുലതകളും സ്വപ്നങ്ങളും പ്രതിസന്ധികളും പേറി സാധാരണക്കാരനിൽ സാധാരണക്കാരനായി നടക്കുന്ന, കഷണ്ടിത്തലയും വരയൻ കുർത്തയും അനുസരണയില്ലാത്ത മുടിയും അടയാളമാക്കിയ 'കോമൺമാൻ' 1951 മുതൽ ആണ് കാർട്ടൂണിസ്റ്റ് ആർ.കെ. ലക്ഷ്മണന്റെ പേനത്തുമ്പിൽ നിന്ന് നടന്നുതുടങ്ങിയത്. അരനൂറ്റാണ്ട് കാലമായി നിശ്ശബ്ദനായി എല്ലാത്തിനും സാക്ഷിയായി ഈ സാധാരണ മനുഷ്യൻ 'You said it' എന്ന സ്ട്രിപ്പ് കാർട്ടൂണിലും മറ്റ് പൊളിറ്റിക്കൽ കാർട്ടൂൺ ഫെയിമുകളിലും സാധാരണക്കാരന്റെ പ്രതിനിധിയായി ലക്ഷ്മണൻ ഈ കുറിയ മനുഷ്യനെ ആവിഷ്ക്കരിക്കുന്നു.

### ശക്തമായ പ്രതീക്ഷ

സാധാരണ പൗരനെ ശക്തമായി പ്രതിനിധീകരിക്കുന്ന ഈ കാർട്ടൂൺ കഥാപാത്രത്തിന്റെ ഒരു വെങ്കല പ്രതിമ തന്നെ പൂനെയിലെ സിമ്പോയോസിസ് ഇൻസ്റ്റിറ്റ്യൂട്ടിനു മുമ്പിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. 1988 ൽ തപാൽ വകുപ്പ് പുറത്തിറക്കിയ തപാൽ മുദ്രയിലും 'കോമൺമാൻ' സ്ഥാനം പിടിച്ചിട്ടുണ്ട്. ചിലവുകുറഞ്ഞ എയർ ഡക്കാൻ എന്ന വിമാനസർവ്വീസിന്റെ ഭാഗ്യമുദ്രയായും ഈ അലസവേഷധാരി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.



No Sir, this famine has not affected us.
We have always starved here, you see.



സാധാരണക്കാരന്റെ
മാധ്യമം

**ഭാവനയുടെ അവസാനമാണ് ടെലിവിഷൻ. ഒരു വിഷലിന് അപ്പുറത്തേക്ക് ഒന്നുമില്ല. അതാണ് അവസാന വാക്ക്. ബ്രെയിൻ ആക്ടീവായി നിലനിർത്താൻ റേഡിയോ സഹായിക്കുന്നു. ഏറ്റവും ചിലവുകുറഞ്ഞതും ഇക്കൊഫ്രണ്ട്ലിയുമായ മാധ്യമമാണ് റേഡിയോ. ആകാശവാണി കോഴിക്കോട് നിലയം പ്രോഗ്രാം എക്സിക്യൂട്ടീവും എഴുത്തുകാരനുമായ കെ.എം നരേന്ദ്രൻ സംസാരിക്കുന്നു.**

# ഭാവന തിരിച്ചുകൊണ്ടുവരാൻ റേഡിയോ

മലയാള സാഹിത്യത്തിന്റെയും കേരളീയ സാംസ്കാരികതയുടെയും അജണ്ടനിശ്ചയിച്ചിരുന്ന ഒരു കാലം ഉണ്ടായിരുന്നു കോഴിക്കോട് ആകാശവാണി നിലയത്തിൽ. സാഹിത്യത്തിനും സംഗീതത്തിനും സാംസ്കാരിക പ്രവർത്തനത്തിനും ഒരുപോലെ പാരമ്പര്യമുള്ള റേഡിയോ നിലയമായിരുന്നു കോഴിക്കോട് ആകാശവാണി പ്രക്ഷേപണത്തിന് വേറിട്ട വഴികളിലൂടെ ഇന്നും സഞ്ചരിക്കുന്ന കോഴിക്കോട് ആകാശവാണി നിലയത്തിലെ അമരക്കാരനായ കെ.എം.നരേന്ദ്രൻ റേഡിയുടെ ഭാവിയെക്കുറിച്ചുള്ള സങ്കൽപ്പങ്ങളും ആകുലതകളും പങ്കുവെക്കുന്നു.

മുൻകാലങ്ങളിൽ നാഷണൽ റേഡിയോകൾ മാത്രമാണ് ഉണ്ടായിരുന്നത്. ഇന്ത്യയിൽ ആൾ ഇന്ത്യ റേഡിയോ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ, വോയ്സ് ഓഫ് അമേരിക്ക തുടങ്ങിയ വലിയ റേഡിയോ ശൃംഖലകളാണ് അന്നുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ അങ്ങനെയല്ല. ദേശീയ ശൃംഖലയിൽപെട്ട റേഡിയോകൾക്കൊപ്പം തന്നെ കച്ചവടതാല്പര്യങ്ങൾ മാത്രമുള്ള കോമേഴ്സ്യൽ റേഡിയോ സ്റ്റേഷനുകൾ, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ മാത്രംചെയ്യുന്ന റേഡിയോകൾ കൊച്ചു സംഘടനകളുടെ പ്രതിരോധപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ബദൽ റേഡിയോകൾ എന്നിവ തുടങ്ങികൊണ്ടിരിക്കുന്നു. എന്നാൽ ഇന്ത്യയിൽ ബദൽ റേഡിയോകൾ അത്ര ശക്തമല്ല. ഗാന്ധിയൻ റേഡിയോ, എക്കോളോജിക്കൽ റേഡിയോ തുടങ്ങിയ പ്രത്യേക റേഡിയോ പരിപാടികൾ കൂടി വന്നാലേ ബദൽ റേഡിയോകളുടെ ചാരുത പൂർണമാവുകയുള്ളു.

സർക്കാർ മുൻകൈ എടുക്കാത്തതും ലൈസൻസ് ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ലഘൂകരിക്കാത്തതുമാണ് ഇപ്പോഴത്തെ പ്രധാന പ്രതിസന്ധി. ആകാശവാണിക്ക് സമാന്തരമായി സ്വകാര്യവാണിജ്യ റേഡിയോ സ്റ്റേഷനുകൾ തുടങ്ങാൻ തീരുമാനിച്ചതുപോലെ ബദൽ റേഡിയോകളെ പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. അമേരിക്കപോലുള്ള രാജ്യങ്ങളിൽ അൾട്ടർനേറ്റീവ് റേഡിയോ സജീവമാണ് എന്നാൽ മൂന്നാം ലോകരാജ്യങ്ങളിൽ ഒരു മൂവ്മെന്റ് എന്ന രീതിയിൽ റേഡിയോ ഇനിയും വളർന്നിട്ടില്ല.

ടെലിവിഷൻപോലുമെത്താത്ത നാട്ടിൻപ്പുറത്തെ സാധാരണക്കാരനും ടെലിവിഷൻ മടുത്ത് അതിനുമപ്പുറത്തേക്കു കടന്നവരുമായിട്ടുള്ള, രണ്ട് ധ്രുവങ്ങളിൽ ഉള്ളവരാണ് റേഡിയോ ശ്രോതാക്കൾ. വിഷ്വൽമാധ്യമങ്ങളെ പാശ്ചാത്യ രാജ്യങ്ങൾ പുറംതള്ളികൊണ്ടിരിക്കുകയാണ്. അവിടങ്ങളിൽ വാർദ്ധിക്യത്തിൽ എത്തിയവർമാത്രമാണ് ടീ.വിക്കു മുന്നിലിരിക്കുന്നത്. ആധുനിക ലോകത്ത് പലപ്പോഴും ആളുകൾ ഫ്രീ ആകുന്നത് ട്രാഫിക്ക്ജാമിൽ മാത്രമാണ്. ഇത്തരം സന്ദർഭങ്ങളിൽ അവർക്കു കൂട്ടാവുന്നത് റേഡിയോ മാത്രമാണ്.

റേഡിയോ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള ചിലവുകൾ കുറഞ്ഞുവരികയാണ്. ട്രാൻസ്മിഷൻ, ടെക്ക്നിക്കൽ ചിലവുകൾ എന്നിവയല്ലാം വളരെഏറെകുറഞ്ഞിട്ടുണ്ട്. ഏറ്റവും എളുപ്പത്തിലും സൗകര്യപ്രദമായവിധത്തിലും കൈകാര്യംചെയ്യാവുന്ന ലളിതമായ ഉപകരണങ്ങളാണ് റേഡിയോ സ്റ്റേഷനുകളിൽ ഉപയോഗിക്കുന്നത്. എന്നാൽ പുതിയ സ്റ്റേഷനുകൾക്കൊന്നും തന്നെ ശബ്ദത്തെ ഉപയോഗിക്കേണ്ടതെങ്ങനെയാണെന്ന് അറിയില്ല. ആകാശവാണി ചെയ്യുന്നതിൽ നിന്നും മാറ്റം വരുത്തുക എന്ന് മാത്രമാണ് അവർ ചിന്തിച്ചത്. വർഷങ്ങളുടെ പരിചയത്തിൽ നിന്നാണ് ആകാശവാണി അതിന്റെ മിതഭാഷിത്വം വികസിപ്പിച്ചത്.

മിതഭാഷിത്വം മാത്രമെ ദീർഘകാലം മനസ്സിൽ തങ്ങിനിൽക്കുകയുള്ളു. അതുകൊണ്ടു തന്നെയാണ് പുതിയ എഫ്.എം. ചാനലുകളെ ജനം കയ്യൊഴിഞ്ഞത്. അത്തരം ചാനലുകൾ ഗുണപരമെന്ന് വിശ്വസിച്ച് ചെയ്യുന്നതെല്ലാം പൊള്ളയായ കാര്യങ്ങളാണ്. അവർക്ക് പുറം പകിട്ട് മാത്രമെയുള്ളു. ആഴമില്ലായ്മയെ ആദർശവൽക്കരിക്കാനാണ് അവർ ശ്രമിക്കുന്നത്. ജനങ്ങൾക്കിഷ്ടം അഗാധതയാണ് അത്തരം എഫ്.എം ചാനലുകൾ ടീ.വി ചാനലുകളെ പിന്തുടർന്ന് പ്രത്യേകഭാഷപോലും സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ടീനേജുകാർ എല്ലാം വിടുവായിത്വമുള്ളവരാണ്

**ഇന്ത്യയിൽ ബദൽ റേഡിയോകൾ അത്ര ശക്തമല്ല. ഗാന്ധിയൻ റേഡിയോ, എക്കോളോജിക്കൽ റേഡിയോ തുടങ്ങിയ പ്രത്യേക റേഡിയോ പരിപാടികൾ കൂടി വന്നാലേ ബദൽ റേഡിയോകളുടെ ചാരുത പൂർണമാവുകയുള്ളു.**

എന്നാണ് അവരുടെ പക്ഷം. കൗമാര പ്രായക്കാർ വെറും വിഡ്ഢികളല്ല. ഇത്തരം ചാനലുകളിലൂടെ സ്വയം അപഹാസ്യരാവുന്നത് തിരിച്ചറിയാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. യഥാർത്ഥത്തിൽ അത്തരം സ്വകാര്യ ചാനലുകൾ സ്വയം മിസ്ലീഡ് ചെയ്യുകയാണ്.

തുടക്കത്തിൽ ഇത്തരം സ്വകാര്യ ചാനലുകളുമായി മത്സരിക്കുന്നതിന് അവയെ അനുകരിക്കാൻ ആകാശവാണി ശ്രമം നടത്തിയിരുന്നു. എന്നാൽ ശക്തമായ രീതിയിൽ സ്വന്തം നിലപാടുകളിൽ ഉറച്ചു നിൽക്കാനാണ് ആ അനുകരണങ്ങൾ അത്രയും കാരണമായി തീർന്നത്.

കമ്മ്യൂണിറ്റി റേഡിയോ ഒരു ബദൽ റേഡിയോ ആയി മാറണം കൊച്ചുഗ്രാമങ്ങളിൽ. ആകാശവാണിയുടെ പകർപ്പ് ഉണ്ടാക്കുന്നതിനു പകരം ഗ്രാമീണഭാഷയുടെ ജിഹ്വയായി കമ്മ്യൂണിറ്റി റേഡിയോ മാറണം.

കോഴിക്കോട് ആകാശവാണി കേരളത്തിലെ സാംസ്കാരിക മാറ്റങ്ങൾക്ക് വലിയ പങ്കുവഹിച്ചിട്ടുണ്ട്. ആകാശവാണിയുടെ ഉത്പന്നമാണ് നീലക്കുയിൽ എന്ന സിനിമ. തിക്കോടിയനും രാഘവൻമാഷുമില്ലാതെ നീലക്കുയിൽ ഇല്ലല്ലോ. ഇന്നും ആ സാഹചര്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും വേണ്ടത്ര മാനവശേഷിയില്ലാത്തതും അത്തരം മുന്നേറ്റങ്ങൾക്ക് തടയിടുന്നു. സർക്കാരിന്റെ നിയന്ത്രണമുള്ളതുകൊണ്ടല്ല നാടിന്റെ ദൈനംദിന പ്രവർത്തനങ്ങളിൽ ആകാശവാണി ഇടപെടാത്തത്. ഉയർന്ന ജീവനക്കാരുടെ ആയിരത്തോളം ഒഴിവുകൾ നിയമിക്കപ്പെടാതെ കിടക്കുന്നു. എന്നാലും പലരുടെയും സാന്ത്വന സ്പർശമായും ആശ്വാസവാക്കുകളായും ആകാശവാണി മാറുന്നുണ്ട്. ശ്രോതാക്കൾക്ക് നേരിട്ട് ഇടപെടാനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്.

മൊത്തത്തിൽ പ്രതിരോധപ്രവർത്തനങ്ങൾ കുറഞ്ഞുവരുന്ന ഒരു കാലഘട്ടമാണിത്. ആ കുറവ് ആകാശവാണിയിലുമുണ്ട്. എന്റോസൾഫാൻ സമരം പോലുള്ള പ്രശ്നാധിഷ്ഠിത പ്രതിരോധപ്രവർത്തനങ്ങൾക്കാണ് ഇനിയുള്ള കാലം. അല്ലാതെ ഉണ്ടാകാനിടയില്ലാത്ത ഒന്നിനു വേണ്ടിയുള്ള ഒരു വിപ്ലവം ഇനിയുണ്ടാകില്ല. എന്നാൽ തീവ്രവാദ പ്രവർത്തനങ്ങൾ ഉണ്ടാവുകയും ചെയ്യും. അതിനെ പ്രതിരോധപ്രവർത്തനം എന്നുപറയാൻ പറ്റില്ല.

ഇന്റർനെറ്റ് ഓൺലൈൻ റേഡിയോകൾക്ക് വളരെ വലിയ സാധ്യതയാണുള്ളത്. എന്നാൽ ഇവപലപ്പോഴും ഒരു വെബ്സൈറ്റും ഓഡിയോവുമായി ചുരുങ്ങിപോകുകയാണ്. ഒരിക്കലും റേഡിയോ ശ്രോതാക്കൾ ഇല്ലാതാകുന്നില്ല. റേഡിയോ ശബ്ദമാണ് കേൾപ്പിക്കുന്നത്. ഭാവന തിരിച്ചുകൊണ്ടുവരാൻ റേഡിയോ സഹായിക്കുന്നു. End of the Imagination ആണ് ടെലിവിഷൻ. ഒരു വിഷ്വലിന് അപ്പുറത്തേക്ക് ഒന്നുമില്ല. അതാണ് അവസാന വാക്ക്. ബ്രെയിൻ ആക്ടീവായി നിലനിർത്താൻ റേഡിയോ സഹായിക്കുന്നു. ഏറ്റവും ചിലവുകുറഞ്ഞതും ഇക്കോഫ്രണ്ട്ലിയുമായ മാധ്യമമാണ് റേഡിയോ .

*തയ്യാറാക്കിയത് : സതീഷ് ചളിപ്പാടം*



# സാധാരണത്തം എന്നാൽ

**ഓരോ മനുഷ്യജീവിയും അസാധധാരണത്വത്തെ തേടി കൊണ്ടിരിക്കുകയാണ് അതാണ് ദുരിതങ്ങളെ സൃഷ്ടിക്കുന്നത്.**

നിങ്ങൾ സന്തോഷവാനാകുവാൻ ആഗ്രഹിക്കുകയാണെങ്കിൽ പ്രബുദ്ധതയല്ലാതെ മറ്റുവഴികളൊന്നുമവിടെയില്ല. നിങ്ങൾ സാധാരണക്കാരനാകുവാൻ ആഗ്രഹിക്കുകയാണെങ്കിൽ പ്രബുദ്ധനായിത്തീരാതെ ആരും തന്നെ ഒരിക്കലും സാധാരണക്കാരനായിത്തീർന്നിട്ടില്ല. നിങ്ങൾ സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും ആഗ്രഹിക്കുകയാണെങ്കിൽ പ്രബുദ്ധതയെ കൂടാതെ അതസാധ്യമാണ്. അതിനാൽ പ്രബുദ്ധതയെക്കുറിച്ചുള്ള എന്റെ സങ്കല്പത്തെ നിങ്ങൾക്കു മനസ്സിലാക്കിതരേണ്ടിവരും. അത് സാധാരണക്കാരനാവുക എന്നതുമാത്രമാണ്. ആരോഗ്യവാനും, ബോധവാനും, സമ്പൂർണ്ണനുമാവുക. എന്നതു മാത്രമാണ്.

ഓരോ മനസ്സും എന്തെങ്കിലും അസാധാരണത്വത്തെ തേടിക്കൊണ്ടിരിക്കുകയാണ്. അഹന്തയെന്നാലതാണ്. പ്രത്യേകിച്ച് ആരെങ്കിലുമാവാൻ എല്ലായ്പ്പോഴും ഭയപ്പെട്ടു കൊണ്ട്, ആരുമല്ലാത്തവനായിതീരുന്ന ആന്തരികമായ ശൂന്യത ഏതു വിധത്തിലെങ്കിലും എല്ലായ്പ്പോഴും നിറക്കുവാൻ ശ്രമിച്ചുകൊണ്ട്- അഹന്തയെന്നാലതാണ്. ഓരോ മനുഷ്യജീവിയും അസാധാരണത്വത്തെ തേടി കൊണ്ടിരിക്കുകയാണ് അതാണ് ദുരിതങ്ങളെ സൃഷ്ടിക്കുന്നത്. അത് സാധ്യമല്ലാത്തതാണ്. നിങ്ങളുടെ സഹജഭാവം തന്നെ ആരുമില്ലായ്മയാണ്, ഒന്നുമില്ലായ്മ എന്ന ആ ഒരു ദ്രവ്യം കൊണ്ടാണ് നിങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. നിങ്ങളെത്ര തന്നെ ശ്രമിച്ചാലും നിങ്ങളൊരിക്കലും വിജയിക്കുകയില്ല, അലക്സാണ്ടർമാർ പോലും പരാജയപ്പെടും. പ്രത്യേകിച്ചൊരുവനാകാൻ നിങ്ങൾക്കു കഴിയുകയില്ല. കാരണം വസ്തുക്കളുടെ സഹജ സ്വഭാവം തന്നെ അതിനെതിരാണ്. നിങ്ങൾക്ക് ആരുമല്ലാത്തവനാകാൻ മാത്രമേ കഴിയൂ.


എന്നാൽ ആരുമല്ലാത്തവനാകുന്നതിലവിടെ തെറ്റൊന്നും തന്നെയില്ല. വാസ്തവത്തിൽ നിങ്ങൾ നിങ്ങളുടെ ആരുമല്ലായ്മയെ സ്വീകരിക്കുന്ന ആ നിമിഷം, ഉടനെ നിങ്ങളിൽ നിന്ന് ആനന്ദം എല്ലാ ദിശകളിലേക്കും ഒഴുകുവാൻ തുടങ്ങും- കാരണം ദുരിതങ്ങളപ്രത്യക്ഷമായിക്കഴിഞ്ഞു. ദുരിതങ്ങൾ അഹന്തയുടെ നിഴലാണ്. അതിമോഹമുള്ള മനസ്സിന്റെ നിഴലാണ്. ദുരിതങ്ങളെന്നാൽ നിങ്ങളസാധ്യമായതെന്തോ ചെയ്തുകൊണ്ടിരിക്കുകയാണ് എന്നാണർത്ഥം.

*-ഓഷോ*

സാധാരണക്കാരനും
സാധാരണത്തവും

**പേനകളെ ചികിത്സിക്കുന്ന തൃശൂരിലെ പെൻഹോസ്പിറ്റലിനെക്കുറിച്ച് .......**

# പേനകൾക്കൊരു ആശുപത്രി




**ഓരോരുത്തർക്കും കാണും ആത്മബന്ധത്തോടെ കൊണ്ടുനടക്കുന്ന പ്രിയപ്പെട്ട പേനകൾ. അത്തരം പേനകൾക്ക് രോഗം വന്നാൽ അതവരെ സങ്കടപ്പെടുത്തും. പേനകളോടുള്ള വൈകാരികമായ ബന്ധമാണ് കേടുവന്നാൽ അത് നന്നാക്കിയെടുക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നത്. അഞ്ചു രൂപയുടെ പേന വാങ്ങി ഉപയോഗിച്ച് വലിച്ചെറിയുന്ന ശീലക്കാർക്ക് ഈ വൈകാരികത മനസ്സിലാവില്ല.**

'ഓണസ്റ്റ് പെൻ ഹോസ്പിറ്റൽ' - കൺസൾട്ടിംഗ് ടൈം '9 AM - 5 PM. Sunday Holiday'

തൃശൂർ പാലസ് റോഡിൽ സാഹിത്യ അക്കാദമിക്ക് മുമ്പിലായി ഒരു പഴയ കെട്ടിടത്തിനു മുമ്പിൽ ഇങ്ങനെയൊരു ബോർഡ് കാണാം. സംശയിക്കേണ്ട! പേനകൾക്ക് രോഗം വരുമ്പോൾ ചികിത്സിക്കാൻ ഒരിടം. ഡോക്ടറായി നാസറും.

പേന ചികിത്സാരംഗത്ത് 60 വർഷത്തിലേറെയായി ഈ സ്ഥാപനം പ്രവർത്തിക്കുന്നു. നാസറിന്റെ പിതാവ് അബ്ദുള്ള കൽക്കത്തയിൽ നിന്ന് പഠിച്ചുവെച്ച വിദ്യ നാട്ടിൽ പ്രയോഗിക്കാൻ തുടങ്ങിയതാണ്. 1979 മുതൽ നാസർ ഡോക്ടറായി ചുമതലയേറ്റു. പിതാവ് ഇടയ്ക്ക് 'ഡ്യൂട്ടി'യിൽ എത്തും.

പേന ചികിത്സയിൽ ഈ സ്ഥാപനത്തിന്റെ പെരുമയറിഞ്ഞ പ്രമുഖർ പലരുണ്ട്. മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിക്ക് സോവിയറ്റ് യൂണിയൻ പ്രസിഡന്റ് ഗൊർബച്ചേവ് സമ്മാനമായി നൽകിയ 'മോണ്ട് ബ്ലാൻക്' പേനക്ക് ഒരിക്കൽ ഒരു ദീനം. പേന നിലത്തുവീണതാണ്. അന്ന് രാജീവ് ഗാന്ധിയുടെ പേഴ്സണൽ സ്റ്റാഫിൽ പെട്ട മലയാളിക്ക് സുഹൃത്ത് വഴി തൃശൂരിലെ പെൻ ഹോസ്പിറ്റലിനെക്കുറിച്ച് വിവരം കിട്ടുന്നു. ഇദ്ദേഹം വിവരം ധരിപ്പിച്ചതിനെ തുടർന്ന് രാജീവ് ഗാന്ധി തന്റെ പ്രിയപ്പെട്ട പേനയെ തൃശൂരിലേക്കെത്തിക്കുന്നു. നാസറിന്റെ വിദഗ്ധ ചികിത്സയിലൂടെ രോഗം ഭേദമാകുന്നു.

എ.പി.ജെ. അബ്ദുൽ കലാം രാഷ്ട്രപതിയായിരിക്കെ കേരള സന്ദർശനവേളയിൽ പേന വീണ് പരിക്കേറ്റു. പ്രൈവറ്റ് സെക്രട്ടറി പേനയെത്തിച്ചത് നാസറിന്റെ ആശുപത്രിയിൽ.

സാഹിത്യനായകൻമാരും നായികമാരും പേനയെ സ്നേഹിക്കുന്നവരാണ്. ഓരോരുത്തർക്കും കാണും ആത്മബന്ധത്തോടെ കൊണ്ടുനടക്കുന്ന പ്രിയപ്പെട്ട പേനകൾ. അത്തരം പേനകൾക്ക് രോഗം വന്നാൽ അതവരെ സങ്കടപ്പെടുത്തും. ഇങ്ങനെ നിരവധി എഴുത്തുകാരുടെ പ്രിയതമമാരെ ചികിത്സിച്ച് സങ്കടം തീർത്തുകൊടുത്തതിന്റെ അനുഭവങ്ങൾ നാസർ വിവരിക്കുന്നത് അഭിമാനത്തോടെയാണ്. വൈലോപ്പിള്ളിയും സി.വി. ശ്രീരാമനും സാറാജോസഫും... അങ്ങനെയെത്രയെത്ര എഴുത്തുകാരുടെ പേനകളെ താൻ സുഖപ്പെടുത്തി.


പേനകളോടുള്ള വൈകാരികമായ ബന്ധമാണ് കേടുവന്നാൽ അത് നന്നാക്കിയെടുക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നത്. അഞ്ചുരൂപയുടെ പേന വാങ്ങി ഉപയോഗിച്ച് വലിച്ചെറിയുന്ന ശീലക്കാർക്ക് ഈ വൈകാരികത മനസ്സിലാവില്ല. ചെറുപ്പത്തിൽ സമ്മാനം കിട്ടിയത്, ഉപയോഗിച്ച് പരിചയിച്ച് ഇഷ്ടത്തിലായത്,വില കൂടുതലുള്ളത്, വിശ്വാസങ്ങൾ.... ഇങ്ങനെ പലതരത്തിൽ പേനകളെ കാണുന്നവരുണ്ട്. അവർക്ക് തങ്ങളുടെ സന്തതസഹചാരിക്ക് രോഗം ബാധിച്ചെന്നു കരുതി നിഷ്ക്കരുണം ഉപേക്ഷിക്കാൻ കഴിയില്ല. അത്തരക്കാരാണ് കൂടുതലായി തൃശൂരിലെ ആശുപത്രിയിൽ എത്തുന്നത്.

മറ്റു പലതും പോലെ പേനയോടുള്ള കൂട്ടുകെട്ടും വളരെ പ്രധാനമാണ്. നാസർ പറയുന്നു. പരീക്ഷ എഴുതാൻ പോകുന്നയാൾക്ക് ചിരപരിചിതമായ പേനയാണ് നല്ലത്. പുതിയ പേന വാങ്ങി ആദ്യത്തെ എഴുത്ത് തന്നെ പരീക്ഷാപേപ്പറിലാക്കുന്ന കുട്ടികളാണ് ഇന്ന്. പലർക്കും ഓരോ പരീക്ഷയ്ക്ക് ഓരോ പേനകളാണ്. ബാൾ പേനകൾ നിർമ്മിച്ച് 3-4 മാസങ്ങൾക്കുള്ളിൽ ഉപയോഗിക്കണം. എന്നാൽ വാങ്ങുന്ന പേനകൾ നിർമ്മിച്ചിട്ട് എത്രനാളായെന്നറിയാതെ ഉപയോഗിക്കുമ്പോൾ സൂക്ഷിക്കേണ്ടതുണ്ട്.

ജീവിതത്തിലെ സുപ്രധാനമായ പല മുഹൂർത്തങ്ങളും രേഖപ്പെടുത്തുന്ന പേനകൾ വളരെ പ്രധാനമാണ്. കാലാകാലത്തേക്കുമായി നാം കാത്തുവെയ്ക്കുന്ന മുദ്രകൾ!

എഴുതുന്നവർക്ക് മനസ്സിലെ ആശയങ്ങൾ തട്ടും തടവുമില്ലാതെ രേഖപ്പെടുത്താൻ പേനകൾ നന്നാവണം. അതെ! നല്ല പേനകൾ, നാം സ്നേഹിക്കുന്ന പേനകൾ നമുക്ക് നല്ല ആശയങ്ങളും തരും. നാസർ തന്റെ കാഴ്ചപ്പാടുകൾ ഇങ്ങനെ പങ്കുവെയ്ക്കുന്നു.

മഷി നിറയ്ക്കുന്ന ഫൗണ്ടൻ പേനകൾക്ക് ഡിമാന്റ് കൂടിവരുന്നുണ്ട്.





മില്യൺ കണക്കിന് വിലയുള്ള പേനകൾ ലോകത്ത് ഇറങ്ങുന്നുണ്ട്.

നാസറിന്റെ ആശുപത്രിയിൽ പേനകളുടെ വിൽപനയുണ്ട്. റീഫിൽ മാറ്റാനും പേനകൾ വാങ്ങാനും നിത്യവും ആളുകൾ വരുന്നുണ്ട്. ഇദ്ദേഹം മഷി നിറച്ചുകൊടുക്കുന്നത് സിറിഞ്ച് ഉപയോഗിച്ചാണ്. പേനകളുടെ ചികിത്സ സൗജന്യമാണ്.

പേനയുടെ എഴുത്ത് നന്നാവാൻ പേന പിടിക്കുന്ന രീതി പ്രധാനമാണ്. അതുപോലെ എഴുതിയെഴുതിയാണ് ഒരു ഫൗണ്ടൻ പേന നന്നാവുക. ഒരാൾ ഉപയോഗിക്കുന്ന പേന മറ്റൊരാൾ ഉപയോഗിച്ചാൽ പിടിക്കുന്ന പൊസിഷൻ മാറുന്നതോടെ എഴുത്തിന്റെ സുഖവും മാറും. അതുകൊണ്ടുതന്നെ ഫൗണ്ടൻ പേനകൾ കൈവിട്ടു കൊടുക്കരുത്.

**പേന ഉപയോഗിക്കുന്നവർ ഡോക്ടർ നാസർ പറഞ്ഞുതരുന്ന നല്ല ശീലങ്ങളും മുൻകരുതലുകളും അറിഞ്ഞിരിക്കുന്നത് നല്ലതാണ്.**

-മഷിപേനകൾ ഇടയ്ക്ക് കഴുകുന്നത് നല്ലതാണ്. നാം ശരീരം വൃത്തിയാക്കുന്നതുപോലെ പേനയെയും..

-ചൂടുവെള്ളത്തിൽ ഒരിക്കലും കഴുകരുത്. പച്ചവെള്ളത്തിൽ അൽപനേരം ഇട്ടുവെച്ചതിന് ശേഷം വൃത്തിയാക്കുക.

-ഉപയോഗിക്കാതെ വെയ്ക്കുന്നുവെങ്കിൽ നിർബന്ധമായും മഷികളഞ്ഞ് കഴുകി സൂക്ഷിക്കണം.

-നിബ്ബിൽ ബ്ലേഡ് കൊണ്ട് വരഞ്ഞ് വൃത്തിയാക്കിയാൽ പേനക്ക് ലീക്ക് വരും.

-തിരിച്ചു തുറക്കുന്ന മഷിപേനകളിൽ പിരിയുടെ മുകളിലേക്ക് ഒരിക്കലും മഷി നിറക്കരുത്. ലീക്ക് ഉണ്ടാകും.

-ലീക്ക് അനുഭവപ്പെടുന്നുണ്ടെങ്കിൽ മഷിപ്പേന ഉടനെ വൃത്തിയാക്കി വയ്ക്കണം.

-മഷിപ്പേനകൊണ്ടു നടക്കുമ്പോൾ കിടത്തി ഇടരുത്.

-നിങ്ങൾ പേനയോട് കാണിക്കുന്ന ശ്രദ്ധ മറ്റുള്ളവർ കാണിക്കണമെന്നില്ല. അതുകൊണ്ട് മറ്റുള്ളവർക്ക് ഉപയോഗിക്കാൻ കൊടുക്കുന്നത് ഒഴിവാക്കുക.

-ബാൾപേന ഉപയോഗിക്കുന്നവർ നിത്യവും കുറച്ച് (രണ്ടുവരിയെങ്കിലും) എഴുതണം.

-ഒരുപാട് ബാൾപേനകൾ ഉണ്ടെങ്കിൽ എല്ലാപേനകളും മാറിമാറി ഉപയോഗിക്കണം. ഉപയോഗിക്കാതെ ബാൾപേന വച്ചാൽ മഷി കട്ടപിടിച്ച് റീഫിൽ ചീത്തയാകും.

*കാഴ്ചയുടെ ആഴങ്ങൾ (പേജ് 11) തുടർച്ച..*

ന്റെയും സ്വാശ്രയത്വത്തിന്റെയും അടയാളവുമാണ്.

### മനസ്സിലെ ചിത്രങ്ങൾ

ശബ്ദത്തിലൂടെയാണ് സൗന്ദര്യാസ്വാദനം. ശബ്ദഭംഗിയിൽ നിന്ന് സൗന്ദര്യത്തിലേക്ക് എത്തുന്നു. സൗന്ദര്യമെന്നത് ഏതൊരാളെ സംബന്ധിച്ചിടത്തോളവും വ്യക്തിപരമായ കാര്യമാണല്ലോ. കാഴ്ചയില്ലാത്തവന്റെ പെണ്ണുകാണൽ എങ്ങനെയിരിക്കും? അയാളും പെണ്ണിനെ കാണുന്നു. ശബ്ദത്തിലൂടെ സാമീപ്യമറിയുന്നു. വിവാഹം കഴിക്കാൻ തീരുമാനിക്കുമ്പോഴേ ഞാൻ നിശ്ചയിച്ചിരുന്നു; കാഴ്ചയുള്ള പെണ്ണിനെ വേണമെന്ന്.

കാഴ്ചയില്ലാത്ത സ്ത്രീകൾ കാഴ്ചയില്ലാത്ത പുരുഷനെക്കാളും പ്രയാസം നേരിടുന്നുണ്ട്. കാഴ്ചയില്ലാത്ത സ്ത്രീക്ക് കാഴ്ചയുള്ള ജീവിതപങ്കാളിയെക്കിട്ടാൻ പ്രയാസമാണ്. ഇസ്ലാമിക ദൃഷ്ട്യാ നോക്കുമ്പോൾ, ചിലപ്പോഴൊക്കെ തോന്നാറുണ്ട്, ബഹുഭാര്യാത്വം അനുഷ്ഠിക്കുന്നവർക്ക് ഒരു കാഴ്ചയില്ലാത്ത സ്ത്രീയെ എങ്കിലും സ്വീകരിച്ചുകൂടേ എന്ന്!

നഗ്നതയെ കുറിച്ചുള്ള ചിത്രങ്ങളൊന്നും മനസ്സിലില്ല. അങ്ങനെയുള്ള ഒരാളിലും ആന്തരിക ചോദനയായി സെക്സ് ഉണ്ട്. കാഴ്ചയില്ലാത്തവനിലും അതുണരുന്നു. അശ്ലീല ചിത്രങ്ങൾ കാണാൻ കഴിയാത്തതുകൊണ്ട് കാഴ്ചയില്ലാത്തവർക്ക് പാപം കുറയുമെന്ന് ഒരു മതപണ്ഡിതൻ എന്നോട് പറയുകയുണ്ടായി. ഞാനിതിനോട് യോജിക്കുന്നില്ല. മനസ്സിൽ എന്തു ചിത്രങ്ങളും കാണാൻ കഴിയും. കവിതയിലെ വാങ്മയ ചിത്രങ്ങൾ പോലെ..

### ഒറ്റപ്പെടൽ

ചിലപ്പോഴെല്ലാം കാഴ്ചയില്ലാത്തതുകൊണ്ട് ഒറ്റപ്പെടൽ അനുഭവിച്ചിട്ടുണ്ട്. കുടുംബത്തിലെ ചില കല്യാണച്ചടങ്ങുകളിൽ നിന്ന് മാറിനിൽക്കേണ്ടിവന്നിട്ടുണ്ട്. ഉറ്റവരായവർ തന്നെ ചില ചടങ്ങുകൾക്ക് ക്ഷണിച്ചുവെങ്കിലും പിന്നീട് വരേണ്ടതില്ലെന്നു പറഞ്ഞിട്ടുണ്ട്. കല്യാണമുറപ്പിക്കുന്ന ചടങ്ങിൽ കാഴ്ചയില്ലാത്ത ബന്ധു ഇരിക്കുന്നത് കല്യാണം മുടങ്ങിപ്പോകാനിടയാകുമല്ലോ. അവരുടെ ഭാഗത്തുനിന്നു നോക്കിയാൽ ശരിയുമാണത്. ബന്ധങ്ങൾക്ക് ഇടിവും ഉലച്ചിലും തട്ടാൻ ചിലപ്പോൾ ഇതെല്ലാം കാരണമായേക്കും.

കാഴ്ചകളൊന്നും കാണാതെ, വെറുതെയിരിക്കേണ്ടിവരുമ്പോൾ ശരീരത്തിൽ ഒരുപാട് മാനറിസങ്ങൾ കയറിക്കൂടും. മനസ്സിന്റെ അലയൽ ചില ചേഷ്ടകളായി പുറത്തുചാടും. ചുണ്ടിൽ അറിയാതെ ചിരി വിടരും, പല്ലുകടിക്കും, വട്ടത്തിൽ നടക്കും. കുട്ടിക്കാലത്ത് അമിതശ്രദ്ധ കിട്ടി വളർന്നതുകൊണ്ടായിരിക്കും ഞാൻ അമിതമായി വൈകാരികതയും പ്രകോപനങ്ങളും പ്രകടിപ്പിക്കുന്നയാളാണ്. പല മാനറിസങ്ങളും വികാരപ്രകടനങ്ങളും മാറ്റാൻ ശ്രമിക്കുന്നുണ്ട്. മദ്യപാനം മാറ്റാൻ ശ്രമിക്കുന്ന മദ്യപാനിയെപ്പോല.

### പറയാനുള്ളത്

അന്ധത ശാപമല്ല. മുജ്ജന്മ പാപഫലമല്ല. അപശകുനവുമല്ല. ഈശ്വരവിശ്വാസികൾക്ക് പരീക്ഷണം എന്നു പറയാം. അന്ധത ഒരു പരിമിതി മാത്രമാണ്. ഈ തിരിച്ചറിവോടെ പരിമിതികളെ ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നവരോട് സഹകരിക്കുകയാണ് സമൂഹം ചെയ്യേണ്ടത്.

കാഴ്ചയില്ലാത്തവൻ ശ്രദ്ധിക്കേണ്ടത്: എന്തൊക്കെ നേട്ടമുണ്ടാക്കിയാലും അന്ധത എന്നത് യാഥാർത്ഥ്യമാണ് എന്നംഗീകരിക്കണം. സമൂഹത്തിൽ നിന്ന് അമിതമായി പ്രതീക്ഷിക്കരുത്. സമൂഹത്തെ തിരസ്കരിക്കുകയുമരുത്.

Dependance creats slevery
Slevery creats condemned

ഈ ജീവിതദർശനം ഉൾക്കൊള്ളണം. പരമാവധി സമൂഹവുമായി ഇടപഴകുക. കിട്ടുന്ന അവരങ്ങളെ നന്നായി പ്രയോജനപ്പെടുത്തുക. മറ്റുള്ളവരെ അമിതമായി ആശ്രയിക്കാതിരിക്കുക. കഴിയുന്നപോല സാമൂഹ്യസേവനം നടത്തുക. സൗമ്യമായി ഇടപെടുക. ജീവിതം നരകതുല്യമാക്കാതിരിക്കുക.

**സംഭാഷണത്തിലൂടെ തയ്യാറാക്കിയത്: അബ്ദുള്ളക്കുട്ടി എടവണ്ണ**

**ഷംസുദ്ദീനിന്റെ ഫോൺ: 9446406041**

# കത്തെഴുത്തിന്റെ പൂക്കാലം (കിലോഗ്രാം തൂക്കമുള്ള കത്തുകൾ)

ഹാരിസ് നെന്മേനി

ഇ-മെയിലും എസ്. എം. എസും മറ്റനവധിയായ സന്ദേശ വിനിമയ ഉപാധികളും സജീവമായ ഇക്കാലത്ത് കേൾക്കുമ്പോൾ കൗതുകം തോന്നും; നൂറ് പേജിലേറെ വരുന്ന നെടുങ്കൻ കത്തുകളയച്ചിരുന്ന ഒരു സുഹൃത്ത് എനിക്കുണ്ടായിരുന്നു.

ഒന്നോ രണ്ടോ അല്ല ഇത്തരത്തിലുള്ള പത്തോളം നെടുങ്കൻ കത്തുകൾ, രണ്ടായിരത്തോളം പോസ്റ്റ് കാർഡുകൾ, ഇൻലന്റിലും പോസ്റ്റൽ കവറിലുമായി പിന്നെയും നിരവധിയെഴുത്തുകൾ. എല്ലാത്തിനും സമയാസമയങ്ങളിൽ അതേപോലെയുള്ള മറുപടികൾ ഞാനുമയച്ചിരുന്നു. കത്തെഴുത്തിന്റെ പൂക്കാലമായിരുന്നു അത്.

ചങ്ങാതിയുടെ പേര് സജീവ്. 1992 ൽ പഠനകാലത്ത് ഒരു ക്യാമ്പിൽ വെച്ചാണ് ഞങ്ങൾ പരിചയക്കാരാവുന്നത്. പിന്നെ കത്തുകളിലൂടെ സൗഹൃദം ദൃഢമായി. അന്ന് 75 പൈസ വിലയുണ്ടായിരുന്ന ഇൻലന്റുകളിലായിരുന്നു ആദ്യകാലത്തെ കത്തുകൾ. സൗഹൃദം അതിന്റെ പരിധിക്കകത്ത് ഒതുങ്ങാതെയായപ്പോൾ സ്റ്റാമ്പൊട്ടിച്ച കവറുകളിലേക്ക് മാറി. ഒന്നോ രണ്ടോ പായ കടലാസുകളിൽ നിന്ന് 8 ഉം 10 ഉം പേജുകളിലേക്ക് വളർന്നു. സത്യത്തിൽ പേജുകളുടെ എണ്ണപ്പെരുക്കത്തിന്റെ കാര്യത്തിൽ കൗതുകകരമായ ഒരു മത്സരവും ഞങ്ങൾക്കിടയിലുണ്ടായിരുന്നു.

പലദിവസങ്ങളിലായി പലവിശേഷങ്ങളും തുടർവിശേഷങ്ങളുമായി 70 ഉം 80 ഉം പേജുകളുള്ള നെടുനീളൻ കത്തുകൾ ഞങ്ങൾ അയക്കാൻ തുടങ്ങി. പേജുകളുടെ എണ്ണത്തിൽ നിന്ന് വ്യത്യസ്തമായി തൂക്കത്തിന്റെ അളവിൽ പറയേണ്ട നിലവരെയായി. സത്യത്തിൽ കത്തുകൾ എന്ന് പേരിട്ട് വിളിക്കാവുന്ന അവസ്ഥയിൽ നിന്ന് ഞങ്ങൾക്കിടയിൽ മാത്രം പ്രസക്തിയുണ്ടായിരുന്ന പ്രസിദ്ധീകരണങ്ങൾ പോലെയായി മാറിയിരുന്നു എഴുത്തുകൾ.

അക്കാലത്തെ ഞങ്ങളുടെ ജീവിതത്തിന്റെ സാക്ഷ്യങ്ങളായ രേഖകൾ.

അക്ഷരാർത്ഥത്തിൽ സൂര്യന് കീഴിലുള്ള എല്ലാം ഞങ്ങളുടെ കത്തിൽ വിഷയമാവാറുണ്ടായിരുന്നു. കഥയും, കവിതയും, സിനിമയും, പാട്ടും, രാഷ്ട്രീയവും, പ്രണയവും, സ്പോർട്സും... അങ്ങനെയെല്ലാം. പല വർണ്ണങ്ങളുള്ള പേനകൾ കൊണ്ടെഴുതി, ചിത്രങ്ങളും കാർഡുകളും വെട്ടിയൊട്ടിച്ച് മനോഹരമായ ബൈൻഡിംഗോടെയാണ് ഇവ സ്റ്റാമ്പൊട്ടിച്ച് അയച്ചിരുന്നത്. ഇപ്പോൾ തിരിഞ്ഞുനോക്കുമ്പോൾ ഒരേയൊരു വായനക്കാരൻ മാത്രമേ ഉള്ളൂവെങ്കിലും അന്നെഴുതിയിരുന്ന കത്തുകളാണ് ആദ്യം എഴുത്തിനോടുള്ള ഇഷ്ടം എന്നിൽ ദൃഢതരമാക്കിയത് എന്നു ഞാൻ തിരിച്ചറിയുന്നു.

കോളേജിൽ പഠിച്ചുകൊണ്ടിരുന്ന സമയമായതിനാൽ മിക്കപ്പോഴും മണ്ണെണ്ണപ്പുക മൂക്കിലേറ്റുവാങ്ങി രാത്രികാലങ്ങളിലാണ് കത്തെഴുതിയിരുന്നത്. റേഡിയോ എഴുത്തിന്റെ പശ്ചാത്തലത്തിൽ എല്ലായ്പ്പോഴുമുണ്ടാവും.

1993 ലെഴുതിയ ഒരു കത്തിൽ സുഹൃത്ത് ഇങ്ങനെ എഴുതുന്നു-

...എടോ ഇപ്പോൾ ആകാശവാണി കോഴിക്കോട് പാടുന്നു.

ഓ മൃദുലേ.... ഹൃദയമുരളിയിലൊഴുകിവാ...

എന്തുനല്ല കവിതയുള്ള ഗാനം ഇല്ലേ? ഇതാരാ എഴുതിയത്? ശ്രീകുമാരൻതമ്പി..? ആരായാലും ഞാനിന്ന് വളരെ സന്തോഷത്തിലാണ്. സമാധാനത്തിലാണ്. കാരണം ഞങ്ങളുടെ കൊയ്ത്തും വാരലുമൊക്കെ ഇന്ന് ഒരു വിധം കഴിഞ്ഞു. മുടിമുങ്ങിയായിരുന്നു വയലിൽ വെള്ളം നിന്നിരുന്നത്. ഈ നവംബറിലൊക്കെ മഴപെയ്താൽ പിന്നെങ്ങനെയാ. ഇക്കൊല്ലവും കറ്റവാരാൻ പണിയരെയൊന്നും കിട്ടിയില്ല. അവസാനം ഞാനൊക്കെ ഒരു 'പണിയന'ായി...

ഇതിനിടെ 'മൃദുല' കഴിഞ്ഞ് അടുത്തപാട്ടുതുടങ്ങി.

കരുണാമയനേ കാവൽ വിളക്കേ..... ഇനി 11.05 ന്റെ ഇംഗ്ലീഷ് വാർത്ത കൂടി കേട്ടാൽ ഞാൻ ഉറങ്ങാൻ പോവും.

മറ്റൊരു കത്തിൽ വിശേഷങ്ങൾ ഇങ്ങനെ പോവുന്നു-

ഇന്ധനവിലവർദ്ധനവിൽ പ്രതിഷേധിച്ച് ഇന്ന് ബസ്സുകാരുടെ സമരമാണ്. അതുകൊണ്ട് ഇന്ന് കോളേജിൽ പോയില്ല. ഇപ്പോൾ ഇന്ത്യ x ഓസ്ട്രേലിയ രണ്ടാം ടെസ്റ്റിന്റെ കമന്ററി കേൾക്കുന്നു. മഞ്ച്രേക്കറും അസ്ഹറുദ്ദീനും ക്രീസിലുണ്ട്. എടോ പെട്രോൾവില, ഉള്ളിവില, കേന്ദ്രഭരണം ഇവ തമ്മിൽ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവത്രേ! നമുക്കിവിടെ മഴ സീസണിലല്ലാത്തപ്പോൾ ഉള്ളിക്ക് പുല്ലുവില അല്ലേ?

ഇതിനിടെ പോൾറൈഫലിന്റെ ഒരോവർ മഞ്ച്രേക്കർ മുട്ടിനിന്ന് മെയിഡനാക്കി. മഗ്രാത്തിന്റ ആദ്യപന്ത് അസ്ഹർ ഫോറടിച്ചു... Score: India 188/4. ഇത്തവണ ലോകകപ്പ് നമ്മളടിക്കുമെന്ന് നിനക്ക് വലിയ പ്രതീക്ഷയാണല്ലോ. കാര്യം ശരിതന്നെ പക്ഷേ അതിന് നമ്മുടെ ബൗളിംഗിന് മൂർച്ച പോര. പ്രഭാകറിനൊക്കെ വയസ്സായി. കുംബ്ലെയാണ് ഏക ആശ്വാസം. ഇതിനിടെ അസ്ഹർ ഒരു രണ്ടടിച്ചു.

എന്റെ എക്സാം ഡേറ്റ് വന്നു. ഇനി ഒരു മാസം കൂടി. നമ്മുടെ യൂണിവേഴ്സിറ്റിയല്ലേ. അത് രണ്ടുവട്ടമെങ്കിലും നീട്ടാതിരിക്കില്ല. അതാണ് ഏക പ്രതീക്ഷ..

വയനാട്ടിലെ രണ്ട് കുഗ്രാമങ്ങളിലായിരുന്നു വീടുകളെന്നതിനാൽ ഞങ്ങൾ വളരെയപൂർവ്വമായി മാത്രമേ കണ്ടിരുന്നുള്ളൂ. വലിയ കത്തുകൾക്കിടയിൽ മാസങ്ങളുടെ ഇടവേളയുണ്ടാകുമെന്നതിനാൽ കാലികപ്രാധാന്യമുള്ള വിശേഷങ്ങൾ കൈമാറാൻ ഞങ്ങൾ ധാരാളമായി പോസ്റ്റുകാർഡുകളും അയച്ചിരുന്നു. 15 പൈസ മാത്രം വിലയുണ്ടായിരുന്ന കാർഡുകളിൽ കുനുകുനുന്നനെ എഴുതിനിറച്ച് അസംഖ്യം കാർഡുകൾ. 93 മുതൽ 2000 വരെയുള്ള കാർഡുകളെല്ലാം വർഷം തിരിച്ച് നമ്പറിട്ട് ഞാൻ കെട്ടിവെച്ചിട്ടുണ്ട്.


ഫോൺകണക്ഷനൊന്നും ഒട്ടും വ്യാപകമായിട്ടില്ലാത്ത അക്കാലത്ത് കത്തിടപാടുകൾ നിലനിന്നിരുന്ന സൗഹൃദങ്ങൾ വേറെയും ധാരാളമുണ്ടായിരുന്നു. പക്ഷേ ഇതേ വലിപ്പത്തിലുള്ള കത്തുകൾ ഞങ്ങൾ കാമുകിമാർക്കുപോലും അയച്ചിരുന്നില്ല.

തപാൽവകുപ്പിന്റെ സേവനത്തെയും അത്ഭുതത്തോടെയേ നോക്കിക്കാണാനാവൂ. ഒരു പോസ്റ്റ് കാർഡെങ്കിലും വഴിമാറിപ്പോവുകയോ വൈകിയെത്തുകയോ ചെയ്തിരുന്നില്ല.

2000 ൽ എന്റെ വീട്ടിലാണെന്നു തോന്നുന്നു ആദ്യമായി ഫോൺ ലഭിച്ചത്. ഫോൺമണിക്കു പിന്നാലെ ഞങ്ങളുടെ കത്തെഴുത്തിനും മരണമണി മുഴങ്ങി. പിന്നെ വിശേഷം പറച്ചിലുകൾ ഫോണിലൂടെ മാത്രമായി. ഏതാണ്ട് അതേ സമയത്തുതന്നെ ജോലിയാവശ്യാർത്ഥം ഞങ്ങൾ രണ്ടുപേരും നാടുവിട്ട് രണ്ടുവഴിക്ക് പോയി. പുതിയ ഇടങ്ങളിലെ വിശേഷങ്ങളുമായി കത്തുകളൊന്നും പിന്നെ അയക്കപ്പെട്ടില്ല. പകരം ഫോൺവിളികളും ഇ-മെയിലും മാത്രമായി.


2000 ന് ശേഷം വന്ന മൊബൈൽ വിപ്ലവത്തിന് ശേഷം കത്തെഴുത്ത് പൂർണ്ണമായും നിലച്ചു. ആരും എഴുതാറില്ല, ആർക്കും എഴുതാറില്ല. ഫോൺവിളികളും എസ്.എം. എസും ഇ-മെയിലും മാത്രം. എങ്കിലും പോസ്റ്റ്മാന്റെ തപാൽ സഞ്ചിയുടെ ആയലുകൾ വഴിയറ്റത്ത് കാണാൻ തുടങ്ങുമ്പോൾ എന്റെ നെഞ്ചിനുള്ളിൽ ഒരാന്തലുണ്ടാവും ഇപ്പോഴും.

ഒരു പോസ്റ്റുകാർഡെങ്ങാനും വിലാസം തെറ്റി...



വര : ഡോ.ടി.റഹിമാൻ

ജീവിതത്തിന്റെ



ലളിതപാഠങ്ങൾ

അക്കു

# മാധ്യമങ്ങൾ സാധാരണത്തത്തെ തകർക്കുന്നതെങ്ങനെ?

**ഓരോ സാധാരണക്കാരനെയും മാധ്യമകവചമണിയിച്ച് അസാധാരണക്കാരാക്കി മാറ്റുന്നതെങ്ങനെയെന്ന് പഠിച്ച ചില ഉദാഹരണങ്ങൾ**

നിഷ്ക്കളങ്കമായി സംസാരിക്കുകയും സൗമ്യമായി ആളുകളോട് ഇടപഴകുകയും തങ്ങൾക്ക് ബോധിച്ച മട്ടിൽ നൻമ നിറഞ്ഞ കുഞ്ഞുപ്രവൃത്തികൾ ചെയ്തുകൊണ്ട് ജീവിതം സാർത്ഥകമായി മുന്നോട്ടു കൊണ്ടുപോവുകയും ചെയ്യുന്ന സാധാരണക്കാരായ കുറച്ചുപേരെ എനിക്കറിയാം. അവരുമായുള്ള സൗഹാർദ്ദം എപ്പോഴും ആഹ്ലാദം പകർന്നുതരും. ഊർജ്ജം നിറയ്ക്കും. നമ്മുടെ ചുറ്റുപാടിൽ ഇങ്ങനെ ജീവിച്ചുപോകുന്ന നിരവധിയാളുകളുണ്ട്. അവരൊന്നും എടുത്തുപറയാവുന്നഏതെങ്കിലും ഐഡിയോളജിയുടെ തിരിച്ചറിവോടെയായിരിക്കില്ല സ്വന്തം കർമ്മങ്ങളുമായിപുലരുന്നത്. സ്വാഭാവികതയോടെ ജീവിച്ചുപോകുന്നു എന്നുമാത്രം! സർവ്വാഢംബരങ്ങളോടെലോകം ഭരിച്ചുകൊണ്ടിരിക്കുന്നമധ്യമപ്പടയുടെ കൺവെട്ടത്തിൽ ചിലപ്പോൾ ഈ സാധാരണക്കാരും പെട്ടുപോകാറുണ്ട്. പത്രങ്ങൾ പ്രാദേശിക എഡിഷനുകൾസാർവ്വത്രികമാക്കിയും, ദൃശ്യമാധ്യമങ്ങൾ ചാനലുകൾ വർദ്ധിപ്പിച്ചും പരസ്പരം മത്സരിക്കുമ്പോൾ കോളം നിറയ്ക്കാനും പ്രോഗ്രാമുകൾ കണ്ടെത്താനും ആരും, എന്തും വിലപ്പെട്ട 'സ്റ്റോറി'കളാണ്, ഐറ്റംസുകളാണ്. ഇല്ലെങ്കിൽ അങ്ങനെയാക്കുന്നു. ഓരോ സാധാരണക്കാരനെയും മാധ്യമകവചമണിയിച്ച് അസാധാരണക്കാരാക്കി മാറ്റുന്നതെങ്ങനെയെന്ന് പഠിച്ച ചില ഉദാഹരണങ്ങളുണ്ട്. വഴിയോരങ്ങളിൽ തണൽമരങ്ങൾ വച്ച് പിടിപ്പിച്ചും അനാഥരായ ചിലരെ സഹായിച്ചും തുണച്ചുമൊക്കെ ജീവിച്ചുപോകുന്ന ഒരു മനുഷ്യൻ. ഈ നൻമകൾക്കൊപ്പം സാധാരണ മനുഷ്യർക്കെല്ലാമു ണ്ടാകാറുള്ളതുപോലുള്ള ചെറിയ ബലഹീനതകളും ഇയാൾക്കുണ്ട്. അതിനിടയിൽ ഇദ്ദേഹത്തെപ്പറ്റി ഒന്നു രണ്ടു പത്രങ്ങളിൽ ഫീച്ചറുകൾ വന്നു. തുടർന്ന് ഒരു ചാനലിൽ 'സ്റ്റോറി' ചെയ്യപ്പെടുന്നു. ഇദ്ദേഹം ചെയ്യുന്ന നല്ല പ്രവൃത്തികൾ വർണ്ണചാതുരിയോടെ അവതരി പ്പിക്കപ്പെട്ട് മാധ്യമശ്രദ്ധ നേടിയതോടെ, ഇദ്ദേഹത്തിൽ ചില മാറ്റങ്ങൾ കാണാൻ തുടങ്ങി. സംസാര ശൈലിയിൽ ഒരുതരം മാധ്യമഭാഷ കടന്നുവന്നു. തുടർന്ന് ഒരു പുരസ്കാരം കൂടി കിട്ടിയതോടെ ആളാകെ മാറി. പിന്നീട് കാണുന്നത് ചെയ്തുകൊണ്ടിരുന്ന പ്രവർത്തനങ്ങൾക്കുപകരം അത്രയൊന്നും പ്രാധാന്യമല്ലാത്ത ചില്ലറ ഷോവർക്കുകൾ ചെയ്ത് വാർത്തകളിൽ ഇടം നേടാൻ ഇദ്ദേഹം തന്നെ സ്വയം ശ്രമിക്കുന്നതായിരുന്നു. മാത്രവുമല്ല പുതിയ നേട്ടപ്പട്ടികകളുമായി മറ്റൊരു പ്രശസ്ത പുരസ്കാരത്തിന് അപേക്ഷ നൽകാൻ തനിക്കു പറ്റുമോ എന്നദ്ദേഹം അന്വേഷിക്കുന്നതായും അറിഞ്ഞു.


മറ്റൊന്ന് ഒരു പാവം വൃദ്ധന്റെ കഥയാണ്. ഇദ്ദേഹം സ്കൂൾ കുട്ടികളെ റോഡ് മുറിച്ചുകടത്താൻ സഹായിക്കുന്നയാളാണ്. എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും ബസ് സ്റ്റോപ്പിൽ എത്തി കൃത്യമായി ഈ സേവനം വർഷങ്ങളായി ചെയ്തുവന്നിരുന്നു. ഒരു പ്രതിഫലവുംവാങ്ങാതെ വാർദ്ധക്യത്തിന് അർത്ഥമുണ്ടാക്കും വിധം ഇദ്ദേഹം ചെയ്യുന്ന ഈ സേവനത്തെക്കുറിച്ച് ഒരു പത്രത്തിൽ ഫോട്ടോ സഹിതം വാർത്ത വന്നു. അദ്ദേഹത്തിന്റെ നൻമ നിറഞ്ഞ പ്രവർത്തനത്തിന് ഒരു അംഗീകാരമോ പ്രോത്സാഹനമോ എന്നതിനപ്പുറം ആ വാർത്തയിൽ മറ്റൊരു തരത്തിലുള്ള പൊലിപ്പിക്കലുകളൊന്നുമില്ലായിരുന്നു. ഇദ്ദേഹം വാർത്ത വെട്ടിയെടുത്ത് സന്തോഷത്തോടെ പലരെയും കാണിച്ചു. ആവേശത്തോ ടെ തന്റെ കർമ്മം തുടരുകയും ചെയ്തു. രണ്ടുമൂന്ന് മാസങ്ങൾക്കുശേഷം രണ്ട് പത്രങ്ങളിൽക്കൂടി ഇത്തിരി നിറം നൽകി ഇദ്ദേഹത്തെക്കുറിച്ച് 'സ്റ്റോറി'കൾ പ്രസിദ്ധീകരിച്ചു. അതോടെ ആദ്യം സൂചിപ്പിച്ച വ്യക്തിക്ക് സംഭവിച്ച മാറ്റം ഈ വൃദ്ധനിലും വരാൻ തുടങ്ങി. പിന്നീട് ചാനലിലും ഇത് വാർത്തയായി.

ഇദ്ദേഹത്തോട് ചങ്ങാത്തം പുലർത്താറുള്ള എന്റെയടുത്ത് ഒരു ദിവസം ഒരു ഫയലുമായി ഇദ്ദേഹം വന്നു. ഒരു ദേശീയ അവാർഡിന് അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പത്രവാർത്തയും കയ്യിലുണ്ട്. തനിക്ക് അവാർഡ് കിട്ടാൻ സഹായിക്കണമെന്നാണ് അദ്ദേഹത്തിന്റെ ആവശ്യം. അവാർഡൊന്നും കിട്ടാതെ തന്നെ ഇദ്ദേഹം ചെയ്യുന്ന കാര്യങ്ങൾ മഹത്തരമാണെന്നും അവാർഡുമായി ബന്ധപ്പെട്ട കാര്യങ്ങളൊന്നും ചെയ്ത് തനിക്ക് പരിചയമില്ലെന്നും പറഞ്ഞ് ഞാൻ അദ്ദേഹത്തെ കാര്യങ്ങൾ ബോധ്യപ്പെടുത്തിക്കൊടുക്കാൻ ശ്രമിച്ചു. അല്പം നീരസത്തോടെ അദ്ദേഹം തിരിച്ചുപോയി. പിന്നീട് മറ്റാരുടെയോ സഹായത്തോടെ അദ്ദേഹം അവാർഡിനായി അപേക്ഷ സമർപ്പിച്ചു എന്ന് ഞാനറിഞ്ഞു. ആരൊക്കെയോ ചേർന്ന് ഇദ്ദേഹത്തിന് ഉറപ്പായും അവാർഡ് കിട്ടുമെന്ന് തെറ്റിദ്ധരിപ്പിച്ചിരുന്നു. അതിന്റെയടിസ്ഥാനത്തിൽ ജില്ലാ കലക്ടറെ കാണാൻ ഇദ്ദേഹം പോയിരുന്നുവെന്നും കേട്ടു. ഒരു ദിവസം ഇദ്ദേഹത്തെ കണ്ട് കുശലം ചോദിക്കുമ്പോൾ, തനിക്ക് അവാർഡ് കിട്ടാതിരിക്കാൻ ആരൊക്കെയോ കളിച്ചുവെന്നും ഇങ്ങനെയുള്ള സേവനം കൊണ്ടൊന്നും ഒരു കാര്യവുമില്ലെന്നും അമർഷത്തോടെ അദ്ദേഹം പറഞ്ഞു. ഈ പാവം വൃദ്ധൻ ഇപ്പോൾ തന്റെ സേവനം അവസാനിപ്പിച്ചതായാണറിവ്.

ഒരാളിലെ സാധാരണത്തം നശിപ്പിക്കാൻ മാധ്യമങ്ങൾ അറിഞ്ഞോ അറിയാതെയോ ഇടയാകുന്നതിന്റെ രണ്ടുദാഹരണങ്ങളായി ഈ സംഭവങ്ങളെ എടുത്തുകാണിക്കാമെന്നു തോന്നുന്നു. മാധ്യമപ്പെരുമകളുടെയും പുരസ്കാരങ്ങളുടെയും സ്തുതിവചനങ്ങളുടെയും മഹാപ്രളയത്തിൽ മുങ്ങിപ്പോകാതെ ഒരാളുടെ സാധാരണത്തം കാത്തുസൂക്ഷിക്കുക എന്നത് ഇന്ന് അത്യാവശ്യമായ അതിജീവനമന്ത്രമായി തീരുന്നു.

# സൗന്ദര്യം ശാപമോ

എസ്. ശാന്തി




**ജീവലോകത്തിന്റെ സൗന്ദര്യ വിസ്മയങ്ങളുടെ പ്രതീകങ്ങളാണ് ചിത്രശലഭങ്ങൾ. പക്ഷേ ലോകത്തിന്നുള്ള ചിത്രശലഭങ്ങളുടെ 10 ശതമാനത്തിലധികം ഗുരുതരമായ വംശനാശ ഭീഷണിയിലാണ് എന്ന് "ബട്ടർഫ്ളൈ കൺസർവേഷൻ" എന്ന ആഗോളസംഘടന മുന്നറിയിപ്പു നൽകുന്നു.**

ഇതുപോലൊരു ആഗോളദുരന്തം വളരെ ചുരുക്കമേ ജീവൻ ഭൂമിയിൽ നേരിട്ടിട്ടുള്ളൂ. ഉദാഹരണത്തിന് യൂറോപ്പിലുള്ള 435 സ്പീഷീസ് പൂമ്പാറ്റകളിൽ മൂന്നിലൊന്നും വംശനാശത്തിന്റെ വക്കിലാണ്. ആവാസനാശവും കടുംകൃഷിവ്യാപനവും കീടനാശിനികളും കാട്ടുപൂക്കൾ നിറഞ്ഞ തൊടികളും വേലികളും വഴിയോരങ്ങളും ഇല്ലാതായതും അവയുടെ നിലനിൽപ് ലോകത്തെല്ലായിടത്തും അപകടത്തിലാക്കുന്നു. വിനോദസഞ്ചാര വികസനവും കാട്ടുതീയും ആഗോളതാപനം കാരണമുള്ള ചുഴലിക്കൊടുങ്കാറ്റുകളും ഈ ദുരന്തത്തിന്റെ ആക്കം കൂട്ടുന്നു.

വന്യജീവികളുടെ തോലിന്റെയും മറ്റ് ശരീരഭാഗങ്ങളുടെയും വ്യാപാരം ഇന്ന് ലോകത്ത് ആയുധങ്ങളുടെയും മയക്കുമരുന്നുകളുടെയും കള്ളക്കടത്തുപോലെ കോടിക്കണക്കിന് ഡോളർ വിലമതിക്കുന്ന, മാഫിയകൾ കയ്യാളുന്ന, ആഗോളകച്ചവടമാണ്. കടുവയുടെയും കാണ്ടാമൃഗത്തിന്റെയും പുലിയുടെയും കരടിയുടെയും മൂങ്ങയുടെയും പാമ്പിന്റെയുമൊക്കെ എല്ലും നഖവും തോലും പിത്തഗ്രന്ഥിയും കൈപ്പത്തിയും കണ്ണും കരളും ജനനേന്ദ്രിയങ്ങളുമെല്ലാം വൻഡിമാന്റുള്ള "കച്ചവടച്ചരക്കു"കളാണ്. ദുർമന്ത്രവാദത്തിനും കൂടോത്രത്തിനും ശത്രുസംഹാരത്തിനും ലൈംഗിക-ഉത്തേജനത്തിനുമൊക്കെയാണീ വന്യജീവികളുടെ ശരീരഭാഗങ്ങൾ ഉപയോഗിക്കപ്പെടുന്നത്. വന്യതയിൽ നിന്ന് സ്വയം നിഷ്കാസിതനായ, വന്യവും സുന്ദരവുമായ എല്ലാം മനസ്സിൽ നിന്നും കുടിയിറക്കിയ മനുഷ്യന് വന്യജീവനിൽ മാത്രം കുടികൊള്ളുന്ന ശക്തിയും ഓജസ്സും സമാധാനവും കിട്ടുമെന്ന അന്ധവിശ്വാസമാണ്!

കഴിഞ്ഞയാഴ്ച തെക്കൻ പശ്ചിമഘട്ടത്തിലെ ഒരു താഴ്വരയിലെ (മെല്ലെ പുനരുജ്ജീവിക്കുന്ന) ഒരു തുണ്ടു കാട്ടിൽ മൂന്നു ദിവസം തങ്ങാൻ ഭാഗ്യമുണ്ടായി. നഗരത്തിൽ നിന്നുള്ള ഒളിച്ചോട്ടത്തിൽ കാട്ടിലെത്തുന്ന എന്റെ മനസ്സ് പൊതുവെ ഒന്നും പ്രത്യേകിച്ച് കാണാതെ, കാണാൻ ആഗ്രഹിക്കാതെ, ഭൂമി മുഴുവൻ നിറയുന്ന വന്യശാന്തതയിൽ മുഴുകിപ്പോവുകയാണ് പതിവ്. പക്ഷെ ഇപ്രാവശ്യം എന്റെ കൂട്ടുകാരി കാട്ടുപൂക്കളെയും തുമ്പികളെയും പൂമ്പാറ്റകളെയും കാട്ടിത്തരാൻ തുടങ്ങിയതോടെ എന്റെ മായികലോകത്തുനിന്ന് പുൽത്തുമ്പിലും അരുവിയോര പന്നൽത്തുമ്പത്തും മുക്കുറ്റിപ്പൂവിലും ജമൈക്കൻ നീലപ്പൂക്കതിരിലും ('സ്റ്റാക്കിറ്റാഫിറ്റ' എന്ന വിദേശ കളസസ്യം) കിണറ്റിനുള്ളിലെ പച്ചപ്പിലും തുടിക്കുന്ന സൂക്ഷ്മജീവൽസ്പന്ദനങ്ങളിലേക്ക് എനിക്കിറങ്ങി വരേണ്ടിവന്നു. മനസ്സിന്റെയും കണ്ണിന്റെയും ശ്രദ്ധ ഏകത്ര ഈ തുടിപ്പുകളിലേക്ക് കേന്ദ്രീകരിച്ചതോടെ, നാളിതുവരെ കണ്ടിട്ടില്ലാത്ത (പ്രത്യേകിച്ച് ശ്രദ്ധിക്കാതെ എന്നും കണ്ടിരുന്ന?) ഒരു മഹാ മഹോജ്ഞലോകം പീലി നിവർത്തുകയായി! തേനീച്ചകളുടെയും വണ്ടുകളുടെയും ചിലന്തികളുടെയും പൂമ്പാറ്റകളുടെയും തുമ്പികളുടെയും ലോകം! ഗരുഡശലഭങ്ങളും ചക്കരശലഭങ്ങളും വനദേവതകളും നീലക്കുടുക്കയും വിറവാലനും വിലാസിനിയും മഞ്ഞത്തകരമുത്തിയും പൊട്ടുവെള്ളാട്ടിയുമെല്ലാം.... പരിചിതരാവാനും ഹൃദയം കവരാനും ചുറ്റും പറക്കുന്നു. തുമ്പികളുടെ ലോകവും മനംമയക്കുന്ന, തിളക്കമാർന്ന വർണ്ണങ്ങളുടെയും സുതാര്യ ചിറകുകളുടെയും അതിവേഗ പറക്കങ്ങളുടെയും മാസ്മരികമേഖലയാണ്. ഇവരെല്ലാം പിടിതരാത്തവരും ഇരുന്നുതരാത്തവരുമാണെന്ന് ആദ്യമൊക്കെ എനിക്ക് തോന്നിയെങ്കിലും ലേശം ക്ഷമയോടെ ശാന്തമായി സ്നേഹത്തോടെ അവയെ സമീപിച്ചാൽ, അവയുടെ സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ടുതന്നെ നമ്മെയും ആ മായികലോകത്തിന്റെ ഭാഗമാകാൻ അനുവദിക്കും എന്നെനിക്കു മനസ്സിലായി. വന്യതയുടെ അപാരതയിൽ എനിക്ക് കിട്ടുന്ന അതേ സാന്ത്വനം ജീവലോകത്തിന്റെ ഈ സൂക്ഷ്മതലത്തിലുണ്ടെന്നത് എന്നെ അതിശയിപ്പിച്ചു.

കാട്ടിൽ നിന്ന് തിരികെയെത്തി തലേന്നത്തെ ഇന്ത്യൻ എക്സ്പ്രസ്സിന്റെ വാരാന്ത്യപ്പതിപ്പ് തുറന്നപ്പോൾ "മഹാമോഷണം" (Great steal) എന്ന പേരിൽ പൂമ്പാറ്റചിത്രങ്ങളുമായി ജയന്ത് ശ്രീറാമിന്റെ ലേഖനം! കോഴിക്കോട് സൂപ്പർമാർക്കറ്റിൽ ലഭ്യമായ പൂമ്പാറ്റ ശരീരങ്ങൾ കൊണ്ടുതീർത്ത അലങ്കാരവസ്തു കാണാനിടയായ എസ്. ഗുരുവായൂരപ്പന്റെ മനസ്സിൽ തോന്നിയ കൗതുകത്തിൽ നിന്നു തുടങ്ങിയ അന്വേഷണം കൊണ്ടെത്തിച്ച പൂമ്പാറ്റക്കള്ളക്കച്ചവട മാഫിയയുടെ കഥ! ഇന്ത്യൻ വന്യജീവി പരിരക്ഷണ സംഘടനയുടെ


ദക്ഷിണേന്ത്യാ കോർഡിനേറ്ററായ ഗുരുവായൂരപ്പൻ ഒരു അപസർപ്പകാന്വേഷണം പോലെ നടത്തിയ പ്രക്രിയ വഴി കേരളത്തിൽ നടക്കുന്ന പൂമ്പാറ്റ വ്യാപാരത്തിന്റെ അവിശ്വസനീയമായ ചിത്രമാണ് ലഭിച്ചത്. കേരള-തമിഴ്നാട് അതിർത്തിയിലുള്ള (നിലമ്പൂർ-ഗൂഡല്ലൂർ റോഡിൽ) നാടുകാണി എന്ന ചെറിയ മലമ്പ്രദേശത്തു നിന്നാണ് ഏറ്റവും കൂടുതൽ പൂമ്പാറ്റകൾ കച്ചവടത്തിനെത്തുന്നത്! യാതൊരു മറയുമില്ലാതെ നടത്തുന്ന ഒന്നാണീ കച്ചവടം. ഒരു വിദ്യാർത്ഥിയായി നടിച്ച് കൂട്ടുകാരുമായി നാടുകാണിയിലെത്തിയ ഗുരുവായൂരപ്പന് ഏറ്റവും അപൂർവ്വ ശലഭങ്ങളെ വിൽക്കാൻ തയ്യാറായ നിരവധി പ്ലാന്റേഷൻ തൊഴിലാളികളെ കാണാനായി. വംശനാശ ഭീഷണി നേരിടുന്ന വനദേവതയും (Malabar Tree Nymph) ഗരുഡശലഭവും (Southern Birdwing) നീലക്കുടുക്കയും (Common Bluebottle) മറ്റും മറ്റും അന്താരാഷ്ട്ര മാർക്കറ്റിൽ എത്തിക്കാൻ വിദേശികളാണ് എന്തു വിലകൊടുത്തും വാങ്ങാൻ തയ്യാറായി വരുന്നത്. തെക്കു-കിഴക്കൻ ഏഷ്യയിൽ നിന്നുള്ള വിനോദസഞ്ചാരികളാണ് നാടുകാണിയിലെത്തുന്നവരിൽ ഭൂരിപക്ഷവും. കേരളത്തിലെയും തമിഴ്നാട്ടിലെയും അധികൃതർക്ക് ഈ കള്ളക്കച്ചവടത്തിന്റെ വിവരം ഗുരുവായൂരപ്പൻ നൽകിയെങ്കിലും തമിഴ്നാട്ടുകാർ അത് നിരാകരിക്കുകയും കേരളത്തിൽ അഞ്ചുപേരെ അറസ്റ്റ് ചെയ്ത് കേസെടുക്കുകയുമാണുണ്ടായത്. ആ കേസ് ഇപ്പോഴും വിധി വരാതെ കോടതിയിലാണ്.

ഗ്രീറ്റിംഗ് കാർഡുകളിലും പേപ്പർ വെയ്റ്റുകളിലും ആഭരണങ്ങളിലും മറ്റൊരുപാട് കരകൗശല വസ്തുക്കളിലും പതിപ്പിക്കാനാണ് ഏറ്റവുമധികം പൂമ്പാറ്റകൾ ഉപയോഗിക്കപ്പെടുന്നത്. യൂറോപ്പിലും അമേരിക്കയിലും പരിഷ്ക്കാരമാവുന്ന ചിത്രശലഭ കൃത്രിമോദ്യാനങ്ങളിൽ വളർത്തി സംവർദ്ധനം (Butterfly Farms)ചെയ്ത് വിൽക്കാനുള്ള സംരംഭങ്ങളും ഈ അരുംകൊലയുടെ പിന്നിലുണ്ട്. 1972-ലെ വന്യജീവി സംരക്ഷണ നിയമമനുസരിച്ച് ചിത്രശലഭ ശേഖരണം ഇന്ത്യയിൽ ശക്തമായി നിരോധിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ ചൈനയിലും തായ്ലാന്റിലും മറ്റും ഇത്തരമൊരു നിയമമില്ല. ചിത്രശലഭങ്ങളുടെ ആഗോളവ്യാപാരം ഇന്ന് 2000 ദശലക്ഷം ഡോളറിലധികം വിലമതിക്കുന്ന വൻകിട മേഖലയാണ്. www. insectdesign.com പോലുള്ള വെബ്സൈറ്റുകൾ പരിശോധിച്ചാൽ എത്ര "പച്ച"യായും ഹൃദയശൂന്യമായുമാണ് ഈ കള്ളക്കടത്ത് നടക്കുന്നത് എന്ന് നമുക്ക് മനസ്സിലാക്കാം! ജപ്പാനിലെയും ചൈനയിലെയും മറ്റു ഏഷ്യൻ നാടുകളിലെയും സംസ്ക്കാരശൂന്യരായ പുത്തൻ പണക്കാരും, യൂറോപ്പിലെയും അമേരിക്കയിലെയും ആത്മാവിന്റെ ശൂന്യത ബാധിച്ച ധനികരുമാണ് പൂമ്പാറ്റകളുടെയും ഒട്ടനവധി മറ്റ് ഷഡ്പദങ്ങളുടെയും വന്യജീവി അവയവങ്ങളുടെയും മുഖ്യ ഉപഭോക്താക്കൾ. പശ്ചിമഘട്ടത്തിലെ പൂമ്പാറ്റകളെക്കാൾ കൂടുതൽ കയറ്റുമതി ചെയ്യപ്പെടുന്നത് വടക്കു-കിഴക്കൻ ഹിമാലയത്തിലെ അപൂർവ്വ ജനുസ്സുകളാണ്. 900-ൽ പരം സ്പീഷീസ് ചിത്രശലഭങ്ങളുള്ള (യു.കെ.യിൽ ആകെ 56 ആണുള്ളത്) വടക്കു-കിഴക്കൻ ഹിമാലയത്തിലാണ് 'ജൈവ കടൽകൊള്ളക്കാർ' (Bio-pirates) കേന്ദ്രീകരിക്കുന്നത്. ഭൂട്ടാൻ ഗ്ലോറി, കയ്സർ-ഐ-ഹിന്ദ്, പേൽ ജസബൽ, അറ്റ്ലസ് മോത്ത്, ലഡാക്ക് അപ്പോളോ തുടങ്ങിയ ശലഭങ്ങശുടെ ഓരോ സ്പെസിമനും അന്താരാഷ്ട്ര മാർക്കറ്റിൽ 20,000 രൂപ വരെ ലഭിക്കും!

അവിടെയുമിവിടെയും നടക്കുന്ന ശലഭവേട്ട നമ്മുടെ ശ്രദ്ധയിൽ പെടാൻ ബുദ്ധിമുട്ടാണ്. അവയെ സ്നേഹിക്കുന്നവരും തേടി നടക്കുന്നവരും അവയെ കാണാതായല്ലോ എന്നു വിലപിക്കുമ്പോൾ മാത്രമേ ഈ കുഞ്ഞുജീവികളുടെ വംശനാശം ലോകമറിയൂ. അപ്പോൾ വൈകിപ്പോയിട്ടുമുണ്ടാവും. "പ്രകൃതിയുടെ ആഭരണങ്ങൾ" എന്നറിയപ്പെടുന്ന ചിത്രശലഭങ്ങൾ പ്രകൃതിയിൽ ചെയ്യുന്ന സേവനങ്ങൾ നാമോർക്കാറില്ല. ലാർവകൾ നടത്തുന്ന കളനിയന്ത്രണവും ശലഭങ്ങൾ ചെയ്യുന്ന പരാഗണവുമെല്ലാം നമ്മുടെ കാർഷികവൃത്തിക്കും വന്യ ആവാസവ്യവസ്ഥകൾക്കും അത്യന്താപേക്ഷിതമാണ്. തേനീച്ചകളെ കഴിഞ്ഞാൽ ഏറ്റവുമധികം സസ്യങ്ങളുടെ പരാഗണം നടത്തുന്നത് ശലഭങ്ങളാണ്. ആഗോളതലത്തിൽ പ്രതിവർഷം 200 ബില്യൻ (20,000 കോടി) ഡോളറിന്റെ സാമ്പത്തികമൂല്യമാണ് അവയുടെ പരാഗണസേവനത്തിന് കണക്കാക്കിയിരിക്കുന്നത്. സാമ്പത്തികമൂല്യത്തേക്കാൾ കണക്കാക്കാനാവാത്തതും അമൂല്യവുമാണല്ലോ ജീവന്റെ വില!

(അവലംബം: **New Indian Express 24-10-2010 'Great steal' by Jayant Sriram)**

## മഹത്തായ ജീവിതം നയിക്കുന്ന സാധാരണക്കാരൻ




### ഡേവീസ് വളർക്കാവ്

തൃശ്ശൂർ പൊന്നൂർക്കരയിലെ ഡേവീസ് വളർക്കാവ് ഒരു സാധാരണക്കാരനാണ്. മഹത്തായ ജീവിതം നയിക്കുന്ന സാധാരണക്കാരൻ ബുദ്ധപ്രണയിനി, സസ്യാഹാരപ്രചാരകൻ, പരിസ്ഥിതി പ്രവർത്തകൻ തുടങ്ങി വിശേഷണങ്ങൾക്ക് അർഹനായ നിശബ്ദനായ സാമൂഹിക പ്രവർത്തകൻ. ഒന്നും അവകാശപ്പെടാതെ യാതൊന്നും പ്രതീക്ഷിക്കാതെ പ്രശസ്തിയുടെയും അംഗീകാരത്തിന്റെയും വഴികളിൽ നിന്നും മാറിനടക്കുന്ന യഥാർത്ഥ ബുദ്ധദർശനും ഉള്ളിൽ കൊണ്ടുനടക്കുന്ന ആൾ. സസ്യാഹാരപ്രചരകണത്തിനായി 'വെജ്' എന്ന ചെറുപ്രസിദ്ധീകരണം നടത്തുന്നു. ബുദ്ധപൂർണ്ണിമ ദിവസത്തിൽ ബുദ്ധ പ്രണയിനികളുടെ ഒത്തുചേരൽ സംഘടിപ്പിക്കുന്നതിൽ വ്യാപൃതനാണ്. ഹിംസയില്ലാത്ത ക്രിസ്തുമസ്, ഹിംസയില്ലാത്ത ബലിപെരുന്നാൾ... അങ്ങനെനീളുന്നു അസാധാരണമായ ജീവിതത്തിനുടമയായ ഈ സാധാരണക്കാരന്റെ വഴികൾ.

# കേരളീയത്തിന്റെ പത്ര(സമര)മാർഗ്ഗം

ലിമ ഫീച്ചേഴ്സ്





**ഉത്തരം ഇനിയും കിട്ടാത്ത പൊള്ളുന്ന നൂറു നൂറ് കണക്കിന് ചോദ്യങ്ങൾ കേരളീയസമൂഹത്തിനു മുന്നിൽ കോരിയിട്ടുകൊണ്ടാണ് ഇനിയും സമരവീര്യം കെടാതെ കേരളീയം കൂട്ടായ്മ മുന്നോട്ടുപോവുന്നത്. സത്യത്തിൽ നമ്മുടെ സ്വസ്ഥത നിഷ്കരുണം തല്ലിക്കെടുത്തിയാണ് ഓരോ ലക്കവും കേരളീയം എത്തുന്നത്.**

കേരളീയം ഡിസംബർ ലക്കത്തിലെ കവർസ്റ്റോറിയുടെ തലക്കെട്ട് 'പാഠം ഒന്ന്: ഹരിതവിപ്ലവം മുലപ്പാലിൽ എങ്ങനെ വിഷമെത്തിക്കാം' മാതൃഭൂമി ആഴ്ചപ്പതിപ്പിനോ കുറഞ്ഞപക്ഷം മാധ്യമം ആഴ്ചപ്പതിപ്പിനോ വമ്പൻ സ്റ്റോറിയാക്കാനുള്ള സ്കോപ്പാണ് ഇല്ലാതാക്കിയത്. മലയാളിയെ 'അപ്റ്റുഡേറ്റ്' ആക്കുന്ന മദ്ധ്യവർഗ്ഗ പ്രസിദ്ധീകരണങ്ങൾ സ്റ്റോറികളായി അവതരിപ്പിച്ച് മുനയൊടിയുന്നത് കാതലായ അടിസ്ഥാനവിഷയങ്ങളാണ്. 1998-ൽ പ്രസിദ്ധീകരണം ആരംഭിച്ച ജാഗ്രതയുടെ കേരളീയം (സത്യത്തിൽ ജാഗ്രത എന്ന് എടുത്തുപറയേണ്ടതില്ല) 150 ലക്കങ്ങളും പന്ത്രണ്ട് വർഷവും പിന്നിടുമ്പോൾ സത്യത്തിൽ ഓരോ മലയാളിയും അസ്വസ്ഥത കൊണ്ട് ഞെളിപിരി കൊള്ളേണ്ടിയിരിക്കുന്നു. ഉത്തരം ഇനിയും കിട്ടാത്ത പൊള്ളുന്ന നൂറു നൂറ് കണക്കിന് ചോദ്യങ്ങൾ കേരളീയസമൂഹത്തിനു മുന്നിൽ കോരിയിട്ടുകൊണ്ടാണ് ഇനിയും സമരവീര്യം കെടാതെ കേരളീയം കൂട്ടായ്മ മുന്നോട്ടുപോവുന്നത്. സത്യത്തിൽ നമ്മുടെ സ്വസ്ഥത നിഷ്കരുണം തല്ലിക്കെടുത്തിയാണ് ഓരോ ലക്കവും കേരളീയം എത്തുന്നത്. സമരകേരളത്തിന് ഉറങ്ങാറായിട്ടില്ല എന്നുതന്നെയാണ് ഏറ്റവും പുതിയലക്കത്തിലും ഓർമ്മപ്പെടുത്തുന്നത്. കേരളീയം കഴിഞ്ഞകാല ലക്കങ്ങളിൽ ചിലത് മുന്നിൽവെച്ചിരിക്കുമ്പോൾ ഉള്ളടക്കപേജിലൂടെ കടന്നുപോയാൽ തന്നെ കേരളീയം ഏറ്റെടുത്ത കേരളസമൂഹം നേരിടുന്ന സമരവിഷയങ്ങളുടെ വൈപുല്യവും വൈവിധ്യവും നമ്മെ അമ്പരപ്പിക്കും. ഓരോ പേജും ഓരോ സമരാഹ്വാനങ്ങൾ

നർമ്മദ, പൂയംകുട്ടി, പാത്രക്കടവ്, പ്ലാച്ചിമട തുടങ്ങിയ ദേശീയതലത്തിൽ തന്നെ ശ്രദ്ധയാകർഷിച്ച സമരവിഷയങ്ങൾ തൊട്ട് ആരാലും അറിയപ്പെടാത്ത ചെറിയ ചെറിയ സമര ഇടപെടലുകൾ വരെ അക്കൂട്ടത്തിലുണ്ട്. കേരളീയത്തിലൂടെ മാത്രം പുറംലോകം അറിഞ്ഞ നിരവധി വിഷയങ്ങൾ ഉണ്ട്. എറണാകുളം ജില്ലയിലെ കടുങ്ങല്ലൂരിലെ പാടശേഖരം നികത്തൽ, ചാലക്കുടിക്കടുത്ത് കാതികുടം ഗ്രാമത്തിലെ NGIL കമ്പനി ഉയർത്തുന്ന മാലിന്യം, കോഴിക്കോട് നഗരത്തിലെ മാലിന്യം പുറന്തള്ളുന്ന ഞെളിയൻപറമ്പ്..... തുടങ്ങിയ പല പോരാട്ട വിഷയങ്ങളും കേരളീയസമൂഹത്തിന് മുന്നിലെത്തിച്ചത് ഈ കൊക്കാല എക്സ്പ്രസ്സാണ്. പാരിസ്ഥിതിക ജനകീയ സമരവിഷയങ്ങളുടെ കാര്യത്തിൽ സവർണ്ണ-കീഴാള വിവേചനം ഒരിക്കലും കേരളീയത്തിനില്ല. ദേശീയതലത്തിൽ നർമ്മദയും കേരളത്തിൽ എൻഡോസൾഫാനും മാത്രം സവർണ്ണ പരിഗണന കിട്ടുന്ന പരിസ്ഥിതി വിഷയങ്ങളാണ് മുഖ്യധാരാ മാധ്യമങ്ങൾക്ക്. അതുപോലെ പ്ലാച്ചിമടക്കാലം, എൻഡോസൾഫാൻ സീസൺ എന്നിങ്ങനെയുള്ള സീസണൽ പരിഗണനകളും കേരളീയത്തിനില്ല. ഏറ്റെടുത്ത വിഷയത്തിനു പുറകെ സൈക്കിളെടുത്ത് കൂടുന്ന കേരളീയത്തിന് (പത്രാധിപരുടെ ഔദ്യോഗിക വാഹനം സൈക്കിളാണ്) സീസൺ വിഷയമേയല്ല. ഓ, ഇപ്പോൾ പ്ലാച്ചിമടയോ.. എന്നും മറ്റും ചോദിക്കുന്ന വിധത്തിൽ ഓരോ വിഷയ





ത്തിനും ചില സീസണുകൾ പൊതുമാധ്യമങ്ങൾ സൃഷ്ടിച്ചിരിക്കുന്നിടത്താണ് 'അനവസരത്തിൽ' ചില സമരപ്രഖ്യാപനങ്ങളുമായി കേരളീയം വരുന്നത്. സമയവും സന്ദർഭവും നോക്കേണ്ട ബാധ്യത ഇല്ലാത്തതിനാൽ കേരളീയം എല്ലാവരും കയ്യൊഴിയുന്ന വിഷയങ്ങളിൽ പ്രത്യേക പതിപ്പ് തന്നെ ഇറക്കി നമ്മെ അലോസരപ്പെടുത്തും.

കേരളീയത്തിന്റെ പ്രത്യേകപതിപ്പുകൾ സവിശേഷങ്ങൾ തന്നെയാണ്. ആരോഗ്യം, സൈലന്റ് വാലി, കൃഷി ജനിതകമാറ്റം, പ്ലാച്ചിമട, അതിരപ്പിള്ളി, മുത്തങ്ങ, ചെങ്ങറ ടൂറിസം, ജലാധികാരം, എലൂർ, എക്സ്പ്രസ് ഹൈവേ, ജനിതകമാറ്റം..... തുടങ്ങിയ പ്രത്യേകവിഷയങ്ങളിൽ വിശേഷാൽപ്പതിപ്പുകളിൽ ഏറ്റവും ശ്രദ്ധേയമായത് 2010 ആഗസ്റ്റിൽ പ്രസിദ്ധീകരിച്ച 'ജനകീയ സമരങ്ങൾ' പ്രത്യേക പതിപ്പാണ്. വിവിധ ജനകീയ സമരങ്ങളെ കണ്ണിചേർത്ത് സമഗ്രമായ ഒരു സമാഹാരം കേരളത്തിൽ ആദ്യത്തേതു തന്നെ. ഈ പതിപ്പിന്റെ ഊന്നലുകളെക്കുറിച്ച് ഗസ്റ്റ് എഡിറ്റോറിയലിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു: "കേവലം സമരങ്ങളെ പരിചപ്പെടുത്തുന്നതിന് പകരം അവ നേരിടുന്ന വെല്ലുവിളികളും അനുഭവങ്ങളും സമരലക്ഷ്യങ്ങളും പങ്കുവെക്കണമെന്ന ആഗ്രഹം കൂടിയാണ് ഈ ചിന്തയ്ക്കു പുറകിലുള്ളത്. വിജയിച്ച സമരങ്ങൾ മാത്രമല്ല പരാജയപ്പെട്ടവയും ഇക്കൂട്ടത്തിലുണ്ട്." സമരങ്ങൾക്ക് നേതൃത്വം നൽകിയവരും ഇപ്പോഴും സജീവമായി സമരരംഗത്തുള്ളവരും അവർ നേരിടുന്ന വെല്ലുവിളികളും, സമസ്യകളും, അനുഭവങ്ങളും പ്രതിസന്ധികളും നേരിട്ട് വിവരിക്കുന്നു എന്നതാണ് ഈ പതിപ്പിന്റെ പ്രത്യേകത.

മണ്ണ് ചാരിനിന്നവരെയും കയ്യും കെട്ടിനിന്നവരെയും പറയാൻ അനുവദിക്കാതെ സമരത്തിൽ പങ്കാളിയാവാൻ തന്നെ സമരത്തെക്കുറിച്ച് സംസാരിക്കുന്ന കേരളീയത്തിന്റെ തനതായ മാധ്യമശൈലി നല്ല മാതൃകയാണ്. കഴിഞ്ഞ 12 വർഷമായി കേരളീയം ഇടപെട്ട മിക്കവാറും എല്ലാ സമരങ്ങളും പ്രശ്നബാധിതരായ സാധാരണക്കാരുടെ മുൻകൈയിലാണ് ആരംഭിച്ചതും മുന്നോട്ടുപോകുന്നതും. വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുഖം തിരിച്ചതാണ് ഇവയെല്ലാം. ജനകീയ സമരങ്ങളോട് മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ മുഖം തിരിക്കുന്നതെന്താണ് എന്ന കാതലായ ചോദ്യമാണ് കേരളീയം സജീവമായി ഉന്നയിക്കുന്നത്.

പ്രചാരണവും റിപ്പോർട്ടിംഗും മാത്രമല്ല ആക്ടിവിസം തന്നെയാണ് കേരളീയത്തിന് പത്രപ്രവർത്തനം. പത്രപ്രവർത്തനത്തിന്റേതായ ഒരു കേരളീയം സ്കൂൾ തന്നെ രൂപപ്പെട്ടിരിക്കുന്നു. ജനകീയ പോരാട്ടങ്ങളിൽ ഇടപെടുന്നതിന്റെ തന്നെ മറ്റൊരു ആവിഷ്ക്കാരമായി മാസികാപ്രവർത്തനം രൂപാന്തരപ്പെടുന്നു. സവിശേഷമാണ് ഇതിന്റെ തുടക്കവും പ്രവർത്തനവും, എഡിറ്റിംഗ് ജോലികളും, ഓഫീസ് നിർവ്വഹണവും, തൃശൂർ കൊക്കാലയിലെ ചെറിയ ഓഫീസ് മുറി, കേരളത്തിലങ്ങോളമിങ്ങോളം അരങ്ങേറുന്ന ജനകീയ പ്രസ്ഥാനങ്ങളുടെ ഒരു നെറ്റ്വർക്കിംഗ് കേന്ദ്രമായോ കേരളത്തിലെ സമര പ്രവർത്തനങ്ങളുടെ കേന്ദ്ര ഓഫീസായോ കൂടി മാറുന്നു.

കേരളീയത്തിന്റെ മുഖ്യസംഘാടകൻ റോബിൻ, ജീവിതത്തെ പോരാട്ടങ്ങളുടെയും സമരങ്ങളുടെയും വീക്ഷണകോണിലൂടെ വീക്ഷിക്കുകയും ആവിഷ്ക്കരിക്കുകയുമാണ് കേരളീയം മാസിക പ്രവർത്തനങ്ങളുടെ ഊന്നൽ എന്ന് പറയുന്നു. മാസികയുടെ എളിയവും വിനീതവുമായ തുടക്കം മൂലധന മേൽക്കോയ്മയുടെ അഭാവം, തികച്ചും അനൗപചാരികമായ പ്രീപ്രസ് രീതികൾ, തുറന്ന സമീപനം, വിട്ടുവീഴ്ചയില്ലാത്ത സമരവീര്യം, ഇവയെല്ലാം കേരളീയത്തിന്റെ മാത്രം മുഖമുദ്രകൾ. മുഖ്യധാരാ മാധ്യമസമൂഹം പുറമ്പോക്കുകളിൽ തള്ളുന്ന വിഷയങ്ങളുടെ നേരെ ഫോക്കസ് ചെയ്യാൻ കേരളീയത്തിന്റെ സ്പേസ് കേരളീയത്തിന് മാത്രമായി ഒഴിഞ്ഞ് കിടക്കുന്നു. ആകെ ഇരുപത്തഞ്ചോളം പ്രത്യേകപതിപ്പുകൾ. അതിൽ എട്ടെണ്ണം പ്ലാച്ചിമട സമരത്തെ അധികരിച്ചാണ്. പിന്നെയും നിരവധി ലക്കങ്ങളിൽ പ്ലാച്ചിമട മുഖ്യവിഷയമായിട്ടുണ്ട്.

ഏത് മാധ്യമസ്ഥാപനത്തെയും നിർണ്ണയിക്കുകയും സ്വാധീനിക്കുകയും ചെയ്യുന്നത് മൂലധനത്തിന്റെ സ്രോതസ്സാണ്. മൂലധനം നോക്കി ഏത് മാധ്യമത്തെയും കൃത്യമായി വിലയിരുത്തും. എന്തൊക്കെയാണ് കേരളീയത്തിന്റെ സാമ്പത്തിക സ്രോതസ്സുകൾ? അന്നന്നത്തെ ആഹാരം അന്നന്ന് തന്നെ കണ്ടെത്തുന്ന ലളിതമായ സാമ്പത്തിക ക്രമമാണ് കേരളീയത്തിന്റേത്. കടവും പ്രാരാബ്ധങ്ങളും ഇടയ്ക്ക് കുന്നുകൂടും. അപ്പോൾ സുഹൃത്തുക്കളെയും അഭ്യുദയകാംക്ഷികളെയും ആശ്രയിക്കും. കാര്യമായും വരിസംഖ്യയും, സംഭാവനയും, ചിലപ്പോൾ വായ്പയും രക്ഷയ്ക്കെത്തും. നിലനിൽപ്പിന്റെ പ്രതിസന്ധി രൂക്ഷമായപ്പോൾ ട്രസ്റ്റ് രൂപീകരിച്ചു. ട്രസ്റ്റിൽ കൂടുതൽ ആളെ ചേർത്ത് സാമ്പത്തികാടിത്തറ മെച്ചപ്പെടുത്താനും റോബിനും കൂട്ടരും ശ്രമിക്കുന്നു.

പോരാട്ടത്തിനും പത്രപ്രവർത്തനത്തിനും ഇടയിൽ അതിർവരമ്പില്ലാത്ത കേരളീയത്തിന്റെ ഇതുവരെയുള്ള പ്രവർത്തനത്തെ എങ്ങനെ വിലയിരുത്തുന്നു എന്ന ചോദ്യത്തിന് റോബിൻ നൽകുന്ന ഉത്തരം കേരളീയത്തിന്റേതുതന്നെയല്ല സമാന്തര പത്രപ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ ലിറ്റിൽ മാഗസിനുകളുടെയും നിലപാടുകളാണ്. റോബിൻ പറയുന്നു: "വിജയപരാജയങ്ങളെ ദീർഘകാലാടിസ്ഥാനത്തിലാണ് വിലയിരുത്തേണ്ടത്. പ്രവർത്തിക്കു, ആത്മാർത്ഥത കാണിക്കുക ഇതു മാത്രമാണ് മുദ്രാവാക്യം. പ്രതിസന്ധികൾ ധാരാളമുണ്ട്. കേരളീയത്തിന്റെ കൊമേഴ്സ്യൽ വിജയം ആഗ്രഹിച്ചിട്ടില്ല. കേരളീയത്തിന് മാത്രമായി ഒരു വിജയമുണ്ടോ? സമൂഹവും ജനവും പരാജയപ്പെടുന്നിടത്ത് മാധ്യമസ്ഥാപനം മാത്രമാണോ വിജയം? സമൂഹവും ജനവും വിജയിക്കണം. സോഷ്യലിസം തകർന്നിട്ട് വീരേന്ദ്രകുമാറിന് മാതൃഭൂമി പത്രം മാത്രം വിജയിച്ചിട്ടെന്ത്? പാഠഭേദമുൾപ്പടെയുള്ള ആദ്യകാല സമാന്തരമാസികകൾ ധാരാളം പ്രചോദനം നൽകി. ഇന്ന് ഇവയുടെയൊക്കെ പ്രവർത്തകർ ക്ഷീണിച്ചിരിക്കുന്നു. പ്രവർത്തകരുടെ ക്ഷീണവും നിലവാരത്തകർച്ചയും സമൂഹത്തിലും പ്രതിഫലിക്കുന്നു. എന്തൊക്കെയായാലും സമരമാണ് ഏറ്റവും വലിയ സർവ്വകലാശാല. സമരപോരാട്ടങ്ങളുടെ ഒരു നോട്ടീസ് ബോർഡാണ് കേരളീയം മാസിക എന്ന് പറഞ്ഞാലും അത് ഒരു അംഗീകാരം തന്നെയാണ്."

**ജാഗ്രതയുടെ കേരളീയം-വിലാസം: മുനിസിപ്പൽ മാർക്കറ്റ് ബിൽഡിംഗ്, കൊക്കാല, തൃശ്ശൂർ-21**




# നീരാവിയുടെ ഒച്ച

എം.ആർ. വിഷ്ണുപ്രസാദ്

**ലിറ്റിൽ മാസികയുടെ പ്രസാധക സംരംഭമായ ലിറ്റിൽപ്രിന്റ് പ്രസിദ്ധീകരിച്ച പ്രതീഷ് എം.പി.യുടെ ആവിയന്ത്രം എന്ന കവിതാസമാഹാരത്തിന്റെ വായനാനുഭവം**

വാക്കിനെ നീരാവിയാക്കാൻ കഴിയുന്നുവെങ്കിൽ അതൊരു വിചിത്രമായ രാസവിദ്യയാണ്. അതിൽ നനവു പറ്റിയ ഒരു വനം ഉണ്ടെങ്കിൽ എഴുതുന്ന വാക്കുകൾ ബാഷ്പീകരിക്കപ്പെടും. പ്രതീഷിന്റെ പ്രകൃതിബോധം ബാഹ്യ സൗന്ദര്യങ്ങൾക്കു പിന്നാലെയുള്ള വിനോദസഞ്ചാരമല്ല. മറിച്ച് പ്രകൃതിയിലെ ഓരോ ബിന്ദുവിൽ നിന്നുമുയരുന്ന നീരാവിയെ തൊട്ടറിയുന്ന സംവേദനമാണത്.

സമകാലീന കവിതയുടെ കുത്തൊഴുക്കിൽ എങ്ങനെയാണ് വേറിട്ട ഒച്ചകളെ കേൾക്കാൻ കഴിയുന്നത്? ഏകതാനമായ പുൽമേടുകളിൽ ഏതെങ്കിലുമൊരു കലമാൻ പ്രത്യേക രീതിയിൽ പുല്ലു തിന്നുന്നുണ്ടാവണം. അത് കാണണമെങ്കിൽ കണ്ണുകളുടെ സഹായം മാത്രം പോര. അയിത്തം നൽകിയിരിക്കുന്ന ഇന്ദ്രിയങ്ങളെ തട്ടിയുണർത്തണം. ജോലിയില്ലായ്മയുടെ വെളുത്ത വാവിലേക്ക് കണ്ണു തുറക്കുമ്പോൾ യഥാർത്ഥ കവിത പിടികിട്ടും. കവിതയിൽ പലതരം ഒച്ചകളുണ്ട്. ഇവിടെ ഒച്ച എന്നതു കൊണ്ടു ഉദ്ദേശിക്കു ന്നത് ധ്വനി സിദ്ധാന്ത ങ്ങളുടെ പരമ്പരാഗത വിചാരങ്ങളല്ല.



കാതുകൊ ണ്ട് കേൾക്കുന്നതിനുമപ്പു റമുണ്ട് ഒച്ച. ബോധം കൊണ്ട് ഒപ്പിയെടുക്കേണ്ട ഒച്ചകൾ.പ്രതീഷ്.എം.പി.യുടെ കവിതകളിൽ അത്തരം ഒച്ചകളുടെ നനവുണ്ട്.

നീരാവി ഒരു ബിംബമോ ഉപമയോ ഉപമാനമോ അല്ല. ജലത്തിന്റെ തൃതീയ സ്വത്വങ്ങളിൽ ഏറ്റവും സ്വതന്ത്ര മായ അവസ്ഥ. ചതുപ്പ്, തുഴ, നദീമുഖം, മഞ്ഞു വാവലുകൾ, പുല്ലുടുപ്പ്, പൂപ്പലൊതുക്കുകൾ, തൂക്കുപാലം, വിതുമ്പൽ, ചുണ്ട്, ഇരുൾ എന്നിങ്ങനെ നനവിനെ ഓർമ്മപ്പെടുത്തുന്ന ധാരാളം വാക്കുകൾ 'ആവിയന്ത്രം' എന്ന സമാഹാരത്തിലുണ്ട്. നനവ് നീരാവിയെ ഓർമ്മിപ്പിക്കുന്നു. നീരാവി വിവിധതരം ഒച്ചകളെ. നീരാവികളുടെ ഒച്ച എന്നത് ഈ കാവ്യസമാഹാരത്തിന്റെ മുഖമുദ്രയെന്ന് ഞാനങ്ങ് കരുതുന്നു.

വാക്കിനെ നീരാവിയാക്കാൻ കഴിയുന്നുവെങ്കിൽ അതൊരു വിചിത്രമായ രാസവിദ്യയാണ്. അതിൽ നനവു പറ്റിയ ഒരു വനം ഉണ്ടെങ്കിൽ എഴുതുന്ന വാക്കുകൾ ബാഷ്പീകരിക്കപ്പെടും. പ്രതീഷിന്റെ പ്രകൃതിബോധം ബാഹ്യസൗന്ദര്യങ്ങൾക്കു പിന്നാലെയുള്ള വിനോദസഞ്ചാരമല്ല. മറിച്ച് പ്രകൃതിയിലെ ഓരോ ബിന്ദുവിൽ നിന്നുമുയരുന്ന നീരാവിയെ തൊട്ടറിയുന്ന സംവേദനമാണത്. നിലനിൽപിന്റെ ആണിക്കല്ല്. ഓരോ തരികളിലേക്കുമുള്ള സ്വതന്ത്ര ദീർഘയാത്ര.

കവിതയെ സംബന്ധിച്ച് ലാളിത്യബോധം എല്ലായ്പ്പോഴും ഒരു ഗുണമല്ല. എന്തും വെട്ടിച്ചുരുക്കി ഭാരരഹിതമാക്കാനുള്ള തത്രപ്പാടിൽ ആവിഷ്ക്കാരത്തിന്റെ ഭാവതലങ്ങൾ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്. ഇവിടെയാണ് ഒരുവന്റെ ബോധം കവിതയെ മറികടന്ന് പ്രപഞ്ചവുമായി സമ്മേളിക്കുന്നത്. പ്രകൃതിയെ അറിഞ്ഞുകൊണ്ടും ചെറുതുകളുടെ ആത്മാവിലേക്ക് വാതിൽ തുറന്നുകൊണ്ടും ഭൂമിയിൽ ഉയിരിനെ രേഖപ്പെടുത്താൻ വെമ്പുന്ന ഒരാൾക്ക് കവിതയും ഒരു നിശ്വാസം പോലെ ഏറ്റവും ചെറിയ അനുഭവമായി ഭവിക്കുന്നു. അങ്ങനെയുള്ള ഒരാൾ കവിതയിൽ മാത്രം ചെറുതാവുന്നില്ല. കവിതയ്ക്കു പുറത്തും സൂക്ഷ്മ ബിന്ദുവായി നിലകൊള്ളുന്നു. കാരണം അയാളുടെ ബോധം നിരന്തരം പരിമിതികളെ ആഘോഷിക്കാൻ പരിശ്രമിക്കുന്നു. ഇത് കാവ്യബാഹ്യമായ ഒരു ഗുണമാണ്. കവിതയിൽ മാത്രം ലാളിത്യവും പരിമിതിയും കൊണ്ടാടുകയും കവിതയ്ക്കു പുറത്ത് എല്ലാം വലിച്ചുനീട്ടുകയും ചെയ്യുന്നവരാണ് ഏറെപ്പേരും. എന്നാൽ സെൻബോധത്തിന്റെ അയിരുകൾ ഉള്ളിലുള്ളപ്പോൾ നിൽപ്പിലും നടപ്പിലും കവിതയിലും കഥയിലും പരിമിതികൾ ആഘോഷിക്കപ്പെടുന്നു. പ്രതീഷിന്റെ കവിത പ്രസക്തമാകുന്നത് അയാൾ സൃഷ്ടിക്കുന്ന ലാളിത്യം സമാഹാരത്തിൽ നിന്ന് വായിക്കുന്നവരുടെ ജീവിതത്തിലേക്കും വ്യാപിക്കുന്നതുകൊണ്ടാണ്. മറുപടി എന്ന കവിതയിൽ അയാൾ ചോദിക്കുന്നു:

"എത്ര പതുക്കെപ്പറഞ്ഞാലാണ്
നീ മാത്രം കേൾക്കുക
കാടിനും ഇലയ്ക്കും
ഉറുമ്പുകൾക്കും
കേൾക്കാനാവാത്ത
അത്ര മെല്ലെ ചുണ്ടനക്കി"


ഇത് കാമുകീ-കാമുക സംഭാഷണത്തിന്റെ സാധാരണ തലത്തിൽ നിന്ന് വേറിട്ട് എല്ലാ ജൈവ ബിന്ദുക്കൾക്കുമിടയിൽ സാദ്ധ്യമാവേണ്ട അപൂർവ്വ വിനിമയത്തെ തന്നെ സൂചിപ്പിക്കുന്നു.

നിശ്ശബ്ദതയാണ് പ്രകൃതിയുടെ യാഥാർത്ഥ്യം. പ്രകൃതിയിലെ ശബ്ദങ്ങൾ അതിനുള്ളിൽ വാഴുന്ന ഒരു ജൈവരൂപത്തേയും അലോസരപ്പെടുത്തുന്നില്ല. അനേക കോടി കൃത്രിമ ശബ്ദങ്ങൾ കൊണ്ടും ദൃശ്യങ്ങൾ കൊണ്ടും മലിനമാക്കപ്പെട്ട മനുഷ്യലോകത്തിന് മൗനത്തിന്റെ സാദ്ധ്യതകൾ എത്രയോ വിരളമാണ്. കവിതയിലൂടെയെങ്കിലും മൗനത്തെ കണ്ടെത്താൻ കഴിഞ്ഞെങ്കിൽ. മൗനം പ്രതീഷിന്റെ കവിതയിലൂടെ അനുഭവിക്കുന്നത് കാണുക.

"ആകെയറിഞ്ഞത്
ഒരിടത്തൊരാൾ
മുറ്റത്തെ മരച്ചോട്ടിൽ
കുടിച്ചുകഴിഞ്ഞ ചായക്കോപ്പ
ഈച്ചകളിൽ നിന്നും
കമഴ്ത്തി വെച്ചത് മാത്രം"

ഇനി എന്തെഴുതാൻ. സമാഹാരത്തിലെ നീരാവി നമ്മളെ നനച്ചു കഴിഞ്ഞിരിക്കുന്നു. നനവിന്റെ ഒച്ചയിൽ വായിക്കുന്നവരുടെ ബോധം ശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. പുസ്തകം അടയ്ക്കുന്നു. പ്രേമത്തോടെ..

# സ്ലോ ട്രാവൽ



ജയപ്രകാശ് നിലമ്പൂർ

**പതിവ് ടൂറിസ്റ്റ് സ്പോട്ടുകളിൽ നിന്ന് മാറി പാരിസ്ഥിതികവും, കാർഷികവും, ചരിത്രപരവുമായ പ്രാധാന്യമുള്ള, പലപ്പോഴും ടൂറിസ്റ്റുകൾ കടന്നുചെല്ലാത്ത ഇടങ്ങളിലാണ് ശ്രദ്ധ പതിപ്പിക്കുന്ന സ്ലോ ട്രാവലിനെക്കുറിച്ച്..**

യാത്രകൾ പലവിധമുണ്ട്. കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളായി ഞങ്ങൾ നിലമ്പൂർ പ്രകൃതിപഠന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന യാത്രാപരിപാടികളെ സ്ലോ ട്രാവൽ എന്നാണ് വിളിക്കേണ്ടത്. യാത്രകൾ പണക്കൊഴു പ്പിന്റെയും, ധാരാളിത്തത്തിന്റെയും, വിഭവധൂർത്തിന്റെയും കൂടി സന്ദർഭങ്ങളാവാതെ ശ്രദ്ധിച്ചാണ് ഓരോ യാത്രയും. കൊങ്കൺ റെയിൽവെ തുടങ്ങിയ വർഷം കൊങ്കൺ വഴി യാത്ര. പിന്നീട് കാശ്മീർ, ആസാം, പഞ്ചാബ്, ഹരിയാന, ഡൽഹി, ഭൂട്ടാൻ, കർണ്ണാടക, ആന്ധ്രപ്രദേശ്, ആൻഡമാൻ-നിക്കോബാർ അങ്ങനെ നിരവധി യാത്രകൾ. എല്ലാം ചെറിയ സംഘങ്ങളായി മാത്രം. പരമാവധി ചിലവു കുറച്ചാണ് യാത്ര. കയ്യിൽ കരുതുന്ന ബാഗിന്റെ വലുപ്പം തന്നെ പരമാവധി ചെറുതായിരിക്കും. അലസമായി, മുൻകൂട്ടി ചിട്ടപ്പെടുത്താതെ, പതിവ് ടൂറിസ്റ്റ് സ്പോട്ടുകളിൽ നിന്ന് മാറി പാരിസ്ഥിതികവും, കാർഷികവും, ചരിത്രപരവുമായ പ്രാധാന്യമുള്ള, പലപ്പോഴും ടൂറിസ്റ്റുകൾ കടന്നുചെല്ലാത്ത ഇടങ്ങളിലാണ് ശ്രദ്ധ പതിപ്പിക്കുന്നത്. ഉദാഹരണത്തിന് കാശ്മീരിൽ അധികം സന്ദർശകരില്ലാത്ത 'അരു' ഒഴിവാക്കാൻ പാടില്ലാത്ത ഇടമാണ്. അങ്ങനെ പലരും കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത എത്രയോ സ്ഥലങ്ങൾ ഇനിയുമുണ്ട്. സാധാരണ യാത്രകളിൽ കാണേണ്ടത് പലതും കാണാറില്ല.

ഒരു പ്രദേശത്തെ സാധാരണക്കാർ, കർഷകർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ ഇവരുമായി ഇടപഴകി പ്രദേശത്തിന്റെ തനിമയിലേക്ക് പരമാവധി

ഇഴുകിച്ചേർന്നാണ് ഞങ്ങളുടെ സ്ലോ യാത്ര. ആർക്കും തിടുക്കമില്ല. തികഞ്ഞ സാവകാശം സ്ലോ ട്രാവലിന്റെ പ്രത്യേകതയാണ്. ഒരു യാത്രയുടെ ലക്ഷ്യസ്ഥാനം പോലെ തന്നെ പ്രധാനമാണ് യാത്രയുടെ രീതികളും. ഒരുപാട് പണം, ഇന്ധനം, ഭക്ഷണം, മറ്റ് വിഭവങ്ങൾ ധൂർത്ത് ചെയ്യപ്പെടുന്നത് പലപ്പോഴും യാത്രകളിലാണ്. യാത്ര ചെയ്യുമ്പോൾ പരമാവധി പൊതുസ്ഥലങ്ങളിൽ വിശ്രമിക്കുവാനും അന്തിയുറങ്ങുവാനും ശ്രദ്ധിക്കുന്നു. യൂത്ത് ഹോസ്റ്റലുകളിൽ താമസം ഉറപ്പാക്കുന്നതും ചിലവ് കുറയ്ക്കും. കർഷകരുടെ കുടിലുകളിൽ,

അമ്പലങ്ങളിൽ, റയിൽവെ സ്റ്റേഷനുകളിൽ ഒക്കെ നമുക്ക് താവളമൊരുക്കാം.

ഒരു പ്രദേശത്ത് താമസിച്ച് ആ പ്രദേശത്തെ അറിഞ്ഞ് ജീവിക്കുന്നത് തിടുക്കത്തിൽ കാഴ്ചകൾ കണ്ട് നീങ്ങുന്ന കണ്ടക്റ്റഡ് ടൂറുകളിൽ കഴിയില്ല. ആൻഡമാനിൽ സഞ്ചരിക്കുമ്പോൾ വന്യമായ പ്ലാസ്റ്റിക് ഉപയോഗം കണ്ണിൽ പെട്ടപ്പോൾ അവിടുത്തെ ലഫ്റ്റനന്റ് ഗവർണർക്ക് അതിനെക്കുറിച്ച് പരാതിയും ഞങ്ങൾ എഴുതിക്കൊടുത്തു.

ഒരു സ്ഥലത്തുകൂടി സഞ്ചരിക്കുമ്പോൾ നമ്മുടെ പാദമുദ്രകൾപോലും പതിപ്പിക്കാതെ സൗമ്യമായി വേണം സഞ്ചരിക്കേണ്ടത് എന്നതാണ് ധ്യാനപൂർവ്വമായി യാത്രചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ടത്. പലപ്പോഴും വിനോദയാത്രകൾ കഴിഞ്ഞ് മടങ്ങിവരുമ്പോൾ പലരും മ്ലാനഭാവത്തോടെ ഇരിക്കുന്നത് കാണാം. എന്നാൽ ഞങ്ങളുടെ യാത്രകഴിഞ്ഞ് വരുമ്പോൾ ഏവരുടേയും ഉള്ളിൽ പുതിയ ഊർജ്ജം

രൂപപ്പെട്ടിരിക്കും. ജീവിതത്തെ ചൈതന്യവത്താക്കുന്നതാണ് ഞങ്ങളുടെ സ്ലോ ട്രാവൽ.

## കാടിനെ അറിയാൻ ഒരു ക്യാമ്പ്

വനാന്തർഭാഗത്ത് ഒരു പഠന ക്യാമ്പ് സംഘടിപ്പിക്കുന്നു. 2010 മാർച്ച് 19, 20 തിയ്യതികളിൽ നിലമ്പൂരിൽ വെച്ച് നടക്കുന്ന ക്യാമ്പിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടാം.

ഡയറക്ടർ, പ്രകൃതിപഠന കേന്ദ്രം, നിലമ്പൂർ

ഫോൺ: 9446635140, 04931 222449

## ചന്ദ്രിക കഥാമത്സരം

പ്ലാറ്റിനം ജൂബിലിയാഘോഷത്തോടനുബന്ധിച്ച് ചന്ദ്രിക ദിനപത്രം ചെറുകഥാ മത്സരം നടത്തുന്നു. കഥകൾ നേരത്തെ പ്രസിദ്ധീകരിച്ചതാവരുത്. മികച്ച കഥകൾക്ക് 10,001 രൂപയും ഫലകവും പ്രശസ്തിപത്രവും നൽകും. കേരളത്തിലെ പ്രശസ്ത എഴുത്തുകാരുടെ പാനലായിരിക്കും വിധികർത്താക്കൾ. മത്സരാർത്ഥികളുടെ പേരും വിലാസവും പ്രത്യേകം രേഖപ്പെടുത്തിയ രചനകൾ 2011 മാർച്ച് അഞ്ചിനകം: പിരിയോഡിക്കൽസ് എഡിറ്റർ, ചന്ദ്രിക ദിനപത്രം, പി.ബി. നമ്പർ 64, കോഴിക്കോട്-1 എന്ന വിലാസത്തിൽ അയക്കണം.

കവറിനു പുറത്ത് കഥാമത്സരം എന്ന് രേഖപ്പെടുത്തണം.

## പ്രതികരണങ്ങൾ അറിയിക്കുക

ലിറ്റിൽ മാസികയുടെ ഉള്ളടക്കം, നിലപാടുകൾ ഇവ സംബന്ധിച്ച പ്രതികരണങ്ങൾ തപാൽകാർഡ്, എസ്.എം.എസ്, ഇ-മെയിൽ വഴിയും, നേരിട്ടും അറിയിക്കുമല്ലോ.

വിലാസം:<br>ലിറ്റിൽ മാസിക<br>ചുങ്കത്തറ് പി.ഒ.<br>മലപ്പുറം - 679334<br>ഫോൺ: 9946428284, 9995264564<br>e mail: littlemasika@gmail.com

# ആൽബം

ബിജു കാഞ്ഞങ്ങാട്

കുട്ടിക്കൂറാ പൗഡറാ
നിന്റെ കരച്ചില് മാറ്റാൻ
വല്യേട്ടനാ തീപ്പെട്ടി കുലുക്കിയത്
വെള്ളം നിറഞ്ഞതുകൊണ്ടാ
കണ്ണിങ്ങനെ
പളുങ്കുഗോട്ടി പോലെ...

എത്ര പറന്നിട്ടും
പഴയവീട്ടിലെ തൊടി വരേയേ
എത്താനായുള്ളൂ


സ്കൂളിൽ പോവുന്നതിനും മുമ്പുള്ള
ഒരു മദ്ധ്യാഹ്നവെയിൽ പോലെ
ഒരു മായൽ!

ഇത്രയും ദൂരത്ത്
എന്റെ അഭാവത്തിൽ
ഓർമ്മ കൊണ്ടുവെച്ചതാരാണ്?

കുട്ടിക്കൂറാ, വല്യേട്ടൻ, തീപ്പെട്ടി
- ഇവ തൊടാനാവാതെ
അകവും പുറവും പോലെ

അമ്മയുടെ അഭാവം
ഓർമ്മ വെച്ചതാവണം
മെനഞ്ഞ് മെനഞ്ഞ
മറ്റൊരു ലോകം

ഇത്രയും അടുത്ത്!



വര : ഡോ.ടി.റഹിമാൻ



വര : ഡോ.ടി.റഹിമാൻ

# പച്ച

രാമകൃഷ്ണൻ കുമാരനെല്ലൂർ

1
കൂർത്ത കല്ലിനെ
മെത്തയാക്കുന്നിതാ
പിച്ചവെച്ചു
വരുന്ന വള്ളിച്ചെടി
2
പുല്ലു ചൊല്ലും മറുമൊഴി കേൾക്കാൻ
വയ്യെ, നിക്കെന്റെ കാതുകൾ പോരാ
പുല്ലിനോടും സ്വകാര്യം പറയും
മട്ടിലീ പശുക്കുട്ടിതൻ തീറ്റ
3
വേര്
മണ്ണറയ്ക്കുള്ളിലെഴുതിയ
കവിതകളെ
ചില്ലകൾ
പൂവാക്കിയല്ലോ..
4
ആകാശം ഒരു മരം
കടൽ അതിന്റെ ഒരില
അപ്പോൾ പൂവേത്?
കായേത്?
5
തോട്ടുവക്കത്തുനിന്നും പൊടുന്നനെ
കണ്ടെടുത്തൊരു വെള്ളിലപ്പുഞ്ചിരി
എന്റെ വാക്കിലും വന്നിരിക്കേണമേ
എന്റെ നോക്കിലെ വെട്ടമായ്ത്തീരണേ...

# സ്റ്റാർനൈറ്റ്


വി.എസ്. രാജീവ്

ഒരു ജൻമത്തിൽ
മറ്റൊരു ജൻമം പോലെ,
വിറകുകെട്ടുകളുടെ
വെളിച്ചത്തെ
തോൽപിക്കുന്ന
ജ്വലനതാരമാകാൻ
അവൾ കൊതിച്ചു.

ഉറങ്ങാതിരുന്ന് രാത്രിയുടെ
നിശ്ശബ്ദ വർത്തമാനങ്ങൾ
പരിഭാഷപ്പെടുത്തി.

നിറങ്ങളുടെ
വലിയ ലോകത്ത്
പറന്നു നടക്കുന്ന
മാലാഖയാണെന്ന്
സ്വയം വിശ്വസിച്ചു.

ആരുമറിയാതെയെങ്കിലും,
സ്വന്തം മുറിയിൽ മാത്രം
മിന്നുന്ന
കൃത്രിമ താരമാകാൻ
അവൾക്ക്
കൊതിച്ചുകൂടേ....



വര : ഡോ.ടി.റഹിമാൻ

# ങ്ങും

എൽ. തോമസ്കുട്ടി

വേണം സൂചി കുത്താനൊരിടം
ദയാരഹിതമീ
സഹതാപത്തിൽ നിന്നും
ഒളിഞ്ഞിരിക്കാനൊരേകാന്ത
ബിന്ദു.

ആക്കുന്നവനും
അഴിക്കുന്നവനും
എത്താത്ത
അല്പം
പച്ച

# ഫ്ളാറ്റിൽ

മധു ആലപ്പടമ്പ്

വയലുകളുണ്ടായിരുന്നേടത്ത്
കൊറ്റികളായി
നമ്മൾ
കൂടുകൂട്ടി!

---

*....അമേരിക്കൻ കുടുംബം.. പേജ് 31 ന്റെ തുടർച്ച...*

തുടർന്നവർ 'മൈ എമിഷൻസ് എക്സ്ചേഞ്ച്' എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തു. ഈ വെബ്സൈറ്റാണ് അവർ മിച്ചം പിടിച്ച കാർബൺ ക്രെഡിറ്റ് കണക്കാക്കിയതും പതിനേഴ് ഡോളർ നൽകിയതും. ഒഹയോയിലെ മോൾട്ടൻ എക്യുപ്മെന്റ് കമ്പനി അവരുടെ ക്രെഡിറ്റ് വിലയ്ക്കുവാങ്ങി. ഈ വെബ്സൈറ്റിൽ 1800 കുടുംബങ്ങൾ ഇതിനകം കാർബൺ ക്രെഡിറ്റ് വിൽപ്പന ലക്ഷ്യമാക്കി രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ആവേശഭരിതരായ വിൽസൺ ദമ്പതികൾ 58000 ഡോളർ ചിലവാക്കി 36 സോളാർ പാനലുകൾ സ്ഥാപിച്ചു. സ്വന്തം കൂരപ്പുറത്ത് വിളയുന്ന വൈദ്യുതിയും കാർബൺ ക്രെഡിറ്റ് കച്ചവടവും കൊണ്ട് ആറുവർഷത്തിനുള്ളിൽ ഈ മുടക്കുമുതൽ അവർക്ക് തിരിച്ചുകിട്ടും. വീട്ടിലെ ഫ്രിഡ്ജും, എ.സി യും, ബൾബുകളും എല്ലാമൊന്ന് പുനഃക്രമീകരണം നടത്തിയാൽ വൈദ്യുതച്ചിലവ് കുറയ്ക്കാം, $CO_2$ കുറയ്ക്കാം, കാർബൺ ക്രെഡിറ്റ് വിൽപ്പന വഴി ലാഭവുമാകാം. വിൽസൺ ദമ്പതികൾ പറയുന്നു.

**വാൽക്കഷ്ണം:** തിരുവനന്തപുരം കൊച്ചി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യാ ഓഫീസുകൾ, തിരുവനന്തപുരം റെയിൽവെ ഡിവിഷൻ മാനേജരുടെ ഓഫീസ് എന്നിവ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ പഞ്ചനക്ഷത്ര പദവി നേടിയിരിക്കുന്നു. വൈദ്യുത നിയന്ത്രണം കണക്കിലെടുത്താണിത്. ഈ ദേശീയനിലവാര അംഗീകാരത്തിന് 40 ലക്ഷം രൂപയുടെ വൈദ്യുത നവീകരണ പദ്ധതികളാണ് റെയിൽവെ ഓഫീസിൽ നടപ്പിലാക്കിയത്. അതിലൂടെ പ്രതിമാസം 50,000 രൂപയുടെ വൈദ്യുതി ലാഭമുണ്ടായി.

**ജെന്നിഗ്സ് മിച്ചൽ ബർച്ച് എന്ന അമേരിക്കക്കാരൻ ഫോൺചെയ്യുമ്പോൾ പറ്റിയ അബദ്ധത്തിലൂടെ ഏകാകിയായ ഒരു വൃദ്ധനുമായി ഉണ്ടാക്കിയ സൗഹൃദത്തിന്റെ കഥ**



ജെന്നിഗ്സ് മിച്ചൽ ബർച്ച

# ഒരു റോംഗ് നമ്പർ പക്ഷേ അത് ശരിയായിരുന്നു....

ഫോൺ ഡയൽ ചെയ്തുതീരുന്നതിനുമുമ്പ് തന്നെ നമ്പർ തെറ്റിയെന്ന് എനിക്ക് മനസ്സിലായിരുന്നു. ഒന്നോ രണ്ടോ തവണ റിംഗ് ചെയ്തു. ഒരാൾ ഫോൺ എടുത്തു.

"റോംഗ് നമ്പറാണ്" അങ്ങേതലയ്ക്കൽ നിന്ന് ക്ഷീണിച്ച ഒരു ശബ്ദം. ഒപ്പം ഫോൺ പെട്ടെന്ന് വെയ്ക്കുന്ന ശബ്ദവും. കൗതുകത്തിന് അതേ നമ്പർ തന്നെ വീണ്ടും വിളിച്ചു. അങ്ങേതലയ്ക്കൽ ശബ്ദം കനത്തു "ഞാൻ പറഞ്ഞില്ലേ നിങ്ങളോട് റോംഗ് നമ്പറാണെന്ന്".

ആരാണെന്നോ എന്താണെന്നോ ചോദിക്കാതെ റോംഗ് നമ്പർ ആണ് എന്നുപറയുന്നതെന്തുകൊണ്ടാണ്? ഞാനന്ന് ന്യൂയോർക്ക് പോലീസ് ഡിപ്പാർട്ടുമെന്റിൽ ജോലി നോക്കുകയാണ്. പ്രായം മുപ്പത്. എന്റെ കൗതുകം ആകാംക്ഷയായി. മൂന്നാമതും അതേ നമ്പർ വീണ്ടും റിംഗ് ചെയ്തു.

അപ്പുറത്തുനിന്ന് ശബ്ദം കൂടുതൽ പരുപരുത്തു.

"ഹേ നിങ്ങൾ വീണ്ടും? എത്ര തവണ പറയണം റോംഗ് നമ്പറാണെന്ന്! ശല്യം"

"ഇത് ഞാൻ തന്നെയാണ്. ഞാനാരാണെന്നോ ഒന്നും ചോദിക്കാതെ റോംഗ് നമ്പറാണെന്ന് എങ്ങനെയാണ് നിങ്ങൾ പറയുന്നത്?"

"നിങ്ങൾക്ക് ഡയൽ ചെയ്തപ്പോൾ മാറിയിരിക്കും"പറഞ്ഞതും ഫോൺ വെച്ചു.

ഞാൻ വിട്ടില്ല. വീണ്ടും വിളിച്ചു.

"നിങ്ങൾ വീണ്ടും തെറ്റിവിളിച്ചിരിക്കുന്നു" ശബ്ദം കൂടുതൽ കർക്കശമായി

"നോക്കൂ ഞാനിതിൽ നിന്ന് മനസ്സിലാക്കുന്നത് ഇതുവരെ നിങ്ങളെ ആരും ഫോണിൽ വിളിച്ചിട്ടില്ലെന്നാണ്"

"ഓ! അതു നിങ്ങൾക്ക് മനസ്സിലായി അല്ലേ" മറുവശത്തുനിന്നും ശബ്ദം ഒന്നു മയപ്പെട്ടു. പക്ഷേ ഫോൺ നാലാമതും നിലച്ചു.

വീണ്ടും ഞാൻ വിളിക്കുക തന്നെ ചെയ്തു.

"നിങ്ങൾക്കെന്താ വേണ്ടത്" ഭാവം വീണ്ടും പരുക്കനായി.

"വെറുതെ ഒരു ഹലോ പറയാനാണ്" ഞാൻ പറഞ്ഞു.

"ഓ.കെ. നിങ്ങളാരാണ്?" ശബ്ദം അൽപം മയമായി. ഞാൻ പേരു പറഞ്ഞു. മറുവശത്തുനിന്നും പ്രതികരണമുണ്ടായി. "ഞാൻ അഡോൾഫ് മെഥ്. എനിക്ക് 89 വയസ്സായി. എനിക്ക് കഴിഞ്ഞ ഇരുപതു വർഷമായി ഒരു ദിവസം തന്നെ ഇത്രയും റോംഗ് നമ്പറുകൾ വന്നിട്ടില്ല." ഞങ്ങൾ രണ്ടാളും ചിരിച്ചു.

"ആരും ഫോൺ വിളിക്കുന്നില്ലെങ്കിൽ എന്തിനാണ് പിന്നെ ഫോൺ വെച്ചിരിക്കുന്നത്" ഞാൻ ചോദിച്ചു.

"എനിക്ക് ഫോൺ വേണം. ഓരോ മാസവും എന്റെ വക്കീൽ എന്നെ വിളിക്കും. ഞാൻ ജീവിച്ചിരിപ്പുണ്ടോ എന്നറിയാൻ"

**ടെലഫോൺ സൗഹൃദം**

അന്നു ഞങ്ങൾ പത്തുമിനിറ്റോളം സംസാരിച്ചു. അഡോൾഫിന് കുടുംബമോ, ബന്ധുക്കളോ, സുഹൃത്തുക്കളോ ആരുമില്ല. അടുത്ത ബന്ധുക്കളെല്ലാം തന്നെ മരിച്ചുപോയി. ഞങ്ങളെ ഇരുവരെയും ഒന്നിപ്പിക്കുന്ന പൊതുവായ സംഗതികൾ ഉണ്ടായിരുന്നു. അഡോൾഫും എന്നെപ്പോലെ പോലീസ് ഡിപ്പാർട്ടുമെന്റിലായിരുന്നു ജോലി ചെയ്തിരുന്നത്. 40 വർഷം അവിടെ ലിഫ്റ്റ് ഓപറേറ്ററായിരുന്നു അഡോൾഫ്. ഡിപ്പാർട്ടുമെന്റിലുള്ള പലരെയും ഞങ്ങൾക്ക് ഇരുവർക്കും പരിചയമുണ്ടായിരുന്നു. സംസാരം നിർത്തുന്നതിനുമുമ്പ് ഞാൻ ഇനിയും അഡോൾഫിനെ വിളിക്കുമെന്നു പറഞ്ഞു.

"എന്തിനാണ് വിളിക്കുന്നത്?" അഡോൾഫ് ചോദിച്ചു.

"നമുക്ക് ടെലിഫോൺ സുഹൃത്തുക്കളാവാം. തൂലികാ സുഹൃത്തുക്കൾ എന്നൊക്കെ പറയുന്നതുപോലെ"

"വീണ്ടും ഒരു സുഹൃത്തിനെ കിട്ടുകയാ ണെങ്കിലെന്താ"

"ഗ്രേറ്റ്! ഞാൻ വീണ്ടും വിളിക്കും" ഞാൻ പറഞ്ഞു.

"ഓ, അപ്പോൾ ഇനി എനിക്ക് റോംഗ് നമ്പർ എന്നുപറയാൻ പറ്റില്ല അല്ലേ?"

"ശരിതന്നെ" ഞാൻ പറഞ്ഞു.

പിന്നീടുള്ള പല വൈകുന്നേരങ്ങളും ഞങ്ങൾ ഫോണിൽ സംസാരിച്ചു. അഡോൾഫ് തന്റെ ചെറുപ്പം, ജീവിതം എല്ലാം എന്റെ മുന്നിൽ വരച്ചുവെച്ചു. അഡോൾഫിനെ പോലെ ഞാനും ചെറുപ്പത്തിൽ അനാഥത്വത്തിന്റെ വേദന അനുഭവിച്ചിട്ടുണ്ട്. സമാനതകൾ ഇരുവരുടെയും ജീവിതത്തിൽ കണ്ടെത്തി. ക്രമേണ ഒരു പിതാവിന്റെയെന്നോണമുള്ള സ്വാധീനം അഡോൾഫ് എന്നിൽ ചെലുത്തി. എന്റെ ജോലി സ്ഥലത്തെ ദൈനംദിന പ്രശ്നങ്ങൾ പലതും ഞങ്ങൾ ചർച്ചചെയ്തു. സഹപ്രവർത്തകരോട് സംയമനത്തോടെ പെരുമാറി പ്രശ്നങ്ങളെ തരണം ചെയ്യാൻ പിതൃസഹജമായ വാത്സല്യത്തോടും അധികാരത്തോടും അഡോൾഫ് എന്നെ ഉപദേശിച്ചു. എനിക്ക് ഒരു പിതാവിനെയും സുഹൃത്തിനെയും ഒന്നിച്ചു കിട്ടുകയായിരുന്നു. അഡോൾഫിന്റെ ശബ്ദത്തിലൂടെ നല്ല മാറ്റങ്ങൾ ഞാനും തിരിച്ചറിഞ്ഞു.

ഒരു വൈകുന്നേരം, തന്റെ എൺപത്തിഒമ്പതാമത്തെ ജൻമദിനം വരാൻ പോവുകയാണെന്ന് അഡോൾഫ്

*അടുത്ത പേജിൽ*

# സോമാലിയയിൽ നിന്ന്



## സോമാലിയയിലെ പത്രപ്രവർത്തകൻ ഫർഹാൻ അബ്ദി ജമായുമായി ലിറ്റിൽമാസിക നടത്തിയ ഇ-മെയിൽ അഭിമുഖം:

**സ്വയം പരിചയപ്പെടുത്തുമോ?**
സോമാലിയയുടെ വടക്കൻ പ്രദേശമായ ഫർജീസായിലുള്ള ഒരു ഫ്രീലാൻസ് പത്രപ്രവർത്തകനാണ് ഞാൻ. ദേശീയവും അന്തർദേശീയവുമായ മാധ്യമങ്ങൾക്കുവേണ്ടി റിപ്പോർട്ടുകളും ഫീച്ചറുകളും എഴുതുന്നു. ന്യൂ ബിസിനസ് എത്യോപ്യൻ മീഡിയാ ഇൻസ്റ്റിറ്റ്യൂട്ടിൽ ജേണലിസ്റ്റ് ട്രെയിനിയുമാണ്.

**സോമാലിയയിലെ ജനങ്ങൾ, മറ്റു സാഹചര്യങ്ങൾ?**
അസ്വാഭാവികമായ വാർത്തകളുടെ ഉറവിടം എന്ന നിലയിൽ ഞങ്ങൾ സോമാലിയക്കാർ പുറംലോകത്തിന്, അവരുടെ മാധ്യമതാൽപര്യങ്ങൾക്ക് ഇരകളാണ്. 1990 വരെ ഇവിടെ ഒരു സെൻട്രൽ ഭരണമില്ലായിരുന്നു. മുസ്ലിം സമൂഹമാണ് ഞങ്ങൾ.

**മാധ്യമങ്ങളുടെ സ്വാധീനവും ഇടപെടലുകളും?**
ജനാധിപത്യവൽക്കരണം ഇനിയും പൂർണ്ണമായിട്ടില്ലെങ്കിൽ ജനാഭിലാഷങ്ങളെ രൂപീക രിക്കുന്നതിലും ജനാഭിപ്രായം സമാഹരിക്കുന്നതിലും മാധ്യമങ്ങൾ പങ്കുവഹിക്കുന്നു. അച്ചടി മാധ്യമങ്ങളെക്കാൾ ഇപ്പോൾ ദൃശ്യമാധ്യ മങ്ങൾക്കാണ് പ്രചാരവും സ്വാധീനവും. ജനങ്ങളിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തുന്നത് റേഡിയോയാണ്. ചിലവുകുറവും എല്ലായിടത്തേക്കുമുള്ള ആക്സസും റേഡിയോയെ കൂടുതൽ പ്രിയങ്കരമാക്കുന്നു. 40% പേരും നിരക്ഷരരായ സമൂഹത്തിൽ പ്രിന്റ് മീഡിയയ്ക്ക് പരിമിതമായ സ്വാധീനമേ ചെലുത്താനാവുന്നുള്ളൂ. വീട്ടിലും ജോലിസ്ഥലത്തും, യാത്രയിലും റേഡിയോ ജനത്തിന് നല്ല ഒരു തുണയും സുഹൃത്തുമാണ്.

**റേഡിയോ പരിപാടികളിലെ ഉള്ളടക്കം എന്തൊക്കെയാണ്?**
പൊതുവെ വാർത്തകൾ, ബോധവൽക്കരണ പ്രചാരണ പരിപാടികൾ, പങ്കാളിത്ത ചർച്ചാപരിപാടികൾ, ഫീച്ചർ പ്രോഗ്രാമുകൾ, പഠനങ്ങൾ ഇവയൊക്കെയാണ് ഇവിടുത്തെ റേഡിയോ പരിപാടികളുടെ ഉള്ളടക്കം. മികച്ച റേഡിയോ ശ്രോതാക്കളുടെ നാടാണ് സോമാലിയ. പ്രഭാതം മുതൽ പ്രദോഷം വരെ റേഡിയോയെ പ്രണയിക്കുന്നവരാണിവിടുത്തുകാർ

**മാധ്യമങ്ങൾ നിർവ്വഹിക്കുന്ന പങ്ക്?**
കേന്ദ്രീകൃതമായ ഭരണക്രമം അടുത്തകാലത്താണ് ഉണ്ടായത്. പലപ്പോഴും മീഡിയയാണ് ഉത്തരവാദിത്വത്തോടെ കടമകൾ നിർവ്വഹിക്കുന്നത്.

**സോമാലിയയിൽ ലിറ്റിൽ മാഗസിനുകൾ ഉണ്ടോ?**
രാഷ്ട്രീയ വാർത്തകൾ കൈകാര്യം ചെയ്യുന്ന വർത്തമാന പത്രങ്ങളാണ് ഇവിടെയുള്ളത്. ഇനിയും രാഷ്ട്രീയ സ്ഥിരത നേടിയിട്ടില്ലാത്ത രാജ്യമായതിനാൽ മാധ്യമങ്ങൾ കൂടുതലായും രാഷ്ട്രീയ ജാഗ്രതയ്ക്കാണ് മുൻതൂക്കം നൽകുന്നത്. അതായത് പ്രകടമായ രാഷ്ട്രീയ കാഴ്ചപ്പാടോടെയുള്ള മാധ്യമങ്ങളേ ഇവിടെയുള്ളൂ. നിങ്ങളുടെ മാഗസിനിലൂടെ കൂടുതൽ കാര്യങ്ങൾ സംവദിക്കണമെന്നുണ്ട്. പരിഭാഷപ്പെടുത്തിയ മാഗസിന്റെ ഒരു കോപ്പി അയച്ചുതരണം. നന്ദി.

*തയ്യാറാക്കിയത്: ബിജു ജോൺ*

---

ഒരു റോംഗ് നമ്പർ...തുടർച്ച

എന്നോട് പറഞ്ഞു. ഞാൻ വലിയ ഒരു ഫൈബർ ബോർഡ് വാങ്ങി അതിൽ വലിയ വലുപ്പത്തിൽ ഒരു ആശംസാകാർഡ് വെട്ടിയുണ്ടാക്കി അതിൽ കേക്കും 89 മെഴുകുതിരികളും പിടിപ്പിച്ചു. അഡോൾഫും മുമ്പ് പോലീസ് ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്തിരുന്ന ആളായിരുന്നതിനാൽ എന്റെ ഓഫീസിലെ സഹപ്രവർത്തകരുടെ ഒപ്പും ഞാൻ കാർഡിൽ ശേഖരിച്ചു. ഒരു പ്രത്യേക കവർ തന്നെ ഉണ്ടാക്കി കാർഡ് അടക്കം ചെയ്ത് പോസ്റ്റ് ഓഫീസിലെത്തി.

"സോറി, ഇതു വലുതാണ് പാഴ്സൽ ആയി മാത്രമേ അയക്കാൻ പറ്റൂ. അല്ലെങ്കിൽ നേരിട്ട് കൊണ്ടുപോയികൊടുക്കുക"

പോസ്റ്റൽ ക്ലർക്ക് ബുദ്ധിമുട്ട് പറഞ്ഞു. പാഴ്സൽ സമയമെടുക്കും. ഒടുവിൽ ഞാൻ തന്നെ നേരിട്ട് കൊണ്ടുപോയി കൊടുക്കാൻ തീരുമാനിച്ചു. കഴിഞ്ഞ നാല് മാസമായി ഞങ്ങൾ സുഹൃത്തുക്കളാണ്. ഇതാ നേരിട്ട് കാണാൻ ഒരു അവസരം. ഇതുവരെ അദ്ദേഹത്തിന്റെ സ്വകാര്യതയിൽ ഞാൻ ഇടപെട്ടിട്ടില്ല. പക്ഷേ ജൻമദിനം എന്നു പറഞ്ഞാൽ ആഘോഷിക്കേണ്ടതാണല്ലോ. ഞാൻ വരുന്ന കാര്യം അഡോൾഫിനോട് പറഞ്ഞില്ല.

അഡോൾഫിനോട് പറയാതെ ഒരു ദിവസം രാവിലെ തന്നെ ബർത്ത്ഡേക്ക് മൂന്ന് ദിവസം മുമ്പ് തന്നെ അഡോൾഫിന്റെ വിലാസം തേടി പുറപ്പെട്ടു. ഒടുവിൽ അഡോൾഫ് താമസിക്കുന്ന അപ്പാർട്ട്മെന്റ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിലെത്തി. വരാന്തയിൽ കൂടി നടന്ന് അഡോൾഫിന്റെ 'അഡോൾഫ്' എന്ന് പേരെഴുതിയ മെയിൽ ബോക്സിനു മുമ്പിലെത്തി. വല്ലാത്ത ഒരുതരം ആകാംക്ഷ എന്നെ പിടികൂടി. അഡോൾഫിന്റെ സമീപനം എങ്ങനെ ആയിരിക്കും? ഫോണിൽ കൂടി സംസാരിക്കുന്നയാളോട് അത്ര അടുപ്പം ഉണ്ടാവുമോ? എന്നെ സ്വീകരിക്കാതിരിക്കുമോ? വർഷങ്ങൾക്ക് മുമ്പ് എന്റെ പിതാവ് എന്നെ നിഷേധിച്ചതുപാലെ..? എന്തായാലും അഡോൾഫിന്റെ വാതിലിൽ ഞാൻ മുട്ടി. പലതവണ. വാതിൽ തുറക്കപ്പെട്ടില്ല.

"അവിടെ ആരും ഇല്ല" അവിടെ പ്രത്യക്ഷപ്പെട്ട പോസ്റ്റുമാൻ പറഞ്ഞു.

"നിങ്ങൾ ബന്ധുവോ മറ്റോ ആണോ?"

"അല്ല. ഞാൻ ഒരു സുഹൃത്താണ്"

"സോറി. മിസ്റ്റർ അഡോൾഫ് മിനിഞ്ഞാന്ന് മരിച്ചു"

ഷോക്കേറ്റതുപോലെ വിശ്വസിക്കാനാവാതെ ഞാൻ കുറച്ചുനേരം ഒരേ നിൽപ്പ് നിന്നു. ഞാൻ തിരിഞ്ഞ് എന്റെ കാറിനരികിലേക്ക് നടന്നു. നിധിപോലെ കൈവന്ന ഒരു സൗഹൃദം ഇല്ലാതായല്ലോ എന്ന വേദന എന്നെ പിടിമുറുക്കി.

ഒരു ബൈബിൾ വാക്യം എന്റെ മനസ്സിൽ ഓടിയെത്തി. "ഒരു സുഹൃത്ത് ഏതുസമയത്തും സ്നേഹിക്കും. പ്രത്യേകിച്ച് മരണത്തിൽ പോലും" പെട്ടെന്ന് ഒരു ആനന്ദം എന്നെ വന്നു പൊതിഞ്ഞു. ജീവിതത്തിന്റെ ഒരു ഘട്ടത്തിൽ എനിക്കു കിട്ടിയ സൗഹൃദത്തെ ഞാൻ ഓർത്തു. അത് എത്ര വിലപ്പെട്ട നിമിഷങ്ങൾ സമ്മാനിച്ചു!

*ശേഷം 30ൽ*





# മുറിവേറ്റ പക്ഷികൾക്കായി രണ്ട് സഹോദരൻമാർ

**പട്ടം പറത്തൽ വിനോദത്തിന്റെ ഭാഗമായി ചരടിൽ കുരുങ്ങി പരുക്കേൽക്കുന്ന പക്ഷികൾക്കായി സമയവും കഴിവും ഉഴിഞ്ഞ് വെച്ചിരിക്കുന്ന രണ്ട് സഹോദരന്മാരെക്കുറിച്ച്.....**



ഇക്കഴിഞ്ഞ ആഗസ്റ്റ് മാസം പഴയ ഡൽഹിയിലെ ആകാശം പലവർണ്ണങ്ങളിലുള്ള കടലാസ് പട്ടങ്ങൾകൊണ്ട് നിറഞ്ഞിരുന്നു. റംസാൻ മാസം കൂടിയായതിനാൽ പകൽസമയം ചെലവിടാൻ പട്ടം പറത്തലുമായി ആയിരക്കണക്കിനാളുകൾ പട്ടം പറത്തുന്ന വിനോദത്തിൽ ഏർപ്പെടുന്നു. അവധിദിനങ്ങളിലെ സ്ഥിരം കാഴ്ചയാണ് പഴയ ഡൽഹിയിലെ ഈ പട്ടം പറത്തൽ.

പൊതുവെ നിരുപദ്രവകരം എന്നുതോന്നുന്ന ഈ വിനോദം പക്ഷേ ആകാശത്തിന്റെ യഥാർത്ഥ അവകാശികളായ പക്ഷികളുടെ അന്തകനാവുന്നു. പട്ടം പറത്താൻ ഗ്ലാസ്തരി പിടിപ്പിച്ച ചരടിൽ കുരുങ്ങി ചിറകരിഞ്ഞും, ദേഹം മുറിഞ്ഞും നൂറുകണക്കിന് പക്ഷികൾ നിലംപതിക്കുന്നത് പക്ഷേ ചൗരി ബസാറിലെ ഷെഹ്സാദും സൗദും എന്ന സഹോദരൻമാരുടെ കണ്ണുനനയിച്ചുതുടങ്ങിയത് 15 വർഷം മുമ്പാണ്. മുറിവേറ്റ ഒരു പക്ഷിയുമായി ജെയിൻ ബേർഡ് ഹോസ്പിറ്റലിൽ എത്തി ചിറകും എല്ലും ഒടിഞ്ഞുതൂങ്ങിയ പറവയ്ക്ക് ഡോക്ടർ പ്രഥമ ശുശ്രൂഷ നൽകി. അണുബാധ കൂടാതെ ഷെഹ്സാദും സൗദും ചേർന്ന് പരിരക്ഷിച്ചു. പക്ഷികളെ ശുശ്രൂഷിക്കാൻ പല മാർഗ്ഗങ്ങളും തേടി ഒടുവിൽ സ്വന്തം വീട്ടിലെ മട്ടുപ്പാവിൽ പക്ഷികൾക്കായി ഒരു ആശുപത്രി തന്നെ അവർ സ്ഥാപിച്ചു.

വായിച്ചും ചോദിച്ചും വിവരങ്ങൾ ശേഖരിച്ച് അത്യാവശ്യം ശുശ്രൂഷാ സൗകര്യങ്ങളുമായി പക്ഷികൾക്കായി ഒരു ആതുരാലയം അങ്ങനെ യാഥാർത്ഥ്യമായി. പക്ഷികൾക്ക് താവളമായി മട്ടുപ്പാവിൽ പ്രത്യേക സൗകര്യവുമുണ്ട്. മക്കളുടെ പക്ഷി സ്നേഹത്തിൽ ആദ്യം അസ്വസ്ഥത കാട്ടിയെങ്കിലും മാതാവ് സുൽത്താന ഇപ്പോൾ സഹായത്തിനുണ്ട്. കുടുംബ ബിസിനസ്സിൽ നിന്ന് കിട്ടുന്ന വരുമാനത്തിൽ നിന്ന് പ്രതിമാസം 5,000 രൂപ പക്ഷി ശുശ്രൂഷയ്ക്കായി ചിലവാക്കുന്നു. യാതൊരു ധനസഹായവും സ്വീകരിക്കുന്നില്ല. കറകളഞ്ഞ ജീവിസ്നേഹം മാത്രം മൂലധനം. പട്ടംപറത്തൽ സീസൺ ആയാൽ തിരക്കാവും. ചിലവ് പതിനായിരം രൂപ വരെയാകും.

ഗ്ലാസ്തരി പിടിപ്പിച്ച കോട്ടൺ നൂൽ നിരോധിക്കാൻ പൊതുതാൽപര്യ ഹരജി കൊടുക്കാൻ ആലോചിക്കുകയാണിപ്പോൾ. "പട്ടം പറത്തലിന് ഞങ്ങൾ എതിരല്ല. ഉപയോഗിക്കുന്ന അപകടകാരിയായ നൂലിന് പകരം സാധാരണ നൂൽ ഉപയോഗിച്ചോട്ടെ" സഹോദരൻമാർ പറയുന്നു. എന്നാൽ നൂറുകണക്കിന് തൊഴിലാളികൾ ജോലി ചെയ്യുന്ന ചെറുകിട വ്യവസായം ഏതാനും പക്ഷികൾ ചാവുന്നതിന്റെ പേരിൽ പൂട്ടാൻ അനുവദിക്കില്ലെന്ന് വ്യവസായികളും പറയുന്നു.

# ഗ്രോസ് നാഷണൽ ഹാപ്പിനസ് ദേശീയ പ്രതിശീർഷ സന്തോഷം

**വളർച്ചയെന്നാൽ സാമ്പത്തികം മാത്രമല്ല, ആനന്ദം കൂടിയാവണമെന്ന പുതിയ കാഴ്ചപ്പാടിനെക്കുറിച്ച്**

ജി.ഡി.പി, ജി.എൻ.പി എന്നിങ്ങനെ സാമ്പത്തിക/വരുമാന സൂചകങ്ങൾ എല്ലാവർക്കും പരിചിതമാണ്. എന്നാൽ ഭൂട്ടാനിൽ അവരുടെ സാമ്പത്തികഘടന അളക്കുന്നത് പ്രതിശീർഷ ആനന്ദ സൂചിക (PHI) ഉപയോഗിച്ചാണ്. സന്തോഷവും സമാധാനവും ഉണ്ടാവുമ്പോഴേ യഥാർത്ഥ വളർച്ച ഉണ്ടാവൂ എന്നും സന്തോഷത്തോടെയുള്ള സാമ്പത്തിക വളർച്ച മാത്രമാണ് കണക്കിലെടുക്കേണ്ടത് എന്നുമുള്ള ചിന്തയാണ് പ്രതിശീർഷ ആനന്ദം എന്ന സൂചികയ്ക്കു പിന്നിൽ. പരമ്പരാഗത സാമ്പത്തിക വികസന സൂചിക കേവല സാമ്പത്തിക വളർച്ച മാത്രം കണക്കിലെടുക്കുമ്പോൾ സമൂഹത്തിന്റെ സമഗ്രമായ വികാസവും വളർച്ചയും കണക്കിലെടുക്കുന്നതാണ് ഗ്രോസ് നാഷണൽ ഹാപ്പിനസ് ഇൻഡക്സ്.

ആകെ ദേശീയ ആനന്ദത്തിന്റെ 4 അടിസ്ഥാന ഘടകങ്ങൾ-1) സുസ്ഥിര വികസനം, 2) സാംസ്കാരിക മൂല്യം, 3) പരിസ്ഥിതി, 4)ക്ഷേമ ഭരണകൂടം ഇവയാണ്. കേവലം വരുമാനം കൂടിയതുകൊണ്ടോ, നിക്ഷേപം കൂടിയതുകൊണ്ടോ, ഭൗതികനേട്ടം കൊണ്ടോ യഥാർത്ഥ ആനന്ദം ഉണ്ടാവണമെന്നില്ല എന്ന് തിരിച്ചറിഞ്ഞുകഴിഞ്ഞിരിക്കുന്നു. അവിടെയാണ് പ്രതിശീർഷ ആനന്ദം കണക്കാക്കുന്നതിന്റെ പ്രസക്തി.

---

*......ഒരു റോംഗ് നമ്പർ*

ഞങ്ങൾ എത്രമാത്രം പരസ്പരം സ്നേഹിച്ചിരുന്നു എന്ന് എനിക്കാ നിമിഷം ബോധ്യമായി. ഞങ്ങൾ പങ്കുവെച്ച സന്തോഷം, സൗഹൃദം അത് എത്രമാത്രം ഞങ്ങളുടെ ജീവിതത്തെ സമ്പന്നമാക്കി.

അഡോൾഫിന്റെ ചിരി ഞാൻ ഒരിക്കൽക്കൂടി കേട്ടു. ഞാൻ ആ ശബ്ദം ഒരിക്കൽക്കൂടി കേട്ടു. അഡോൾഫ് മന്ത്രിക്കുന്നു "റോംഗ് നമ്പർ" അഡോൾഫ് വീണ്ടും ചോദിക്കുന്നു "എന്നെ എന്തിനാണ് നിങ്ങൾ വീണ്ടും വിളിക്കുന്നത്..!"

സ്നേഹിക്കുകയും സ്നേഹിക്കപ്പെടുകയും ചെയ്യുന്നതിൽ നിന്ന് കിട്ടുന്ന ആനന്ദം ഞങ്ങൾ അനുഭവിക്കുകയായിരുന്നു. "അഡോൾഫ്, അതൊരു റോംഗ് നമ്പറായിരുന്നില്ല. ശരിയായ നമ്പർ തന്നെയായിരുന്നു."



# സി.എഫ്.എൽ വിളക്കുകളും മീനാ മാത്താ രോഗവും

ഊർജ്ജം സംരക്ഷിക്കേണ്ടതാണ് എന്ന കാര്യത്തിൽ തർക്കമില്ല. അതിന്റെ പേരിൽ കൊടിയ മാരകവിഷം മണ്ണിലും ജലത്തിലും പടർത്തുന്നത് വലിയ ഒരു അപകടത്തെയല്ലേ വിളിച്ചുവരുത്തുക?

അഡ്വ.പി.എ. പൗരൻ

വൈദ്യുതി ലാഭിക്കാം എന്ന് പ്രചരിപ്പിക്കപ്പെടുകയും ഇന്ന് വ്യാപകമായി ഉപയോഗിക്കപ്പെടുകയും ചെയ്യുന്ന സി.എഫ്.എൽ ലാംപുകളും (കോംപാക്റ്റ് ഫ്ളൂറസന്റ് ലാംപ്) കൊടിയ വിഷമാണ് പ്രസരണം ചെയ്യുന്നത് എന്ന വസ്തുത ഗൗരവപൂർവ്വം കാണേണ്ടിയിരിക്കുന്നു.

ഇതിനോടകം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് 1 കോടി 60 ലക്ഷം സി.എഫ്.എൽ ലാംപുകളാണ് സൗജന്യമായി ജനങ്ങൾക്ക് വിതരണം ചെയ്തുകഴിഞ്ഞത്. പ്രാദേശിക മാർക്കറ്റുകളിലൂടെ പ്രതിവർഷം മറ്റൊരു 40 ലക്ഷം സി.എഫ്.എൽ ബൾബുകൾ കൂടി മലയാളികൾ മാത്രം വാങ്ങിയിട്ടുണ്ട് എന്ന് കണക്കാക്കിയാൽ 2 കോടി സി.എഫ്.എൽ ലാംപുകൾ ഒരു വർഷം കേരളത്തിൽ വിറ്റഴിക്കപ്പെടുന്നു എന്ന് കണക്കാക്കാം. ഒരു ബൾബിൽ 4 മില്ലിഗ്രാം എങ്കിലും രസം അഥവാ മെർക്കുറി ഉണ്ട് എന്നത് ശാസ്ത്രീയമായി അംഗീകരിക്കപ്പെട്ട വസ്തുതയാണ്. മെർക്കുറി ജീവന് അപായം വരുത്തുന്ന കൊടിയ വിഷമാണ് എന്നും നമുക്കറിയാം. സി.എഫ്.എൽ ബൾബുകളിൽ നിന്നുള്ള റേഡിയേഷൻ ചിലരിലെങ്കിലും അലോസരവും അലർജിയും ഉണ്ടാക്കുന്നു എന്നതും സത്യമാണ്. ഒരു സി.എഫ്.എൽ ബൾബിന്റെ ശരാശരി ആയുസ് 1 വർഷമായിരിക്കെ 2 കോടി ബൾബുകളെങ്കിലും നാം വർഷം തോറും ചവറ്റുകുട്ടയിലേക്കെറിയുന്നു.

ഒരു ബൾബിൽ 4 മില്ലിഗ്രാം മെർക്കുറി ഉണ്ടാവുമ്പോൾ 80 കിലോഗ്രാം മെർക്കുറിയാണ് നാം മണ്ണിലേക്ക്, ജലാശയങ്ങളിലേക്ക്, പുഴകളിലേക്ക്, പരിസരത്തിലേക്ക് തള്ളിവിടുന്നത്! ഇതുണ്ടാക്കുന്ന മാരകമായ ആരോഗ്യപ്രശ്നങ്ങളെക്കുറിച്ച് ആരോഗ്യവിദഗ്ധരോ, ബന്ധപ്പെട്ട അധികാരികളോ ശ്രദ്ധിക്കേണ്ടതല്ലേ?
ഊർജ്ജം സംരക്ഷിക്കേണ്ടതാണ് എന്ന കാര്യത്തിൽ തർക്കമില്ല. അതിന്റെ പേരിൽ കൊടിയ മാരകവിഷം മണ്ണിലും ജലത്തിലും പടർത്തുന്നത് വലിയ ഒരു അപകടത്തെയല്ലേ വിളിച്ചുവരുത്തുക?

ഈ സാഹചര്യത്തിൽ ജപ്പാനിലെ മീന മാത്താ ദ്വീപിൽ ഉണ്ടായ ദുരന്തം ചേർത്തുവായിക്കേണ്ടതാണ്. മെർക്കുറി ഉല്പാദിപ്പിക്കുന്ന ഫാക്ടറിയിൽ നിന്നും പുറന്തള്ളുന്ന മെർക്കുറി കലർന്ന മാലിന്യങ്ങൾ ജപ്പാൻ ഉൾക്കടലിലേക്ക് എളുപ്പത്തിൽ പുറന്തള്ളുകയായിരുന്നു. കടലിലെ ചെറുസസ്യങ്ങൾ, പായലുകൾ, ഏകകോശജീവികൾ ഇവ ഭക്ഷിക്കുന്ന മത്സ്യങ്ങളിലേക്കും മത്സ്യങ്ങൾ ഭക്ഷിക്കുന്ന പൂച്ചകൾ അടക്കമുള്ള ജീവികൾക്കും മാരകമായ വിഷം പ്രസരണം ചെയ്യപ്പെട്ട് ആരോഗ്യമുള്ള പൂച്ചകൾ പെട്ടെന്ന് കൈകാലിട്ടടിച്ച് മരിച്ചുവീഴുന്നത് സാധാരണമായപ്പോഴാണ് ജനം ഈ രോഗബാധ ശ്രദ്ധിച്ചത്. ആ രോഗത്തിന് ദ്വീപിന്റെ പേരായ 'മീനമാത്താ' രോഗം എന്ന് പേരും നൽകി. മെർക്കുറി ഫാക്ടറിയിൽ നിന്നുള്ള മാലിന്യമാണ് ഇതിന് കാരണമായത് എന്ന് തിരിച്ചറിയാൻ നീണ്ട 25 വർഷക്കാലം വേണ്ടിവന്നു.

ഈ മണ്ണിൽ ജീവജാലങ്ങൾ നിലനിൽക്കാൻ വേണ്ടത് കൂടുതൽ ജാഗ്രതയും ആലോചനയുമാണ്.

പഴയ മെഴുകുതിരിയുടെയും മണ്ണെണ്ണ വിളക്കിന്റെയും ഇരുളതയിലേക്ക് തിരിച്ചുപോകണം എന്നല്ല പറഞ്ഞു വരുന്നത്. സാങ്കേതികവിദ്യയും പരിസ്ഥിതിക്ക് ചേരുന്ന വിധവും സമന്വയിപ്പിച്ച് ശുഷ്കാന്തിയോടെ ഇടപെടണം എന്ന മുന്നറിയിപ്പിലേക്കാണ് വിരൽ ചൂണ്ടുന്നത്.
ഈ മണ്ണിൽ ജീവജാലങ്ങൾ നിലനിൽക്കാൻ വേണ്ടത് കൂടുതൽ ജാഗ്രതയും ആലോചനയുമാണ്.

## കാർബൺഡൈ ഓക്സൈഡ് കുറയ്ക്കാൻ ഒരമേരിക്കൻ കുടുംബമാതൃക!

ആഗോള താപനത്തിന് കാരണമായ കാർബൺഡയോക്സൈഡിന്റെ അളവ് കുറയ്ക്കാൻ എന്തെല്ലാം മാർഗ്ഗങ്ങൾ ഉണ്ടെന്ന് ലോകം ആരായുന്നതിനിടയിൽ ഒരു അമേരിക്കൻ കുടുംബം കാണിച്ച മാതൃക ഈയടുത്ത് മാധ്യമശ്രദ്ധ നേടുകയുണ്ടായി. അമേരിക്കയിലെ പെൻസിൽവാനിയായിലെ റാൻഡി വിൽസണും ടാമി വിൽസണുമാണ് വാർത്തയിലെ കുടുംബം. ലോകത്തിലെ ആദ്യത്തെ കാർബൺ ക്രെഡിറ്റ് വിൽപനക്കാർ എന്നാണ് മാധ്യമങ്ങൾ ഈ ദമ്പതികളെ വിശേഷിപ്പിച്ചത്.

കാർബൺഡയോക്സൈഡിന്റെ അളവു കുറയ്ക്കാൻ പ്രയാസം നേരിടുമ്പോൾ അവർ മറ്റാരെങ്കിലും ചെയ്യുന്ന കാർബൺ കുറയ്ക്കൽ പ്രവർത്തനത്തിന്റെ ചിലവ് വഹിക്കുന്നതാണ് കാർബൺ ക്രെഡിറ്റ്. കാർബൺ ക്രെഡിറ്റ് ഇനത്തിൽ ഈ കുടുംബത്തിന് ലഭിച്ചത് പതിനേഴ് ഡോളറാണ്.
ഒരു അമേരിക്കൻ ഭവനത്തിൽ വൈദ്യുതി ഉപഭോഗം വഴി 30 ടൺ കാർബൺഡയോക്സൈഡാണ് പ്രതിവർഷമുണ്ടാകുന്നത്.

തങ്ങളുടെ വൈദ്യുത വിതരണക്കമ്പനി 30-40 % നിരക്കുവർദ്ധന ഏർപ്പെടുത്താൻ പോകുന്നതറിഞ്ഞ് വിൽസൺ ദമ്പതികൾ ഞെട്ടിപ്പോയി. എന്നാൽ ഞെട്ടിത്തരിച്ചിരിക്കാൻ നിൽക്കാതെ അവർ ബദൽ വഴികൾക്കുള്ള ശ്രമങ്ങളാരംഭിച്ചു.


ജനലുകൾക്ക് മാറ്റം വരുത്തി വീട്ടിനുള്ളിൽ പരമാവധി കാറ്റും വെളിച്ചവും കടത്തി. കമ്പ്യൂട്ടർ, ഡി വി ഡി, ടി.വി എന്നിവ ഉപയോഗിക്കാത്തപ്പോൾ സ്വിച്ച് ഓഫ് ചെയ്യാൻ ശീലിച്ചു. ഇലക്ട്രിക് ഡ്രയറിൽ തുണി ഉണക്കാനിടുന്നത് വെറും പത്തുമിനിട്ടാക്കി. പിന്നെ അയയിൽ വിടർത്തിയിട്ടു. മകന്റെ ചൂടുവെള്ളക്കിടക്ക എടുത്തുമാറ്റി. എല്ലാം ചെറിയ കാര്യങ്ങൾ. ശേഷം പേജ് 27 ൽ

ലിറ്റിൽമാസിക 16 ലക്കം തപാലിൽ കിട്ടാൻ 100 ...
അയക്കുക.
*വിലാസം : ലിറ്റിൽമാസിക, ചുങ്കത്തറ പി.ഒ.*
*മലപ്പുറം - 679334*

February 2011 Postal Reg.No. KL/MJI/82/2010-2011
RN. 67322/94 registered with the
Registrar of News Papers for India New Delhi, Rs. 10.00

## പുസ്തകം രമണമഹർഷി പതിപ്പ് പുറത്തിറങ്ങി.

മഹർഷിയുമായുള്ള സംഭാഷണങ്ങളും
മഹർഷിയെക്കുറിച്ചുള്ള ലേഖനങ്ങളും
അപൂർവ്വ ചിത്രങ്ങളും.




അടുത്ത ലക്കം ഓഷോ പതിപ്പ്
പുസ്തകം - ഒരു ദാർശനിക പ്രസിദ്ധീകരണം

ബന്ധങ്ങൾക്ക്: പുസ്തകം മാസിക,
കോർജാൻ കോളനി,
പള്ളിക്കുന്ന് പി.ഒ.,
കണ്ണൂർ - 4.
ഫോൺ: 9847088444

"ശരിയായ വിപ്ലവം പുറത്തല്ല..
അകത്താണ് നടക്കേണ്ടത്"

---

## Journal of Small Things




## Little Masika

സാധാരണവും ചിരപരിചിതവുമായ ജീവിത പരിസരങ്ങൾ, അനുഭവങ്ങൾ, ജീവജാലങ്ങൾ, ചെറിയ മനുഷ്യർ.... എത്ര പറഞ്ഞാലും എഴുതിയാലും തീരാത്ത സാധാരണത്തത്തിന്റെ കലർപ്പില്ലാത്ത അനുഭവങ്ങൾ അന്വേഷിക്കുന്നു.

Chungathara P.O. Malappuram Dt. Pin: 676334